RURAL INFORMATION BUREAU

# ഗ്രാമഭൂമി

2021 ജനുവരി-ഫെബ്രുവരി
പുസ്തകം 44 ലക്കം 1

ദ്വൈമാസിക





# തിരയാം
## ചില തിരിച്ചറിവുകളെ...

# മാതൃകയാവാം ശരിയായ മാലിന്യസംസ്കരണ ശീലങ്ങളിലൂടെ

## ജൈവമാലിന്യം

അടുക്കളമാലിന്യം, കാർഷിക അവശിഷ്ടം, ഇലയും പുല്ലും മൃഗാവ ശിഷ്ടം തുടങ്ങിയവ

- ഭക്ഷണസാധനങ്ങൾ പാഴാക്കാതെ, മിച്ചം വരുന്നത് വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും ആഹാരമായി നൽകാം. അധികമുള്ളത് വളക്കുഴിയിൽ നിക്ഷേപിച്ചോ, അതിന് സ്ഥലമില്ലെങ്കിൽ കിച്ചൺ ബിൻ, റിംഗ് കമ്പോസ്റ്റിങ്, പൈപ്പ് കമ്പോസ്റ്റിങ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ജൈവസംസ്കരണ ഉപാധികൾ വഴിയോ കമ്പോസ്റ്റ് ആക്കാം.
- കാർഷികാവശിഷ്ടങ്ങളും ഇലയും പുല്ലും കത്തിക്കാതെ അവ കുഴി കമ്പോസ്റ്റിങ്, തുമ്പൂർ മുഴി കമ്പോസ്റ്റിങ് സംവിധാനത്തിലൂടെ കമ്പോസ്റ്റ് ആക്കി മാറ്റാം.

## അജൈവ മാലിന്യങ്ങൾ

**പ്ലാസ്റ്റിക്**

- സാധനങ്ങൾ പായ്ക്ക് ചെയ്ത് കിട്ടുന്ന പ്ലാസ്റ്റിക്കുകൾ അഴുക്ക് കളഞ്ഞ് ചാക്കിൽ സൂക്ഷിക്കാം. അഴുക്കുള്ളവ 3 വശങ്ങൾ കീറി, കഴുകി വൃത്തിയാക്കി ഒരു കമ്പിയിൽ കൊരുത്ത് ഇടുക. ഉണങ്ങുമ്പോൾ ചാക്കിൽ സൂക്ഷിക്കുക
- പഴകിയ പ്ലാസ്റ്റിക് പേന, റീഫില്ലുകൾ, പല്ല് തേയ്ക്കുന്ന ബ്രഷ്, മരുന്ന് സ്ട്രിപ്പുകൾ, പഴകിയ ചീർപ്പ്, പാൽ കവറുകൾ, പ്ലാസ്റ്റിക് കുപ്പികൾ അടപ്പുകൾ ഫ്ളക്സ് ബോർഡുകൾ, പ്ലാസ്റ്റിക് ക്യാരി ബാഗ്, പഴകിയ പ്ലാസ്റ്റിക് കസേര, നിറമുള്ള പ്ലാസ്റ്റിക് കുപ്പികൾ, കപ്പ്, പ്ലേറ്റ്,അലൂമിനിയം ഫോയിൽ പേപ്പർ, മറ്റ് പ്ലാസ്റ്റിക് ഉൽപന്നങ്ങൾ എന്നിവ വൃത്തിയാക്കി സൂക്ഷിച്ച് യഥാസമയം ഹരിത കർമ സേനയ്ക്കോ പാഴ്‌വസ്തു വ്യാപാരികൾക്കോ കൈമാറാം

**പേപ്പർ**

കാർഡ്ബോർഡുകൾ, ന്യൂസ് പേപ്പറുകൾ, ബുക്കുകൾ, മാസികകൾ, ബില്ലുകൾ, ടിക്കറ്റുകൾ, തുണ്ട് കടലാസുകൾ, പേപ്പർ ബാഗുകൾ, ബോക്സുകൾ, കാർഡുകൾ, എൻവലപ്പുകൾ തുടങ്ങിയവ പ്രത്യേകം സൂക്ഷിച്ച് ഹരിത കർമ്മസേനയെ ഏൽപ്പിക്കാം.

**ഇ-മാലിന്യം**

- ഫ്യൂസ് ആയ ട്യൂബ് ബൾബ്, കേടായ കാൽക്കുലേറ്റർ, റിമോട്ട്, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി.വി, എൽഇഡി/സിഎഫ്എൽ ലാമ്പുകൾ, സ്വിച്ചുകൾ, മിക്സി, ബാറ്ററി തുടങ്ങിയവ തരം തിരിച്ച് യഥാസമയം ഹരിതകർമസേന വഴിയോ അതത് കമ്പനികൾ സജ്ജമാക്കിയിട്ടുള്ള ശേഖരണ സംവിധാനത്തിലൂടെയോ ഉൽപന്നങ്ങൾ അതത് കമ്പനിയിലേക്കോ അവർ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയിട്ടുള്ള അംഗീകൃത പുന:ചംക്രമണക്കാരിലേക്കോ എത്തുന്നു എന്ന് ഉറപ്പാക്കുക
- ഇപിആർ നിയമപ്രകാരം ഇ-മാലിന്യങ്ങൾ സംസ്കരിക്കേണ്ടത് ഉൽപ്പാദകന്റെ ഉത്തരവാദിത്തമാണ്.

**മറ്റുള്ളവ**

- നമുക്ക് ഉപയോഗമില്ലാത്തതും എന്നാൽ മറ്റുള്ളവർക്ക് ഉപയോഗപ്പെടുന്നതുമായ വീട്ടുപകരണങ്ങൾ, തുണികൾ തുടങ്ങിയവ സ്വാപ് ഷോപ്പുകൾക്ക് കൈമാറുക.
- ചിരട്ട, തൊണ്ട്, പ്ലൈവുഡ്, തടിക്കഷ്ണങ്ങൾ തുടങ്ങിയവ പ്രത്യേകം സൂക്ഷിച്ച് ഹരിത കർമ സേനയ്ക്ക് കൈമാറുക. കരിയിലയും മറ്റ് ചവറുകളും കത്തിക്കാതെ വളമാക്കി മാറ്റുക.

തരം തിരിയ്ക്കാം വീടുകളിൽ
കൈമാറാം ഹരിതകർമ്മസേനയ്ക്ക്

ഹരിതകർമ്മസേനയുടെ സേവനത്തിന് തദ്ദേശസ്വയംഭരണ
സ്ഥാപനവുമായി ബന്ധപ്പെടുക

ഹരിതകർമ്മസേനയുടെ സേവനം ലഭ്യമല്ലാത്ത ഇടങ്ങളിൽ തരംതിരിച്ചവ
പാഴ് വസ്തുക്കൾ വ്യാപാരികൾക്ക് കൈമാറുക




**വിശദവിവരങ്ങൾക്ക് – ശുചിത്വ മിഷൻ**
സ്വരാജ്ഭവൻ, ബേസ് ഫ്ളോർ (-1)
നന്തൻകോട്, കവഡിയാർ പി.ഒ, തിരുവനന്തപുരം -695003
0471-2319831, 0471-2316730/sanitation.sm@kerala.gov.in
iec.sm@kerala.gov.in/www.sanitation.kerala.gov.in
https://www.facebook.com/SuchitwaMissionkerala/

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2021 ജനുവരി-ഫെബ്രുവരി
പുസ്തകം 44
ലക്കം 1

## എഡിറ്റോറിയൽ

# തിരയാം ചില തിരിച്ചറിവുകളെ...

സാഹിത്യവും ജീവിതവും ഇടകലർന്ന് കിടക്കുന്ന ഒരു സാംസ്കാരിക ഭൂമികയാണ് നമ്മുടേത്. ജീവിതത്തെ വൈവിധ്യമാർന്ന കോണുകളിലൂടെ നോക്കിക്കണ്ട എഴുത്തുകാർ മലയാളത്തിന് ഒട്ടനവധി പേരുണ്ട്. അവർ അന്നേ തിരിച്ചറിഞ്ഞ പ്രാപഞ്ചിക സത്യങ്ങൾക്ക് ഇന്നും സൂര്യവെളിച്ചത്തിന്റെ ശോഭയാണ്. ജീവിതഗന്ധിയായ സാഹിത്യകൃതികളിൽ നിന്ന് ഒട്ടേറെ നല്ല സിനിമകൾ പിറവിയെടുക്കാൻ അത് കാരണമായി. വായിക്കുന്നവരുടെ, കാണുന്നവരുടെ ഉൾച്ചിന്തകളിലേക്ക് മിന്നൽപോലെ കടന്നുകയറിയ തിരിച്ചറിവുകളുടെ ഉൾക്കാമ്പുകൾ ഒരു സമൂഹത്തെ ഒന്നാകെ നവോത്ഥാനത്തിലേക്ക് നയിക്കുവാൻ കാരണമായി. ഇന്നത്തെ സാഹിത്യത്തിലും സിനിമയിലും ഒരു വലിയ പരിധി വരെ പുതിയ തലമുറയ്ക്ക് അന്യമാകുന്നതും ആ തിരിച്ചറിവുകളുടെ മിന്നൽ പിണരുകളാണ്. അത്തരം ഉണർവുകൾ പകരുമ്പോൾ മാത്രമാണ് സാഹിത്യവും കലയും സിനിമയുമൊക്കെ അതിന്റേതായ ധർമ്മം സത്യസന്ധമായി നിർവഹിക്കുക. അത്തരം തിരിച്ചറിവുകളിലേക്ക് ഒരോർമപ്പെടുത്തലിനാണ് ചില എഴുത്തുകാരിലൂടെ ഈ ലക്കത്തിൽ ഞങ്ങൾ ശ്രമിക്കുന്നത്.

അജിതാദാസ്
ചീഫ് എഡിറ്റർ



ഉപദേശക സമിതി ചെയർമാൻ: വി.ആർ. വിനോദ് ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
അംഗങ്ങൾ വി.എസ്. സന്തോഷ്കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 ● കെ. വനജ കുമാരി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-2
● ഡോ. പി.കെ. സനിൽ കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY ● എം.കെ. ഉഷ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
● ഡി. സുധ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി ● ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
● ദിവ്യ ഡെപ്യൂട്ടി ഡയറക്ടർ (P&M) ● സബീഹ പി.എം, സീനിയർ ഫിനാൻസ് ഓഫീസർ ● നജീബ് .എച്ച് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ അജിതാദാസ് ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
എഡിറ്റർ ധന്യ .എസ് കാംപെയ്ൻ ഓഫീസർ അസിസ്റ്റന്റ് എഡിറ്റർ സി. പ്രശാന്ത് അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ റ്റി. സനൽകുമാർ മാനേജർ കവർ & ലേ-ഔട്ട് രതീഷ് കുമാർ rash8590070404@gmail.com

ഓഫീസ് റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ

## മനുഷ്യാവകാശം

ഏറെ പുരോഗതി നേടിയെന്ന് നാം അഭിമാനിക്കുമ്പോഴും, ജാതി-മത- ലിംഗ- നിറ വ്യത്യാസങ്ങളുടെ പേരിൽ മനുഷ്യൻ മനുഷ്യനെ സ്പ ർധയോടെ കാണുന്ന പ്രവണതകൾ ഇന്നും കൂടിക്കൂടി വരികയാണ്. എ തിർശബ്ദങ്ങളെ നിശ്ശബ്ദമാക്കാൻ ഭരണകൂടങ്ങൾ പ്രയോഗിക്കുന്നതും മനുഷ്യാവകാശ ലംഘനങ്ങളിലൂന്നി യുള്ള പ്രവർത്തനങ്ങളാണ്.ഏറെ കാലിക പ്രസക്തിയുള്ള ഈ വിഷ യത്തെ വളരെ വിശദമായിത്തന്നെ വിലയിരുത്തുന്ന പ്രൗഢഗംഭീരമായ ലേഖനമായിരുന്നു, കഴിഞ്ഞ ലക്കം ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച 'ആരുടെ മനുഷ്യാവകാശം'. ലേഖ നം എഴുതിയ ഷിജു ഏലിയാസിന് അഭിനന്ദനങ്ങൾ.

ചന്ദ്രശേഖരൻ.പി.ജെ, ആനാട്

## പ്രണാമം

സർവ്വ ചരാചരങ്ങളുടേയും വ്യഥകൾ തന്റേതു കൂടിയാണന്നു കരുതുകയും അവയെക്കുറിച്ച് എഴു തുകയും ചെയ്ത മലയാളത്തിന്റെ പുണ്യമായിരുന്നു സുഗതകുമാരി. അനീതികൾക്കെതിരെ തൂലികയി ലൂടെ മാത്രമല്ല, നേരിട്ട് സമരമുഖ ത്തിറങ്ങിയ അത്യപൂർവ്വ വ്യക്തിത്വ വുമായിരുന്നു ആ കവയിത്രി.ആ സർഗ്ഗ പ്രതിഭയെ അനുസ്മരിച്ചു കൊണ്ട് അജിത് വെണ്ണിയൂർ എഴു തിയ 'പെയ്തൊഴിഞ്ഞ രാത്രി മഴ' എന്ന ലേഖനം ഹൃദ്യമായി. ആ മഹാകവയിത്രിക്ക് പ്രണാമം.

ജിസ ജയിംസ്, കാഞ്ഞിരപ്പള്ളി

## കാടിന്റെ ചിലമ്പൊലികൾ

കാലം മാറിയെങ്കിലും ഇന്നും തങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ പിന്തുടരാൻ ബദ്ധശ്രദ്ധരായ വയ നാട്ടിലെ ഗോത്ര ജനവിഭാഗങ്ങളുടെ ജീവിത ചിത്രങ്ങൾ വരച്ചിടുന്ന ലേ ഖനമായിരുന്നു രമേഷ് കുമാർ വെ ള്ളമുണ്ടയുടെ 'കാലം മറക്കുന്നു കാടിന്റെ ചിലമ്പൊലികൾ'. അഭിന ന്ദനങ്ങൾ.

സത്യൻ.വി.കെ, അമ്പലവയൽ




14 ഗ്രാമയാത്ര
ഒരു പകൽ ബാവലിയിലേക്ക് യാത്ര പോകാം
രമേഷ് കുമാർ വെള്ളമുണ്ട






## കവർസ്റ്റോറി




6 മലയാള കവിതയുടെ ഇതിഹാസം
അജിത് വെണ്ണിയൂർ

9 ഗാനരചനയിലെ സ്വർണ്ണപ്പതക്കം
സുബ്രഹ്മണ്യൻ അമ്പാടി വൈക്കം

12 ഒരു കുട്ടനാടൻ കഥാമാലിക
പ്രശാന്ത്. സി



ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ തപാലിൽ ലഭിക്കുവാൻ

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക email : ribkerala@gmail.com



ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.





## ചുമതലയേറ്റു

ശ്രീ. വി.ആർ.വിനോദ് ഐ.എ.എസ് ഗ്രാമവികസന കമ്മീഷണറായി ചുമതലയേറ്റു. തിരുവനന്തപുരം കളക്ടറേറ്റിൽ എ.ഡി.എം ആയി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.




**കവിത**
പോർബന്തറിലെ ദിവ്യസൂനം
സപ്തപുരം അപ്പുക്കുട്ടൻ

**19 എന്റെ ദേശം**
കായൽക്കരയിലെ ഗ്രാമം
സുമാ രാജേന്ദ്രൻ

**24 ഉത്സവം**
പൂരം

**26 ആരോഗ്യം**
മായങ്ങളുടെ മായാലോകം
ഗിഫു മേലാറ്റൂർ

**35 അവകാശം**
ദേശീയ സമ്മതിദായക ദിനം

**36 ടൂറിസം**
ഗ്രാമങ്ങളിലെ പോൾ ടൂറിസം കാഴ്ചകൾ
കെ. ഐ. എബിൻ

**38 ശാസ്ത്രവെളിച്ചം**







# മലയാള കവിതയുടെ ഇതിഹാസം

അജിത് വെണ്ണിയൂർ

മലയാള സാഹിത്യത്തിൽ മാനവികതയുടെ ചൂരും ചൂടും നിറച്ച കാവ്യസൂര്യൻ അസ്തമിച്ചു. ആധുനിക മലയാള കവിതയുടെ ചരിത്രത്തിൽ ഒരു യുഗാന്ത്യം. താൻ ജീവിച്ച കാലഘട്ടത്തിന്റെ ഇതിഹാസം അടയാളപ്പെടുത്തി അക്കിത്തം ചരിത്രമായി.

വിജ്ഞാനത്തിന്റെയും വിനയത്തിന്റെയും നിറകുടമായിരുന്നു ആ കവികുലപതി. സമഷ്ടിസ്നേഹത്തിന്റെ മഹാഗാഥകളായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. ഗാന്ധിയൻ ആത്മീയതയും അനുകമ്പയും അഹിംസയുമായിരുന്നു അവയുടെ അന്തർധാര. ധർമ്മത്തിന്റെ പക്ഷമാണ് എഴുത്തുകാരന്റെ പക്ഷം എന്നതായിരുന്നു എക്കാലത്തും അദ്ദേഹത്തിന്റെ നിലപാട്.

എഴുത്തിലും ജീവിതത്തിലും മാനവികതയുടെ പതാകാവാഹകനായിരുന്നു മഹാകവി അക്കിത്തം. ഗാന്ധിയൻ ജീവിതമൂല്യങ്ങളും ലാളിത്യവും മുറുകെപ്പിടിച്ച മനുഷ്യസ്നേഹി. മനുഷ്യന്റെ പക്ഷം ചേർന്ന് ചിന്തിക്കാൻ മലയാളിയുടെ മനസ്സിനെ പഠിപ്പിച്ച കവി.

അക്കിത്തം കവിതകളുടെ കേന്ദ്രബിന്ദു മനുഷ്യനാണ്; പ്രത്യയശാസ്ത്രം മനുഷ്യസ്നേഹവും. സ്നേഹമാണ് അദ്ദേഹത്തിന് ദുഃഖത്തിന്റെ ഔഷധം.

ഒരേസമയം പുരോഗമന ആശയങ്ങളെ പുൽകുകയും ഭാരതീയ ദർശനങ്ങളിൽ അഭിരമിക്കുകയും ചെയ്യുന്ന കവിബുദ്ധനെ അദ്ദേഹത്തിന്റെ കവിതകളിൽ നമുക്ക് വായിക്കാം. പാരമ്പര്യത്തിനും ആധുനികതയ്ക്കും മധ്യേയുള്ള പാലമാണ് ആ കവിതകൾ.

സ്നേഹവും സാന്ത്വനവുമാണ് അക്കിത്തം കവിതകളിലെ മാധുര്യം. ജീവിതവീക്ഷണവും ക്രാന്ത ദർശിത്വവുമാണ് അദ്ദേഹത്തിന്റെ മുഖമുദ്ര.

## സ്വയം തെളിച്ച പാത

ആത്മീയതയുടെ ആഴത്തിലുള്ള ദർശനങ്ങളും ഭാരതീയ പാരമ്പര്യത്തിന്റെ ചിന്താസരണിയും അക്കിത്തത്തെ മറ്റ് കവികളിൽ നിന്ന് വേറിട്ട് നിർത്തി. പശ്ചാത്യ അനുകരണങ്ങളുടെകെട്ടുകാഴ്ചകൾ ആഘോഷിക്കപ്പെട്ടപ്പോൾ ഭാരതീയ പാരമ്പര്യത്തിന്റെ തേരു തെളിച്ച് സ്വയം തെളിച്ച പാതയിലൂടെ

അക്കിത്തം മുന്നോട്ട് പോയി. അവഗണിക്കാൻ ശ്രമിച്ചിട്ടും അതിനു കഴിയാത്ത വിധത്തിൽ അക്കിത്തം മലയാള സാഹിത്യമണ്ഡലത്തിൽ തെളിച്ച വെളിച്ചം പോരാട്ടത്തിന്റെ ചരിത്രം കൂടിയാണ്.

സമൂഹത്തിലെ ജീർണതകൾക്കെതിരെ തൂലിക ചലിപ്പിച്ചുകൊണ്ടാണ് എട്ടാം വയസ്സിൽ അക്കിത്തം കവിതയിൽ കാലുറപ്പിച്ചത്. അതേക്കുറിച്ച് അദ്ദേഹം തന്നെ എഴുതിയത് നോക്കുക:

"അമ്പലച്ചുമരിൽ കരിക്കട്ട കൊണ്ടുവരച്ച വികൃതചിത്രങ്ങൾക്കുള്ള ഒരു താക്കീത് എന്ന നിലയിൽ ഞാൻ എഴുതി:"അമ്പലങ്ങളിലീവണ്ണംതുമ്പില്ലാതെ വരയ്ക്കുകിൽ വമ്പനാമീശ്വരൻ വന്നിട്ടെമ്പാടും നാശമാക്കിടും, ഇതെഴുതുമ്പോൾ എനിക്ക് വയസ്സ് എട്ട്. ഒപ്പമുണ്ടായിരുന്ന കൂട്ടുകാർ പറഞ്ഞു: 'ഇത് കവിതയായിട്ടുണ്ടല്ലോ... ഇതാകുമോ എന്റെ വഴി എന്ന് അന്നാണ് ആദ്യമായി ചിന്തിച്ചത്.'

## തിന്മകൾക്കെതിരേയുള്ള പോർവിളി

ഏറെ തെറ്റിദ്ധരിക്കപ്പെട്ട കവിയായിരുന്നു അക്കിത്തം. പുരോഗമനാശയങ്ങളോട് ആവേശപൂർവം ചേർന്നു നിന്നപ്പോഴും സ്ഥാനമാനങ്ങൾക്കോ സമ്പത്തിനോ വേണ്ടി തന്റെ ആദർശങ്ങളെ ഒരു പ്രസ്ഥാനത്തിനും അടിയറ വയ്ക്കാൻ അദ്ദേഹം തയ്യാറായില്ല.

സാമൂഹികജീവിതത്തിൽ വി.ടി.ഭട്ടതിരിപ്പാടും കേളപ്പജിയു മായിരുന്നു അദ്ദേഹത്തിന്റെ മാർഗദർശി. കാവ്യജീവിതത്തിൽ ഇടശ്ശേരിയും.

ജ്ഞാനപീഠം സ്വീകരിച്ചുകൊണ്ട് ചെയ്ത മറുപടിപ്രസംഗത്തിൽ അദ്ദേഹം അടിവരയിട്ടു പറഞ്ഞു:

"എന്റെ വിദ്യാഭ്യാസം മുഴുവൻ ഉണ്ടായത് ഒരർത്ഥത്തിൽ വായനയിലൂടെയും സാഹിത്യബന്ധങ്ങളിലൂടെയും സാമൂഹികബന്ധങ്ങളിലൂടെയുമാണ്. മഹാകവി ഇടശ്ശേരി ഗോവിന്ദൻനായരുമായും സാഹിത്യകാരനും സാമൂഹിക പരിഷ്കർത്താവുമായ വി.ടി.ഭട്ടതിരിപ്പാടുമായുള്ള നിരന്തര സംസർഗമായിരുന്നു ഒരർത്ഥത്തിൽ എന്റെ സർവകലാശാല. അവരുണ്ടായിരുന്നില്ലെങ്കിൽ ഞാനില്ല. എനിക്ക് കവിത എന്താണെന്ന് പഠിപ്പിച്ചുതന്നത് ഇടശ്ശേരിയാണ്. മനുഷ്യജീവിതത്തിൽ എവിടെ കുഴിച്ചാലാണ് കണ്ണീരുകിട്ടുക എന്ന് ഇടശ്ശേരി പഠിപ്പിച്ചു; സാഹിത്യകാരൻ ഒരു സാമൂഹിക ജീവികൂടിയാണെന്ന് വി.ടി.യും.

സാമൂഹികപ്രവർത്തനങ്ങളിൽ നിന്നും രാഷ്ട്രീയത്തിൽ നിന്നും മാറിനിൽക്കാൻ സാഹിത്യകാരന് കഴിയില്ല എന്ന് ഞാൻ നേരത്തേതന്നെ മനസ്സിലാക്കിയിരുന്നു. എന്റെ ആദ്യകാലകൃതികളിൽ പലതും സ്വന്തം സമുദായത്തിലെ തിന്മകൾക്കെതിരേയുള്ള പോർവിളികളായിരുന്നു. എന്നാൽ മനുഷ്യഹൃദയത്തിലേക്ക് നോക്കാത്ത സാഹിത്യം വെറും പടപ്പാട്ടുമാത്രമാണെന്ന് ഞാൻ പെട്ടെന്ന് മനസ്സിലാക്കി. അതുകൊണ്ടുതന്നെ എന്നെ ആർക്കും തീറെഴുതിക്കൊടുക്കാൻ എന്റെ മനസ്സ് സമ്മതിച്ചില്ല. അവനവനോടുള്ള ആത്മാർത്ഥതയാണ് ഏറ്റവും വലിയ സത്യം."



"ഒരു തുള്ളി കണ്ണീർക്കണം മറ്റുള്ളവർക്കായി

ഞാൻ പൊഴിക്കവെ ഉദിക്കയാണെന്നാത്മാവിൽ ആയിരം സൗരമണ്ഡലം

ഒരു ചെറുപുഞ്ചിരി ഞാൻ മറ്റുള്ളവർക്കായി

ചെലവാക്കവെ ഹൃദയത്തിലുലാവുന്നു

നിത്യനിർമ്മല പൗർണ്ണമി"

എന്നെഴുതിയ കവി

"കരിയിൻമേൽക്കുന്നു നിന്നു ചലിപ്പു താന്തകർഷകൻ: അവന്റെ കട്ടിനിഴലുണ്ടെന്റെ മാനസഭിത്തിയിൽ..." എന്ന് കൂട്ടിച്ചേർക്കുന്നു

സമകാലിക സമസ്യകളുടെ വൈരുധ്യങ്ങളിൽ മനമുരുകി 'വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം' എന്ന് പാടിയ കവി തന്നെയാണ്

'എന്റെയല്ലെന്റെയല്ലീക്കൊമ്പനാനകൾ

എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ

നിങ്ങൾതൻ കുണ്ഠിതം കാണ്മതിൽ ഖേദമു-

ണ്ടെങ്കിലും നിന്ദിപ്പതില്ലെൻ വിധിയെ ഞാൻ

ഗർഭഗൃഹത്തിലുണ്ടാശ്രിതവാത്സല്യ-

നിർഭരനായൊരാ,ളെന്റെയാ യെന്റയായ്'......എന്ന് എഴുതിയതും.

## തമസ്സല്ലോ സുഖപ്രദം

മലയാളത്തിൽ ഏറ്റവുമധികം ഉദ്ധരിക്കപ്പെടുന്ന കാവ്യശകലങ്ങളിലൊന്നാണ് 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കവിതയിലെ 'വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം' എന്നത്.

വരികളിലൂടെ മാത്രം വായിച്ചവരൊക്കയും കവിതയെയും കവിയെയും തെറ്റിദ്ധരിച്ചു. 'ഇരുട്ടിന്റെ കവി' ആയി ഒരുകൂട്ടർ അദ്ദേഹത്തെ വിശേഷിപ്പിച്ചു. പലർക്കും അദ്ദേഹം അനഭി

മതനാകുകയും ചെയ്തു.

'അരിവെപ്പോന്റെ തീയിൽച്ചെ-
ന്നീയാംപാറ്റ പതിക്കയാൽ
പിറ്റേന്നിടവഴിക്കുണ്ടിൽ –
കാണ്മൂ ശിശു ശവങ്ങളെ.
കരഞ്ഞു ചൊന്നേൻ ഞാനന്ന്
ഭാവി പൗരനോടിങ്ങനെ;
വെളിച്ചം ദുഃഖമാണുണ്ണി തമസ്സ
ല്ലോ സുഖപ്രദം'

എന്ന വരികൾ കൂടി ചേർത്ത് വായിക്കുകയാണെങ്കിൽ മാത്രമേ അതിന്റെ പൊരുൾ മനസ്സിലാവൂ

'അരിവെപ്പോന്റെ' തീയിൽ ചെന്ന് 'ഈയാംപാറ്റ' പതിച്ചപ്പോൾ കവിക്ക് പിറ്റേന്ന് കാണേണ്ടിവന്നത് ശിശു ശവങ്ങളാണ്. ഈ ദയനീയമായ കാഴ്ച കാണേണ്ടിവന്നത് തനിക്കു ചുറ്റും വെളിച്ചമായതു കൊണ്ടാണ്. തമസ്സായിരുന്നെങ്കിൽ ഈ ദുഃഖങ്ങളൊന്നും തനിക്കു കാണേണ്ടിവരില്ലായിരുന്നു.

ഇതുപോലെതന്നെ കവിഹൃദയത്തെ ആഴത്തിൽ മുറിപ്പെടുത്തിയ മറ്റൊരു കാഴ്ചയാണ്

'മോറിസും' 'ബ്യുക്കു' മൂക്കോടെ
ഗർജ്ജിച്ചുകൊണ്ട് പായവേ
ഉയരുന്നു നേർത്ത നേർത്ത
മനുഷ്യ ശിശു രോദനം.
നിരത്തിൽ കാക്ക കൊത്തുന്നു
ചത്ത പെണ്ണിന്റെ കണ്ണുകൾ;
മുലചപ്പി വലിക്കുന്നു
നരവർഗ്ഗ നവാതിഥി.

ഭീതിജനകമാണ് പൊള്ളിക്കുന്ന ഈ ദൃശ്യബിംബം. വിശാലമാണ് അക്കിത്തത്തിന്റെ കാവ്യലോകം. തിളച്ചു മറിയുന്ന കാലത്തിന്റെ വക്കിലിരുന്ന് അക്ഷരങ്ങൾ കുറിച്ച അക്കിത്തം അക്ഷരാർത്ഥത്തിൽ ഒരു വിപ്ലവകാരിയായിരുന്നു -കവിതയിലും ജീവിതത്തിലും. സാമൂഹികപ്രതിബദ്ധത കൈവെടിയാതെ കവിതയുടെ വിശുദ്ധമായ സനാതനപാരമ്പര്യങ്ങളിലേക്ക് അക്കിത്തം പറന്നുയർന്നു.

## ഇതിഹാസ കൃതികൾ

ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം, ബലിക്കല്ല്, വെണ്ണക്കല്ലിന്റെ കഥ, അമൃതഗാഥിക, ഇടിഞ്ഞുപൊളിഞ്ഞ ലോകം, അന്തിമഹാകാലം, തെരഞ്ഞെടുത്ത കവിതകൾ, കവിതകൾ സമ്പൂർണം തുടങ്ങിയ കൃതികളിലൂടെ അക്കിത്തം സഹൃദയലക്ഷങ്ങളെ ധന്യരാക്കി

അരങ്ങേറ്റം, മധുവിധു, മധുവിധുവിനുശേഷം, നിമിഷക്ഷേത്രം,



**ഏറെ തെറ്റിദ്ധരിക്കപ്പെട്ട കവിയായിരുന്നു അക്കിത്തം. പുരോഗമനാശയങ്ങളോട് ആവേശപൂർവം ചേർന്നു നിന്നപ്പോഴും സ്ഥാനമാനങ്ങൾക്കോ സമ്പത്തിനോ വേണ്ടി തന്റെ ആദർശങ്ങളെ ഒരു പ്രസ്ഥാനത്തിനും അടിയറ വയ്ക്കാൻ അദ്ദേഹം തയ്യാറായില്ല.**

പഞ്ചവർണക്കിളികൾ, മനസ്സാക്ഷിയുടെ പൂക്കൾ, വളകിലുക്കം, അഞ്ചു നാടോടിപ്പാട്ടുകൾ, ബലിദർശനം, അനശ്വരന്റെ ഗാനം, സഞ്ചാരികൾ, കരതലാമലകം, ദേശസേവിക, സാഗരസംഗീതം (സി.ആർ.ദാസിന്റെ ഖണ്ഡകാവ്യ വിവർത്തനം) എന്നിവയാണ് മറ്റ് കവിതാസമാഹാരങ്ങൾ. ഒരുകുല മുന്തിരിങ്ങ, ഉണ്ണിക്കിനാവുകൾ, കളിക്കൊട്ടിൽ എന്നീ ബാലസാഹിത്യകൃതികളും കടമ്പിൻപൂക്കൾ, അവതാളങ്ങൾ എന്നീ ചെറുകഥകളും 'ഈ ഏടത്തി നൊണേ പറയൂ' എന്ന നാടകവും ഉപനയനം, സമാവർത്തനം എന്നീ ലേഖന സമാഹാരങ്ങളും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ രചനകളാണ്. അക്കിത്തം കവിതകൾ നിരവധി ഭാരതീയ, വിദേശ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്

മലയാളത്തിലേക്ക് ആറാമത്തെ ജ്ഞാനപീഠം ആനയിച്ചിരുത്തിയ അക്കിത്തത്തിന് ജ്ഞാനപീഠം ട്രസ്റ്റി തന്നെ മൂർത്തിദേവി പുരസ്കാരം, സംസ്ഥാനസർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യഅക്കാദമി അവാർഡ്, വയലാർ അവാർഡ്, കബീർസമ്മാൻ തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 2017 പത്മശ്രീ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

## പാരമ്പര്യത്തിനും ആധുനികതയ്ക്കും മധ്യേയുള്ള പാലം

ഭാരതീയ തത്ത്വചിന്തയുടെയും ധാർമികമൂല്യങ്ങളുടെയും സവിശേഷമുദ്രകൾ വഹിക്കുന്നവയാണ് അക്കിത്തം കവിതകൾ. അളക്കാനാകാത്ത അനുകമ്പ പ്രതിഫലിക്കുന്ന ആ കവിതകൾ പാരമ്പര്യത്തിനും ആധുനികതയ്ക്കും മധ്യേയുള്ള പാലമാണ്.

ചിന്തയിലും ജീവിതത്തിലും ഗാന്ധിജിയായിരുന്നു അക്കിത്തത്തിന്റെ ധർമഗുരു. ഗാന്ധിയൻ ആത്മീയതയാണ് അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്ന മാനവീയതയുടെ അന്തർധാര. ആകാശവാണിക്കു വേണ്ടി നിരവധി വർഷം 'ഗാന്ധിമാർഗം' പരിപാടി ഒരുക്കിയ അദ്ദേഹം അതിനായി ഗാന്ധി സാഹിത്യം മുഴുവൻ വായിച്ചു. അതിനെ അവലംബിച്ച് അദ്ദേഹമെഴുതിയ 'ധർമസൂര്യൻ' എന്ന നാനൂറിലധികം ശ്ലോകങ്ങളുള്ള ഖണ്ഡകാവ്യം ഗാന്ധിജിയുടെ ജീവിതസന്ദേശസാരം ആറ്റിക്കുറുക്കിയെടുത്തതാണ്. അത വസാനിക്കുന്നത് ഇങ്ങനെയാണ്:

'ധർമസൂര്യ, ഭവാൻ മാത്രം
സത്യസൗന്ദര്യ ശക്തികൾ
ഞാനില്ലാദ്യന്തങ്ങളില്ലീ
സ്നേഹമോക്ഷപ്രദീപ്തിയിൽ
വടപത്രത്തിലെക്കാല്പ്പൂ-
ന്തേനീമ്പും ബ്രഹ്മസാരമേ
നമസ്കാരം, നമസ്കാരം
ആനന്ദമയകോശമേ'

ആ ധർമസൂര്യന്റെ കാൽപ്പാടുകൾ പിന്തുടർന്ന കാവ്യസൂര്യൻ അസ്തമിച്ചു. അങ്ങനെ ആധുനിക മലയാള കവിതയിൽ ഒരു യുഗാന്ത്യം.



# ഗാനരചനയിലെ സ്വർണ്ണപ്പതക്കം

സുബ്രഹ്മണ്യൻ അമ്പാടി വൈക്കം

ന്യൂഡൽഹിയിൽ 1972-ലെ ദേശീയ ചലച്ചിത്ര അവാർഡ് വിതരണ ചടങ്ങിന്റെ വേദി.രാജ്യത്തിന്റെ നാനാഭാഗത്തുനിന്നെത്തിയ സിനിമാരംഗത്തെ അവാർഡ് ജേതാക്കളും മറ്റു പ്രശസ്ത കലാകാരന്മാരും രാഷ്ട്രീയ നേതാക്കളും ക്ഷണിതാക്കളും നിറഞ്ഞ പ്രൗഢഗംഭീരമായ സദസ്സ്. ഇന്ത്യൻ രാഷ്ട്രപതി വി.വി.ഗിരിയും വേദിയിൽ.

അവാർഡുകൾ ഏറ്റുവാങ്ങുന്നതിന് അനൗൺസ്മെന്റ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള അവാർഡു ജേതാക്കൾ വേദിയിലെത്തി ഏറ്റുവാങ്ങുന്നു. മലയാളത്തിന്റെ സമയമായി '1972-ൽ ഇന്ത്യയിലെ ഏറ്റവും നല്ല ഗാനരചയിതാവിനുള്ള സ്വർണ്ണമെഡലിന് അർഹനായത് വയലാർ രാമവർമ്മ കേരളം, ചിത്രം 'അച്ഛനും ബാപ്പയും', സംഗീതം ജി.ദേവരാജൻ പാടിയത് കെ.ജെ യേശുദാസ്, സംവിധാനം കെ.എസ്.സേതുമാധവൻ

സദസ്സിന്റെ മുൻനിരയിൽ നിന്ന് കറുത്ത തടിച്ച ഫ്രെയിമുള്ള കണ്ണടധരിച്ച കറുത്ത കോട്ടും സ്യൂട്ടുമണിഞ്ഞ വെളുത്തു പൊക്കം കുറഞ്ഞ




വയലാറിനെ സദസ്സ് കയ്യടിയോടെ സ്വാഗതം ചെയ്തു. രാഷ്ട്രപതി വി.വി.ഗിരിയിൽ നിന്നും കനക പതക്കം വയലാർ ഏറ്റുവാങ്ങിയപ്പോൾ കേരളത്തിൽ മുൻ ഗവർണ്ണർ കൂടിയായിരുന്ന വി.വി.ഗിരി കുശലം പറഞ്ഞു. 'കൺഗ്രാജുലേഷൻ മിസ്റ്റർ വയലാർ രാമവർമ്മ, ഞാൻ പാട്ടുകേട്ടു. എനിക്കിഷ്ടമായി'.

'താങ്ക്യൂസർ'

പട്ടിണിപ്പാവങ്ങളുടെ രക്തം വീണു ചുവന്ന വയലാറിന്റെ മണ്ണിൽ നിന്നും ഇന്ദ്രപ്രസ്ഥത്തിലെ രാഷ്ട്രപതിയുടെ സവിധത്തിലോളം ചെന്ന് മലയാളത്തിന്റെ അന്തസ്സ് ഉയർത്തിയ നിമിഷം. കേരളത്തിന് ആദ്യമായി ദേശീയതലത്തിൽ ഗാനരചനയ്ക്ക് ലഭിച്ച ബഹുമതി. ഭാരതത്തിന്റെ മതനിരപേക്ഷതയ്ക്കുള്ള അംഗീകാരമാണീഗാനം.

'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി
മണ്ണു പങ്കു വെച്ചു
മനസ്സു പങ്കു വെച്ചു'

വിശ്വത്തോളം വളർന്ന മാനവികതയുടെ പ്രവാചകനായിരുന്നു വയലാർ. മനുഷ്യത്വത്തിന്റെ ശത്രു മതവും, വർഗ്ഗീയതയുമാണെന്ന് കണ്ടെത്തിയ ക്രാന്തദർശി മതത്തിന്റെ പേരിൽ പരസ്പരം പോരടിക്കുന്ന മതഭ്രാന്തന്മാരെ ഗാനങ്ങളിലൂടെ നിശിതമായി എതിർത്തിരുന്നു. സമകാലീന സംഭവങ്ങൾ പരിശോധിക്കുമ്പോൾ ഈ വരികൾ ഇന്നും പ്രസക്തമാണ്.

ഇതേ സിനിമയിൽ കേരളത്തിലെ അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, തൊട്ടുകൂടായ്മയ്ക്കും, അയിത്തത്തിനുമെതിരെ ശംഖൊലി മുഴക്കിയ നവോത്ഥാനനായകൻ ശ്രീനാരായണ ഗുരുദേവന്റെ സന്ദേശം, ശിവഗിരിയുടെ ശബ്ദമാക്കി ലോകം മുഴുവൻ വിളിച്ചറിയിച്ച മഹത്തായ

വിപ്ലവസന്ദേശം–
ഒരു മതമൊരുജാതി.... മനുഷ്യർക്കൊരുകുലമൊരു ദൈവം
ഒരുമതമൊരു ജാതി
ശിവഗിരിയുടെ ശബ്ദം
ചിന്താവിപ്ലവശബ്ദം
മണ്ണിൽ നിന്നും മനുഷ്യനെ വാർത്തൊരു മഹർഷിയുടെ ശബ്ദം

സമൂഹത്തിലും മനുഷ്യമനസ്സിലും സംഘടിത മതത്തിന്റെ വിത്തുകൾ പാകി. മനുഷ്യർ തമ്മിൽ പരസ്പരം ഏറ്റുമുട്ടി ചോരപ്പുഴയൊഴുക്കുമ്പോൾ വേദനിച്ചുകൊണ്ട് ലൈൻ ബസ്സ് സിനിമയിലെഴുതി

മതങ്ങൾ ജനിക്കും മതങ്ങൾ മരിക്കും
മനുഷ്യനൊന്നേ വഴിയുള്ളൂ–
നിത്യസ്നേഹം തെളിക്കുന്ന വീഥി സത്യാന്വേഷണ വീഥി

അമ്പലങ്ങളിലും പള്ളികളിലും മോസ്ക്കുകളിലും ദൈവത്തെ തേടി നടക്കുന്നവരെ കണ്ട് പാടി. ഈ പ്രപഞ്ചത്തിൽ സർഗസ്ഥിതികാരനായ മനുഷ്യനാണ് ദൈവം (ഓടയിൽ നിന്ന്)

മാനത്തു ദൈവമില്ല
മണ്ണിലും ദൈവമില്ല
മനസ്സിന്നുള്ളിലാണു ദൈവം

മതാചാര്യന്മാർ ഈശ്വരനെ ഹിന്ദുവും, ഇസ്ലാമും, ക്രിസ്ത്യാനിയുമാക്കി മനുഷ്യനെയും ദൈവത്തെയും അകറ്റി നിർത്തി അന്ധമായ ആചാരാനുഷ്ഠാനങ്ങളിലൂടെ ചൂഷണം ചെയ്തപ്പോൾ വയലാർ ലളിതമായി ദൈവത്തെ നിർവ്വചിച്ചു, മാനവികതയും മനുഷ്യസ്നേഹവുമാണ് ഈശ്വരൻ എന്ന് (പോസ്റ്റ്മാനെ കാണാനില്ല)

ഈശ്വരൻ ഹിന്ദുവല്ല, ഇസ്ലാമല്ല
ക്രിസ്ത്യാനിയല്ല
ഇന്ദ്രനും ചന്ദ്രനുമല്ല
വെള്ള പൂശിയ ശവക്കല്ലറയിലെ
വെളിച്ചപ്പാടുകളെ നിങ്ങൾ
അമ്പലങ്ങൾ തീർത്തു
ആശ്രമങ്ങൾ തീർത്തു
ആയിരം പൊയ്മുഖങ്ങൾ തീർത്തു.

ദരിദ്രരായ മനുഷ്യന്റെ ജീവിത പോരാട്ടങ്ങളെയും, നിസ്സഹായനായി പ്പോകുന്ന മുഹൂർത്തങ്ങളെ കണ്ട് നിരാംലംബനായ ദൈവത്തെ കണ്ട് പ്രവാചകന്മാരോട് ചോദിച്ചു (അനുഭവങ്ങൾ പാളിച്ചകൾ)

'ഈ വഴിത്താരയിൽ ആലംബമില്ലാതെ
ഈശ്വരൻ നില്ക്കുന്നു
ധർമ്മ നീതികൾ താടി വളർത്തി
തപസ്സിരിക്കുന്നു
ഈ കുരുക്ഷേത്രത്തിലായുധമില്ലാതെ
അർജ്ജുനൻ നില്ക്കുന്നു
തത്ത്വശാസ്ത്രങ്ങൾ ഏതോചിതയിൽ
കത്തിയെരിയുന്നു'.

കഴിഞ്ഞ നൂറ്റാണ്ടിൽ മാനവികത ഒട്ടുമില്ലാത്ത ജാതിവ്യവസ്ഥയും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊണ്ട് ഇരുളടഞ്ഞിരുന്ന കേരളത്തെ കണ്ട് ഹൃദയം വേദനിച്ച് വിശ്വപൗരൻ സ്വാമിവിവേകാന്ദൻ വിലപിച്ചു കേരളം കേവലം ഭ്രാന്താലയമെന്ന്. (ലോറാ നീ എവിടെ)

ഭ്രാന്താലയം - ഇതു ഭ്രാന്താലയം
പണ്ടുവിവേകാനന്ദൻ പ്രവചിച്ചു.
അതുപ്രതിദ്ധ്വനിച്ചു - പ്രപഞ്ചമാകെ
ശങ്കരൻ ജനിച്ചു ഗാന്ധിജി ജനിച്ചു
ശ്രീ നാരായണൻ ജനിച്ചു
അവരുടെ അദ്വൈത സന്ദേശങ്ങൾ ആരെ നയിച്ചു
അവരുടെ വിശ്വാസസംഹിതകൾ ആരു സ്വീകരിച്ചു.

തന്റെ ചുറ്റുമുള്ള പച്ചയായ മനുഷ്യന്റെ പോരാട്ടവും, സ്വപ്നങ്ങളും ഹൃദയരക്തത്തിൽ പടവാളിന്റെ മുന



മുക്തിഗാനങ്ങളെഴുതിയപ്പോൾ അദ്ധ്വാനിക്കുന്നവന്റെ വിപ്ലവബോധത്തിന് ഊർജ്ജമായി.

(അനുഭവങ്ങൾ പാളിച്ചകൾ)

സർവ്വരാജ്യതൊഴിലാളികളെ
സംഘടിക്കുവിൻ
സംഘടിച്ചു സംഘടിച്ചു ശക്തരാകുവിൻ!
വിയർപ്പുവിളയും വയലേലകളിൽ–
നിന്നുയർന്നതാണീ ശബ്ദം
മനുഷ്യശബ്ദം മനുഷ്യശബ്ദം

മലയാള സിനിമാഗാനരചനയിൽ കഥയുടെ സാരാംശത്തിനും, സന്ദർഭത്തിനും കഥാപാത്രങ്ങൾക്ക് പൂർണ്ണമായും ചേരണമെന്ന് വയലാർ ആഗ്രഹിച്ചിരുന്നു. ആസ്വാദകലോകം കാലം എത്ര കഴിഞ്ഞിട്ടും ഇപ്പോഴും പാടുന്നു. ചരിത്രബോധവും സാമൂഹികനിലപാടും മതവുമായി ചേർത്ത് ദാർശനിക സ്വഭാവമുള്ള നിരവധി ഗാനങ്ങൾ. കവിതയിൽ ഗാനവും ഗാനത്തിൽ കവിതയും ഒന്നാക്കിത്തീർത്ത മാന്ത്രികനായിരുന്നു വയലാർ രാമവർമ്മ.

ദൈവത്തിന്റെ രൂപത്തിൽ ഭൂമിയിലെ മനുഷ്യനെ മലയാളഗാനശാഖയിൽ വയലാർ മാത്രമാണ് കാട്ടിത്തന്നിട്ടുള്ളത്. (ചേട്ടത്തി)

വാനവും ഭൂമിയും തീയും ജലവും
വായുവും നിർമ്മിച്ച വിശ്വശിൽപ്പി
മണ്ണിലെ മനുഷ്യന്റെ അന്തരാത്മാവിൽ നീ
നിന്നിലെ നിന്നെ കൊളുത്തി വച്ചു

ഗാനരചനയ്ക്ക് ദേശീയ തലത്തിൽ സ്വർണ്ണ മെഡൽ നേടിയ ഗാനത്തെക്കുറിച്ച് പ്രശസ്ത കവിയും ഗാനരചയിതാവുമായ ജയകുമാർ. ഐ.എ.എസ്. 'വയലാർ ഗാനരചനയിലെ ഗാന്ധർവ്വം' ഇങ്ങനെ പറയുന്നു.

'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു' എന്ന വിഖ്യാതഗാനത്തിൽ മനുഷ്യർ മതങ്ങളെയും മതങ്ങൾ ദൈവങ്ങളെയുംസൃഷ്ടിച്ച്,മണ്ണുംമനസ്സുംപങ്കുവച്ചപ്പോൾ തെരുവിൽ മരിച്ചത് ദൈവമാണ് എന്ന സത്യം കവികണ്ടെത്തുന്നു. ദൈവം മരിച്ചു കഴിഞ്ഞാൽ പിന്നെ 'സത്യമെവിടെ? സൗന്ദര്യമെവിടെ? സ്വാതന്ത്ര്യമെവിടെ? എവിടെയുമില്ല. കാരണം തെരുവിൽ മരിച്ചല്ലോ സത്യവും സ്വാതന്ത്ര്യവും സൗന്ദര്യവും സ്നേഹവുമായ ദൈവം.'



വസുന്ധരയുടെ പുഷ്പങ്ങളും സന്ധ്യകളും മാനസസരസ്സും മരാളവും കൊതി തീരും വരെ ആസ്വദിക്കാൻ കഴിയാതെ ഈ ഭൂമിയിൽ നിന്നും മൺമറഞ്ഞ വയലാറിന്റെ ഈ വരികൾ മനുഷ്യനുള്ള കാലത്തോളം ഇനിയും കാലമെത്ര കഴിഞ്ഞാലും സമൂഹത്തിന് മാനവികതയുടെ, നന്മയുടെ, സ്നേഹത്തിന്റെ വെളിച്ചം പകർന്നു കൊണ്ടേയിരിക്കും.

ചക്രവർത്തിനിയിലും, സീമന്തിനിയുടെ ചൊടികളിലും, ഏഴുചിറകുള്ള തേരിലും, സാമ്യമകന്നോരുദ്യാനത്തിലും, പ്രളയപയോധിയിലും, ശബരിമലയിലെ തങ്കസൂര്യോദയത്തിലും, സന്ധ്യമയങ്ങും നേരത്തിലും, അദ്വൈതം ജനിച്ചനാട്ടിലും, സന്യാസിനിയിലും, ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരത്തിലും തുടങ്ങി വയലാർ




എഴുതിയ ഏതു ഗാനമെടുത്താലും വരികളിൽ കവിതതുളുമ്പുന്ന കാവ്യഭംഗി സമന്വയിപ്പിക്കുവാൻ കഴിഞ്ഞ അസാമാന്യ ഗന്ധർവ്വ കവിയായിരുന്നു വയലാർ. കവിത സൃഷ്ടിക്കുന്ന വാങ്മയ ചിത്രങ്ങൾ മറ്റൊരു ഗാനരചയിതാവിലും കണ്ടെത്താൻ കഴിയില്ല. പണ്ഡിത ശ്രേഷ്ഠനും, കവിയുമായിരുന്ന എൻ.വി കൃഷ്ണവാരിയർ 'വയലാർ കവിതകളും ഗാനങ്ങളും' എന്ന സമാഹാരത്തിലെഴുതി:

"കവിതയ്ക്ക് നഷ്ടമായതെന്തോ അത് ഗാനത്തിന് നേട്ടമായിത്തീർന്നു. ഗാനങ്ങളെ അദ്ദേഹം കവിതകളാക്കി മാറ്റി ശബ്ദസൗകുമാര്യത്തോടൊപ്പം ആശയസൗന്ദര്യവും അവയിൽ നിറച്ചു. വയലാറിനെ കേരളത്തിലെ ഏറ്റവും ജനപ്രിയനായ കവിയാക്കിയത് ഒരു പക്ഷെ, കവിതകളേക്കാളേറെ അദ്ദേഹത്തന്റെ ഗാനങ്ങളായിരുന്നു" (പേജ് 1001)

"ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം
ഇന്ദ്രധനുസ്സിൽ തൂവൽ കൊഴിയുംതീരം
ഈ മനോഹര തീരത്തുതരുമോ
ഇനിയൊരു ജന്മം കൂടി–എനിക്കിനിയൊരു ജന്മംകൂടി'..

ഈ മനോഹര ഭൂമിയിൽ ജീവിച്ച് കൊതിതീരാതെ 47 വയസ്സാകും മുമ്പ് 1975 ഒക്ടോബർ 27 ന് മുഴുവൻ മലയാളിയെയും കണ്ണീരിലാഴ്ത്തികടന്നു പോയെങ്കിലും മണ്ണും മനുഷ്യനുമുള്ള കാലത്തോളം വയലാറിന് മരണമില്ല.●

# ഒരു കുട്ടനാടൻ



**പരമ്പരാഗത നോവൽ ആഖ്യാന സമ്പ്രദായങ്ങളെയെല്ലാം മാറ്റിമറിക്കുന്ന സമാനതകളില്ലാത്ത ആഖ്യാനമാണ് 'മീശ'. പലപല വായനകൾക്ക് സാധ്യതയുള്ള ഒരു കൂട്ടം കഥകളുടെ അടരുകളാണ് ഈ നോവലിന്റെ പ്രധാന സവിശേഷത.**

പ്രശാന്ത്.സി

വടക്കൻ കുട്ടനാടിന്റെ ഭൂമികയിലൂടെ ഒരു നാടിന്റെ മിത്തും ചരിത്രവും എല്ലാം കോർത്തിണക്കി എസ്. ഹരീഷ് രചിച്ച നോവലാണ് 'മീശ'. വൈക്കം, അയ്മനം, ആർപ്പൂക്കര, കൈപ്പുഴ, നീണ്ടൂർ, കുമരകം, തിരുവാർപ്പ്, ഒളശ്ശ, പരിപ്പ്, കുറിച്ചി എന്നീ പ്രദേശങ്ങളും അവയുടെ ഉൾപ്രദേശങ്ങളുമാണ് നോവലിലെ ദേശം.

പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളാണ് നോവലിന്റെ കാലം. ശ്രീ. നാരായണ ഗുരു, ഹെൻറി സായിപ്പ്, ബേക്കർ സായിപ്പ്, സ്വാതിതിരുനാൾ, ഉത്രം തിരുനാൾ എന്നിവരെക്കുറിച്ചും 'പാട്ടബാക്കി' നാടകത്തെക്കുറിച്ചും 1099 ലെ വെള്ളപ്പൊക്കത്തെക്കുറിച്ചുമൊക്കെ നോവലിൽ പരാമർശമുണ്ട്. ആദിമധ്യാന്തപ്പൊരുത്തമുള്ള ഒരു കഥ പറച്ചിലല്ല ഈ നോവൽ. ചിതറിക്കിടക്കുന്ന ഒരു കൂട്ടം കഥകളിലൂടെയാണ് നോവൽ വികസിക്കുന്നത്.

കഥ കേൾക്കാൻ കൗതുകമുള്ള തന്റെ മകനോട് കഥാകാരൻ പറയുന്നതുപോലെയാണ് നോവലിന്റെ ആഖ്യാനം. മകനോടു പറയാൻ പറ്റുന്നത്, പറ്റാത്തത് എന്ന വേർതിരിവൊന്നുമില്ലെന്നുപറഞ്ഞ് എഴുത്തുകാരൻ തന്റെ സ്വാതന്ത്ര്യത്തെ ഉറപ്പിക്കുന്നുമുണ്ട്. പഞ്ചതന്ത്രം, കഥാസരിത് സാഗരം, രാമായണം തുടങ്ങിയ ഭാരതീയ കഥാകഥന പാരമ്പര്യത്തിന്റെ ഒരു തുടർച്ച തന്നെയാണ് 'മീശ'. ചരിത്രത്തെ പരാമർശിക്കുമ്പോൾ പരമ്പരാഗത ശൈലി ഉപേക്ഷിച്ചുകൊണ്ടു തന്നെ ഇവിടെയുണ്ടായിരുന്ന ജാതീയതയുടെ യാഥാർത്ഥ്യങ്ങൾ നോവൽ ശക്തമായി ആവിഷ്കരിക്കുന്നു.

'മീശ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വാവച്ചൻ എന്ന കേന്ദ്രകഥാപാത്രത്തിന്റെജീവിതത്തിലൂടെയാണ് നോവലിന്റെ പ്രമേയ വികാസം. കുട്ടനാട്ടിലെ ചോഴിയപ്പാറപ്പാടത്തിന്റെ കെട്ടുവരമ്പിൽ താമസിക്കുന്ന പവിയാന്റെയും ചെല്ലയുടേയും ആറു മക്കളിൽ മൂന്നാമനാണ് വാവച്ചൻ. പാടത്തും വരമ്പത്തും ആറ്റിലുമൊക്കെയാണ് അവന്റെ ജീവിതം. ശ്രീരാമന്റെ ജാതകം ആണെന്നു പറയുന്നുണ്ടെങ്കിലും രാവണനെപ്പോലെയുള്ള കഥാപാത്രമാണ് വാവച്ചൻ. മുഖത്ത് രോമം മുറ്റിത്തഴച്ചു വളർന്നിരുന്ന, കറുത്ത നിറമുള്ള പുലയൻ വാവച്ചനെ 'കുടിയാൻ' എന്ന നാടകത്തിലെ പോലീസുകാരന്റെ വേഷം അഭിനയിക്കാനായി സംവിധായകൻ എഴുത്തച്ഛൻ തെരഞ്ഞെടുക്കുന്നു. മീശപ്പോലീസായി വാവച്ചൻ അരങ്ങിലെത്തുമ്പോൾ, നാടകത്തിൽ പരാമർശമില്ലെങ്കിലും, കാര്യസ്ഥന്റെ വേഷമിട്ട ആൾ അവനെക്കണ്ട് ഓച്ഛാനിച്ചു നിന്നുപോയി. മീശപ്പൊലീസിന്റെ ഭാവഹാവാദികൾ കാണികളെ അത്ഭുതപ്പെടുത്തി. അയാളുടെ അലർച്ചയും അമറലും മൂളലുമൊക്കെ അവരെ ഭയപ്പെടുത്തി. നാടകശേഷവും കഥാപാത്രത്തിൽ നിന്ന് മോചനം നേടാൻ വാവച്ചന് കഴിയുന്നില്ല. നാടകത്തിലെ പൊലീസുകാരൻ, വാവച്ചന്റെ ജീവിതത്തിൽ നിന്നും പിൻവാങ്ങിയെങ്കിലും ആ കഥാപാത്രത്തിന്റെ ആത്മാവായ മീശ, വാവച്ചനൊപ്പം കൂടി. മീശ വളരുന്നതിനൊപ്പം വാവച്ചനെക്കുറിച്ചുള്ള കഥകളും കെട്ടുകഥകളും പെരുകിക്കൊണ്ടേയിരുന്നു. ആ കഥകളിലൂടെയും കെട്ടുകഥകളിലൂടെയുമാണ് നോവലിന്റെ സഞ്ചാരം.

മനുഷ്യരുടെ കഥകൾ മാത്രമല്ല, മൃഗങ്ങളുടേയും പക്ഷികളുടെയും സസ്യജാലങ്ങളുടേയും പലവിധ കഥകൾ നിറഞ്ഞു കിടക്കുകയാണ് നോവലിൽ. ഗന്ധർവ്വനും ദേവിയും യക്ഷിയും പൂതവും, ഗതികിട്ടാത്ത ആത്മാക്കളും നിറഞ്ഞാടിയിരുന്ന

# കഥാമാലിക








നമ്മുടെ നാട്ടിൽ ചരിത്രരേഖകളിലില്ലാത്ത ഇത്തരം കെട്ടുകഥകൾക്കു പിന്നിൽ ചില സങ്കടങ്ങളുമുണ്ടാകും. സ്നേഹം കിട്ടാതെ മൺമറഞ്ഞവരുടേയും പട്ടിണി കിടന്നു മരിച്ചവരുടേയും കഥയാണത്. ഇവരുടെ കഥ കൂടിയാണ് ഈ നോവൽ. 'പാമ്പുകൾ' എന്ന അധ്യായത്തിൽ വെള്ളപ്പൊക്കത്തിനുശേഷം ഒഴുകി വരുന്ന മൃതദേഹങ്ങളിൽ പുഴുക്കൾ പോലെ പുളയുന്ന പാമ്പുകളെ വാവച്ചൻ കാണുന്നു. വെള്ളിവരയൻ, വില്ലൂന്നി, ശംഖുവരയൻ, ചുരുട്ട, അണലി, വെളളിക്കെട്ടൻ, മൂർഖൻ, രാജവെമ്പാല തുടങ്ങി പലയിനം പാമ്പുകൾ ഈ അധ്യായത്തിൽ മാത്രമല്ല, നോവലിന്റെ പല ഭാഗങ്ങളിലും സ്വൈരവിഹാരം നടത്തുന്നുണ്ട്. ചായമുണ്ടി. പുള്ളിക്കാടക്കൊക്ക് മണൽക്കോഴി, താറാവ് കാൽമണ്ണാത്തിപ്പക്ഷി, നീർക്കാക്ക, പരുന്ത്, തുപ്പലുകൊത്തി, കുളക്കോഴി, താമരക്കോഴി, പളളത്തി, കാരി, മത്തി, സ്രാവ്, കല്ലേരണ്ട, കരാമ, വെള്ളാമ, സ്വാമിത്തുമ്പികൾ, ചുട്ടിനിലത്തന്മാർ, ഈനാംപേച്ചി തുടങ്ങിയ ജീവജാലങ്ങളുടെ സമൃദ്ധി കണ്ട് സന്തോഷിക്കാവുന്ന നോവലുകൂടിയാണ് മീശ.

സവിശേഷ സ്വഭാവ വിശേഷങ്ങളോടു കൂടിയ ചെറുതും വലുതുമായ നിരവധി കഥാപാത്രങ്ങൾ നോവലിലുണ്ട്. എല്ലാവരും പേടിച്ച മീശയെ പേടിക്കാത്ത സീത എന്ന കഥാപാത്രമാണ് സ്ത്രീ കഥാപാത്രങ്ങളിൽ ശ്രദ്ധേയം. നോവലിന്റെ തുടക്കത്തിൽത്തന്നെ, വാഴക്കുല വെട്ടാൻ വന്ന പവിയാനേയും വാവച്ചനേയും അവൾ തെറിപറഞ്ഞോടിക്കുന്നുണ്ട്. ഒന്നിനേയും പേടിക്കാത്ത അവൾ, കുത്തുന്ന കാളയെക്കണ്ടാലും മുതുകു തടവിനോക്കും. മലയായിലേക്കുള്ള വഴിയും അന്വേഷിച്ചു നടന്ന മീശവാവച്ചൻ വിശപ്പു സഹിക്കാതെ സീതയുടെ വീട്ടിൽക്കയറി കഞ്ഞിക്കലത്തിൽ നിന്നും കഞ്ഞിയെടുത്തു കുടിക്കുമ്പോൾ, ഓടി വന്ന സീത അയാളെ അടിക്കുകയും മാന്തുകയും ചെയ്യുന്നു. അപ്പോഴവൻ അവളെ ബലമായി കീഴ്പ്പെടുത്തുന്നു. അവശയായ അവളെ വാവച്ചൻ പോയതിനുശേഷം ആരോ തട്ടിക്കൊണ്ടുപോകുന്നു. വാവച്ചനെ അവളുടെ ഗന്ധം അലോസരപ്പെടുത്തുന്നു. മലയായേയും സീതയേയും അന്വേഷിച്ച് അയാൾ യാത്ര തുടങ്ങുന്നു. നോവലിന്റെ ഒരു പ്രധാന ഘടകമാണ് ഈ സീതാന്വേഷണം.

പരമ്പരാഗത നോവൽ ആഖ്യാന സമ്പ്രദായങ്ങളെയെല്ലാം മാറ്റിമറിക്കുന്ന സമാനതകളില്ലാത്ത ആഖ്യാനമാണ് 'മീശ'. പലപല വായനകൾക്ക് സാധ്യതയുള്ള ഒരു കൂട്ടം കഥകളുടെ അടരുകളാണ് ഈ നോവലിന്റെ പ്രധാന സവിശേഷത. കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങൾ പോലെ കഥകളും മിത്തും യാഥാർത്ഥ്യവും ചേർത്തു നിർമ്മിച്ച ഭൂമികയാണിത്. അതിനുമൊക്കെയപ്പുറത്ത്, വിറങ്ങലിച്ചുപോയ ഒരുപാട് ജീവിതങ്ങളും വിശപ്പും കാണാം.



# ഒരു പകൽ ബാവലിയിലേക്ക് യാത്ര പോകാം

രമേഷ് കുമാർ വെള്ളമുണ്ട

തിരുനെല്ലിക്കാടുകൾക്കരികിലൂടെ നീണ്ടു പോകുന്ന പാതയിൽ കഴിഞ്ഞുപോയൊരു മഴക്കാലം പച്ചപ്പ് വരച്ചിരിക്കുന്നു. വെയിൽ പടർന്ന് ഇടതൂർന്ന കാടുകളിൽ നിന്നും തലനീട്ടി വളർന്ന വൃക്ഷ ശിഖരങ്ങൾക്ക് താഴെ വഴിയാകെ തണൽ. വയനാട് നിന്നും ഒരു ദിവസത്തേക്ക് ഒരു യാത്രപോകാനുള്ള ഇഷ്ടങ്ങൾ ഈ റൂട്ടിലേക്കാണ് വഴികാണിച്ചത്. ഗൂഗിൾ മാപ്പിന്റെ സഹായമില്ലാത്ത ഈ യാത്രയാണ് അത്രയും ആസ്വാദ്യകരം. മാനന്തവാടിയിൽ നിന്നും കാട്ടിക്കുളം ബാവലി വഴിയാണ് യാത്ര തീരുമാനിച്ചത്. കാട്ടിക്കുളം അങ്ങാടി കഴിഞ്ഞ ഉടൻ തന്നെ വനത്തിലേക്കാണ് പാത നീണ്ടു പോയത്. ഇനിയങ്ങോട്ട് ഇരുവശവും കാട് മാത്രമുള്ള കാഴ്ചകൾ. ഒരേ സമയം മനസ്സിന് കുളിരും കൗതുകവും വന്യജീവികളുടെ സാമീപ്യം പ്രതീക്ഷിക്കുന്ന ആകാംക്ഷകളുടെ നിമിഷങ്ങൾ. കാടിനൊരു കുളിരുണ്ട്. നഗരത്തിരക്കിൽ നിന്നും വീർപ്പുമുട്ടി വരുന്നവരെ നിമിഷ നേരം കൊണ്ട് തണുപ്പിക്കാൻ കഴിയുന്ന അപാരത. ഒട്ടും ചോർന്നിട്ടില്ലാത്ത വയനാടൻ കുളിരനുഭവങ്ങളിൽ ഇന്നും ബാക്കിയായതിൽ ചിലതാണ് ഈ കാടും പങ്കുവെക്കുന്നത്. കടുത്ത വേനലിൽ പോലും ഇലപൊഴിക്കാതെ കലഹിച്ചു നിന്ന മരങ്ങൾ ധാരാളമുള്ള കാടുകൾ. ഈ കാടുകളാണ് വയനാടിന്റെ ഇനിയും മതിവരാത്ത കാഴ്ചകളിലേക്ക് സഞ്ചാരികളെ കൂട്ടിക്കൊണ്ടുപോവുക.

ഒരു വനയാത്രികൻ ആരായിരിക്കരുത് എന്നെല്ലാം ഓർമ്മപ്പെടുത്തുന്ന സൂചക ബോർഡുകളെ പിന്നിട്ട് വലിയ വളവുകൾക്കപ്പുറം കാട് തീരുന്നില്ല. വയനാട് വന്യജീവി സങ്കേതത്തിന്റെ ഭാഗമായുള്ള വനനിരകളാണണിത്. ഇന്ത്യയിലെ ഏറ്റവും വലിയ കാട്ടാനകളുടെ സങ്കേതമായ ഈ കാടുകൾക്കരികിൽ ഏതു സമയവും തലയാട്ടി നിൽക്കുന്ന കാട്ടാനകളെ പ്രതീക്ഷിക്കാം. മാനുകൾ യഥേഷ്ടം മേയുന്ന പാതയോരങ്ങൾ പതിറ്റാണ്ടുകളായി അഭ്യന്തര സഞ്ചാരികളുടെയും സഞ്ചാരമാർഗ്ഗമാണ്. കടുവകളെയും ഇപ്പോൾ പ്രതീക്ഷിക്കണം. കടുവകൾ വംശവർദ്ധനവ് നടത്തുന്ന ഇന്ത്യയിലെ ബഫർ സോണായി ഈ കാടിനെയും അടയാളപ്പെടുത്തിയിട്ടുണ്ട്.

പാതയുടെ പഴക്കം ചോദിച്ചാൽ കൃത്യമായ ഉത്തരം ലഭിക്കണമെന്നി



ല്ല. എങ്കിലും ടിപ്പുസുൽത്താന്റെ പടയോട്ടവുമായി ഈ പാതയ്ക്ക് ബന്ധമുണ്ട്. ടിപ്പുവാണ് ഘോരവനങ്ങൾ കടന്ന് വയനാട്ടിലക്ക് ഇതുവഴി ഒരു സഞ്ചാരപാത തുറന്നത്. വയനാടിന്റെ വനാതിർത്തികൾ പിന്നിടുന്നതോടെ ബാവലി എന്ന വനഗ്രാമത്തിലേക്കാണ് വാതിൽ തുറക്കുക. കൃത്യമായി പറഞ്ഞാൽ ബാവലി ഘോര വനങ്ങൾക്കിടയിലെ ചെറു അങ്ങാടിയാണ്. വനത്തിനുള്ളിലൂടെ കിലോമീറ്ററുകൾ താണ്ടി വരുന്ന യാത്രികരുടെ ഇടത്താവളം. ടിപ്പുസുൽത്താൻ പണിത ഒരു പാലവും അതിനോട് ചേർന്ന് നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ആൽമരവും അതിന് സമീപം ഒരു മുസ്ളീം പള്ളിയും. ഇതായിരുന്നു ബാവലിയുടെ മുമ്പ് കാലത്തെ കാഴ്ച. ഇപ്പോൾ അങ്ങാടി ആകെ മാറി. മൂന്നോളം ഹോട്ടലുകളും പലചരക്ക് കടയും ചെക്ക് പോസ്റ്റും ഓട്ടോറിക്ഷ സ്റ്റാൻഡുമെല്ലാം ഇവിടെയുണ്ട്. കേരള-കർണ്ണാടക അതിർത്തിയിലെ ഈ ഗ്രാമം ഇപ്പോഴും തനിമകളെയെല്ലാം ചേർത്തു പിടിക്കുന്നുണ്ട്. ഇവിടെ ഈ ഗ്രാമത്തിൽ അൽപ്പ നേരം വിശ്രമിച്ചായിരിക്കും ഇതുവഴി എത്തിപ്പെടുന്ന സഞ്ചാരികളുടെയെല്ലാം പോക്കു വരവുകൾ.

## രണ്ടായി മുറിയുന്ന പാതകൾ

രാത്രിയും പകലും രണ്ടായി മുറിയുന്ന ഈ പാത ബാവലിയെയും നേർ പകുതിയാക്കി മാറ്റിക്കളഞ്ഞു. ദക്ഷിണേന്ത്യയിൽ ആദ്യമായി രാത്രി യാത്ര നിരോധനം വന്ന അന്തർ സംസ്ഥാന പാതയാണിത്. ഗുണ്ടൽപേട്ട മുത്തങ്ങ ദേശീയ പാതയിൽ രാവിലെ ആറുമുതൽ വൈകിട്ട് 9 വരെയാണ് വാഹനങ്ങൾ കടത്തിവിടുക എങ്കിൽ ബാവലിയിൽ രാവിലെ ആറുമുതൽ വൈകിട്ട് ആറുവരെയാണ് വാഹനങ്ങൾ കടത്തിവിടുക. ആറുമണിക്ക് ശേഷം ഈ റൂട്ടിലൂടെ ഒരു വാഹനവും കർണ്ണാടകയിലേക്കും കേരളത്തിലേക്കും കടത്തിവിടില്ല. കർശനമാണ് ഈ നിയന്ത്രണം. ഈ നിയന്ത്രണങ്ങളാണ് ബാവലിയുടെ സ്വപ്നങ്ങളെയും രണ്ടായി പകുത്തു കളഞ്ഞത്. മാനന്തവാടിനിന്നും ഹാൻഡ് പോസ്റ്റ് വഴി മൈസൂരിലേക്കുള്ള എളുപ്പവഴിയാണിത്. അതുകൊണ്ട് തന്നെ പകൽ സമയങ്ങളിൽ ധാരാളം വാഹനങ്ങൾ ഇതു വഴി കടന്നുപോകുന്നു. എന്നാൽ മറ്റു റൂട്ടുകളെക്കാൾ താരതമ്യേന തിരക്ക് കുറഞ്ഞ പാതകൂടിയാണിത്. ഇതെല്ലാം ഇതു വഴിയുള്ള യാത്രകൾക്ക് ഹരം പകരുന്നു.





ബാവലിയിലെ ചരിത്ര പ്രസിദ്ധമായ പാലം കടന്നാൽ കർണ്ണാടകയിലേക്കുള്ള പ്രവേശന കവാടമായി. നാഗർഹോള കടുവ സങ്കേതത്തിന്റെ ഭാഗമായ രാജീവ് ഗാന്ധി ദേശീയ ഉദ്യാനമാണിത്. ഈ ഉദ്യാനത്തിനെ നെടുകെ മുറിച്ചു കൊണ്ടാണ് ബാവലി മൈസൂർ അന്തർദേശീയ പാത നീണ്ടു പോകുന്നത്. വീതി കുറഞ്ഞതാണെങ്കിലും നൂലു പിടിച്ചതുപോലെ നീണ്ടു പോകുന്ന പാത കാടിനെ അടുത്തറിഞ്ഞു കൊണ്ടുള്ള യാത്രികർക്ക് പ്രിയപ്പെട്ടതാണ്. ബാവലി മുതൽ ഹാൻഡ് പോസ്റ്റ് വരെ 46 കിലോമീറ്റർ ദൂരമാണ് ഏറെ ആസ്വാദ്യകരം. ഈ യാത്രയിൽ മുക്കാൽഭാഗവും വനത്തിനുള്ളിലൂടെയാണ് യാത്ര ചെയ്യേണ്ടി വരിക.

ഇടയ്ക്കിടെയുള്ള ഹമ്പുകളെ പിന്നിട്ട് കാട്ടിലേക്ക് നോട്ടമെറിഞ്ഞു കൊണ്ടുള്ള ഈ യാത്ര ദക്ഷിണേന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ കാട്ടാനകൾ ആവാസമുറപ്പിച്ച കാടുകൾക്കിടയിലൂടെയാണ്. കാട്ടാനകൾ മാത്രമല്ല കടുവകൾവരെയും മുന്നിൽപ്പെട്ടേക്കാം. കാടെന്നെ കലവറയിലേക്കുള്ള ഓരോ നോട്ടവും ആകാംക്ഷകളും ഒരേ സമയം ഭീതിയും നിറഞ്ഞതാണ്. ചെക്ക് പോസ്റ്റിൽ നിന്നും തുടക്കത്തിൽ വാഹന നമ്പറും സമയവും രേഖപ്പെടുത്തിയ ഒരു സ്ലിപ്പ് ലഭിക്കും. വനം കഴിയുന്നിടത്ത് കാരാപ്പുറയിലെ ചെക്ക് പോസ്റ്റിൽ ഈ സ്ലിപ്പ് തിരികെ ഏൽപ്പിക്കണം. കാടിനുള്ളിലൂടെ കടന്നുപോയ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുക എന്നതിലുപരി കാട് പിന്നിടാൻ ഓരോ വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള സമയം പാലിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ കർണ്ണാടക വനം വകുപ്പ് പരിശോധിക്കും. അത്രയധികം വന നിയമങ്ങൾ ഇവിടെ കർക്കശമാണ്. വാഹനം നിർത്താനോ വഴിയിൽ ഇറങ്ങി വന്യമൃഗങ്ങളെ ഉപദ്രവിക്കാനോ പാടില്ല. വാഹനങ്ങളിൽ നിന്നുള്ള കാഴ്ചകൾ മാത്രം.

ബാവലി ചെക്ക് പോസ്റ്റ് കഴിഞ്ഞ് വാഹനം നീങ്ങുമ്പോൾ റോഡിൽ വളരെയധികം തിരക്ക് കുറവ്. വർഷങ്ങൾക്ക് മുമ്പ് വരെ പൊട്ടിപ്പൊളിഞ്ഞു കിടന്നിരുന്ന റോഡ് ഈയടുത്താണ് മൊത്തം ടാറിങ്ങ് നടത്തി നവീകരിച്ചത്. അന്തർ സംസ്ഥാന പാതയായിട്ടും ഒരു ബസ്സിന് കടന്നു പോകാൻ കഴിയുന്ന കഷ്ടി വീതി മാത്രമാണ് പാതയ്ക്കുള്ളത്. ഒരു നേർരേഖപോലെ നീണ്ടു പോകുന്ന പാതയിൽ വാഹനങ്ങൾ അമിത വേഗതയെടുക്കാതിരിക്കാൻ മുട്ടിന് മുട്ടിന് ഹമ്പുകളുണ്ട്. വന്യ ജീവികളെ കാണാൻ കൊതിച്ചിരിക്കുന്ന സഞ്ചാരികൾക്ക് ഈ വേഗതക്കുറവ് ആസ്വാദ്യകരമാണ്. വേനലായതിനാൽ ഇരുവശത്തെ കാടുകളും ഇല പൊഴിച്ചു തുടങ്ങിയിട്ടുണ്ട്. കാട്ടു തീ പ്രതിരോധത്തിന്റെ ഒരുക്കങ്ങളെല്ലാം അവിടെയും ഇവിടെയുമായി കാണാം. മരക്കൂട്ടങ്ങൾക്കിടയിൽ ശേഷിക്കുന്ന പച്ച പുൽ നാമ്പുകൾ തേടി മാൻകൂട്ടങ്ങൾ ധാരാളമായുണ്ട്. നീണ്ടു പോകുന്ന യാത്രയിൽ ഒറ്റയായും കൂട്ടമായും കാട്ടാനകളുണ്ട്. ചിലത് റോഡ് മുറിച്ചു കടക്കുന്നതിനാൽ വാഹനങ്ങൾ നിർത്തിയിടുന്നു. കാടിന് പൊള്ളാൻ തുടങ്ങിയതോടെ തീറ്റ തേടി അലയുന്ന വന്യമൃഗങ്ങൾ വാഹനങ്ങൾ കാണുമ്പോഴേക്കും പ്രകോപിതരാണ്. ഇവയെ ശല്യപ്പെടുത്തുന്നത് തടയാൻ പ്രത്യേക പട്രോളിങ്ങും വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

## ബെള്ളയിലെ കൊമ്പൻമാർ

മതിവരാത്ത കാഴ്ചകളിൽ കാടെന്ന ലോകം പരന്നു കിടക്കുമ്പോൾ പ്രതീക്ഷകൾ അനന്തമാണ്. ഏകദേശം പാതിദൂരം കാടിനെ പിന്നിട്ടപ്പോൾ ബെള്ളെ ആനക്യാമ്പായി. റോഡരികിൽ ആനകൾക്കായുള്ള തമ്പാണിത്. മൈസൂർ രാജവംശക്കാലത്ത് പോലും രാജാക്കൻമാർ വേട്ടയ്ക്കെത്തിയ സ്ഥലമാണിത്. ഒരു കാലത്ത് പ്രൗഢിയിൽ തലയെടുപ്പോടെ നിന്നതായിരുന്നു ഇവിടുത്തെ താപ്പാനകൾ. നാട്ടിലിറങ്ങുന്ന കാട്ടാനകളെ തുരത്താനും മറ്റും ഈ കുങ്കിയാനകളെയാണ് നിയോഗിക്കുക. കാടിനുള്ളിലെ കൊല കൊമ്പന്മാരെ വിരട്ടാനുള്ള

എല്ലാ തന്ത്രവും ചട്ടപ്പടി പഠിപ്പിക്കാൻ ഇവിടെ പാപ്പാന്മാരുടെ കുടുംബങ്ങളുമുണ്ട്. തലമുറകളായി ആനപ്പാപ്പാൻപണി ജീവിതവൃത്തിയായി സ്വീകരിച്ചവരാണിവർ. ഇവർക്കായി കർണ്ണാടക സർക്കാർ ആന സങ്കേതത്തിനരികിൽ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. മൈസൂർ ദസറയിൽ തിടമ്പേറ്റുന്നതിന് ഇവിടെ നിന്നും ആനകളെ എത്തിക്കാറുണ്ട്. തലയെടുപ്പുള്ള കൊമ്പൻമാർക്ക് പേരു കേട്ടതുമാണ് ബെള്ള ആന സങ്കേതം.മുമ്പൊക്കെ എല്ലാ ദിവസവും വൈകിട്ട് നാലോടെ ഈ ആന സങ്കേതത്തിലെ ആനകൾക്കെല്ലാം മുത്താറിയും റാഗിയും നൽകുന്നത് പതിവായിരുന്നു. ഇതു കാണാൻ പന്തിക്ക് ചുറ്റും ഇതുവഴി പോകുന്ന സഞ്ചാരികളും എത്തുമായിരുന്നു. പതിന്നാലോളം ആനകളുണ്ടായിരുന്ന ഇവിടെ ഇപ്പോൾ മൂന്ന് താപ്പാനകൾ മാത്രമാണുള്ളത്. ഈ കാഴ്ചകളെയെല്ലാം പിന്നിട്ട് മുന്നോട്ട് പോകുന്തോറും കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങളെ ധാരാളം കാണാനായി. ഒടുവിൽ വനാതിർത്തിയിലെ അവസാന ചെക്ക് പോസ്റ്റെത്തിയപ്പോൾ കയ്യിൽ സൂക്ഷിച്ചിരുന്ന സ്ലിപ്പ് അവിടെ നൽകി യാത്രയെ സാധൂകരിച്ചു.





പിന്നീട് ഹാൻഡ് പോസ്റ്റിലേക്കുള്ള യാത്ര കൃഷിയിടങ്ങൾക്കരികിലൂടെയാണ്. വരണ്ട കാടുകളിൽ നിന്നും പച്ചപ്പുകൾ നിറഞ്ഞ കൃഷിയിടത്തിലേക്കായി പിന്നെയുള്ള കാഴ്ചകൾ. ചോളവും കരിമ്പും ഇഞ്ചിയും എല്ലാം വിളയുന്ന കൃഷിയിടങ്ങളാണ് ഇവിടെ നോക്കെത്താ ദൂരത്തോളം പരന്നു കിടക്കുന്നത്. ഓരോ കാലത്തും വിളകൾ മാറി മാറി കൃഷി ചെയ്യുന്ന കൃഷിയിടങ്ങൾ പലതും മലയാളികളായ കർഷകർ പാട്ടത്തിനെടുത്തതാണ്.

## കബനിയിൽ ഒരു ബോട്ടുയാത്ര

വനാതിർത്തിയിലെ പാതയിൽ നിന്നും വലത്തോട്ട് മൺ റോഡിറങ്ങിയാൽ കബനിക്കരയായി. ബീച്ചനഹള്ളിയുടെ മനോഹരമായ വൃഷ്ടി പ്രദേശമാണിത്. നോക്കെത്താ ദൂരത്തോളംപരന്ന്കിടക്കുന്നഈജലാശയം വശ്യ മനോഹര തീരമാണ്. കുറച്ച് കാലം വരെയും ഇവിടെ മറുകര കടക്കാൻ കൊട്ടത്തോണികളായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ മറുകരയിലുള്ളവർ സൊസൈറ്റി രൂപീകരിച്ച് രണ്ടു ബോട്ടുകൾ വാങ്ങി. ഈ യാത്രാ ബോട്ടിൽ ഇരുപത് രൂപ കൊടുത്താൽ ബീച്ചനഹള്ളി അണക്കെട്ട് വന്നതോടെ ഒറ്റപ്പെട്ട തുരുത്തിൽ എത്തിപ്പെടാം. ഏകദേശം നാനൂറോളം പേർ അധിവസിക്കുന്ന ഈ കരയിലെ പുറത്തേക്കുള്ള ഏക യാത്രാ മാർഗ്ഗമാണ് ഈ ബോട്ടു സർവീസ്. സഞ്ചാരികളെ സംബന്ധിച്ചിടത്തോളം ചുരുങ്ങിയ ചെലവിൽ ബോട്ടു യാത്ര ചെയ്യാനുള്ള അവസരം കൂടിയാണിത്. പതിവ് ട്രിപ്പുകളുടെ ഇടവേളകളിൽ അധിക തുക നൽകിയാൽ സ്പീഡ് ബോട്ടിൽ പ്രത്യേക സർവീസും ഇവർ സഞ്ചാരികൾക്കായി നടത്തും. ഒട്ടനവധി റിസോർട്ടുകളുടെയും തീരമാണിത്. നിരവധി പാക്കേജുകളിൽ വിദേശ വിനോദ സഞ്ചാരികളടക്കം ഇവിടെ മുടങ്ങാതെ എത്താറുണ്ട്.അണക്കെട്ടിൽ നിന്നും പിടിക്കുന്ന മത്സ്യ വിൽപ്പനയും ഈ തീരത്ത് പതിവാണ്.

വൺഡേ ട്രിപ്പ് തിരിച്ചുപോകാൻ ഇനി അധികം സമയമില്ല. വൈകിട്ട് ആറോടെ ചെക്ക് പോസ്റ്റിൽ രണ്ടിടത്തും ഗേറ്റ് അടയ്ക്കും. ഈ കാട് പിന്നിടണമെങ്കിൽ ഒരു മണിക്കൂറെങ്കിലും സമയം വേണം. ഇതിനായുള്ള ക്രമീകരണങ്ങൾ മനസ്സിൽ വേണം. വൈകുന്നേര സമയമായതിനാൽ മാനടക്കമുള്ള വന്യജീവികൾ പാതയോരത്ത് കാണാം. കാഴ്ചകളുടെ വിരുന്നിൽ നിന്നും തിരികെ ആറോടെ ഗെയിറ്റ് കടന്ന് കേരളത്തിലെ ബാവലിയിലേക്ക് പ്രവേശിച്ചു. ഭക്ഷണത്തിനും റിഫ്രഷിനും ഈ അങ്ങാടി തന്നെയാണ് ആശ്രയം. ഇനി മാനന്തവാടിയിലേക്കുള്ള വഴിയിൽ കാട്ടിക്കുളം വരെയും വനഭാഗമാണ്. നേരം ഇരുട്ടി തുടങ്ങുന്നു. ഇനിയുള്ള യാത്ര സൂക്ഷിച്ചായിരിക്കണം. കാട്ടാനകളുടെ വിഹാരഭൂമികയിൽ നിന്നും കാട്ടിക്കുളം അങ്ങാടി പ്രകാശം വിതറി തെളിഞ്ഞു വന്നപ്പോൾ കാടും ഗ്രാമങ്ങളും തൊട്ടറിഞ്ഞ ഒരു വൺ ഡേ ട്രിപ്പിന്റെ ത്രില്ലിലായിരുന്നു എല്ലാവരും. വൺ സ്റ്റോപ്പ് യാത്രകൾക്ക് പകരം വ്യത്യസ്ത അനുഭവങ്ങൾ പകരുന്ന രണ്ടു സംസ്ഥാന അതിർത്തികളിലൂടെയുള്ള സഞ്ചാര വഴികൾ നൽകുന്നത് വേറിട്ടൊരു യാത്രാനുഭവമാണ്.●



# പോർബന്തറിലെ ദിവ്യസൂനം

സപ്തപുരം അപ്പുക്കുട്ടൻ

ഇതുഗാന്ധി;
മങ്ങാത്ത സ്നേഹകാന്തി.
മനതാരിൽ അലിവിന്റെ-
ബാഷ്പഗന്ധി.

സഹനങ്ങളായിരം താണ്ടിനമ്മെ
മഹനീയ വീഥിയിൽ ആനയിച്ചോൻ.
അകതാരിലാദർശ ഗംഗതീർഥം
അണയുവോർക്കൊക്കെയും
സ്നാനഘട്ടം!

സൗഹൃദപ്പൊയ്കയിൽ മുങ്ങിവന്നാൽ
സുകൃതമായ്; ജന്മം വിശുദ്ധമായി.
പൂവുപോൽ മൃദുലം
പതിഞ്ഞശബ്ദം

സഞ്ചിതസംസ്കാര പുണ്യമൂർത്തി
ആദർശശക്തി തൻ കാന്തശക്തി
എന്തിലുമേതിലും ക്രാന്തദർശി!
സത്യധർമ്മത്തിൻ കവചമിട്ട്
ഹിംസയെ എന്നും തടുത്തു നിർത്തി
തോക്കിനെ വാക്കാൽ തടഞ്ഞുനിർത്തി
ബുദ്ധന്റെ നാട്ടിലെ നീതിസാരം!

കരുണാകടാക്ഷം ചൊരിഞ്ഞസൂര്യൻ
രുധിരം കൊടുത്തു വളർത്തി രാജ്യം
ആത്മാവിൽ ആത്മാവു ചേർത്തു വച്ചു
ലാളിത്യമെന്തെന്നു കാട്ടിനമ്മെ!

കനലെരിയുമൊരു നെരിപ്പോടുപോലെ
കദനങ്ങൾ ഉള്ളാലെ ഏറ്റുവാങ്ങി
ചുട്ടുപഴുത്ത കനൽവഴിയിൽ
ശീതവാതംപോലെയെത്തി ഗാന്ധി
പടയാളിയായ് വന്നു; പോർക്കളത്തിൽ
ആദർശം അസ്ത്രമായ് എയ്തുവിട്ടു
ലോകം നമിക്കും തപോബലത്താൽ
ആർഷസംസ്കാരം പുലർത്തിയെന്നും!

പോർബന്തറിൽ പൂത്തദിവ്യസൂനം
ലോകത്തുവാടാത്തപുണ്യമായി
കർമ്മകുശലത ഒന്നുകൊണ്ട്
ധർമ്മക്ഷേത്രത്തിന്റെ പുത്രനായി!
ഇതു ഗാന്ധി;
വിൺഗംഗപോലെ വെൺമ
ഇതു ഗാന്ധി,
കണ്ണിനു കാമ്യരൂപൻ
ഇതു ഗാന്ധി;
ഉയിരാർന്ന കർമ്മകാണ്ഡം.
ഇതു ഗാന്ധി,
നവലോകപുണ്യശില്പി!

# കായൽക്കരയിലെ ഗ്രാമം

സുമാ രാജേന്ദ്രൻ

വേമ്പനാട്ടു കായലിന്റെ ശീതളസ്പർശമേറ്റ് പാരമ്പര്യ തൊഴിലുകളായ മത്സ്യബന്ധനത്തിന്റേയും കയർ പണികളുടെയും ചെത്തു തൊഴിലിന്റെയും പലവിധത്തിലുള്ള കച്ചവടങ്ങളുടെയും ഇടം-വലം സിദ്ധികൾ ദർശിക്കുന്ന ഒരു അപൂർവ ഗ്രാമമാണ് മുഹമ്മ. 26.76 ചതുരശ്ര മീറ്റർവിസ്തീർണ്ണവും27,000ത്തോളം വരുന്ന ജനസംഖ്യയും 6000 കുടുംബങ്ങളും ഉൾക്കൊള്ളുന്ന ഗ്രാമം. കിഴക്ക് വേമ്പനാട്ടുകായലും പടിഞ്ഞാറ് കഞ്ഞിക്കുഴി പഞ്ചായത്തും തെക്ക് മണ്ണഞ്ചേരി പഞ്ചായത്തും വടക്ക് തണ്ണീർ മുക്കവുമാണ് അതിരുകൾ.

കറുത്ത കക്കയും വെളുത്ത കക്കയും അനുഗൃഹീതമായി വാഴുന്ന ജലസ്രോതസ്സാണ് വേമ്പനാട്ടു കായൽ. വളരെയേറെ മത്സ്യസമ്പത്തുണ്ടായിരുന്ന ഈ കായലിൽ ഇന്ന് മീനുകൾ മുമ്പത്തേതിലും കുറവാണ്. പരിസ്ഥിതിയിലുണ്ടാകുന്ന വ്യതിയാനങ്ങളും, കായൽജലത്തിലെ മാലിന്യങ്ങളുമാണ് മത്സ്യങ്ങളുടെ പ്രജനനത്തിന് വിഘാതം. എങ്കിലും തീരെ ചെറുതല്ലാത്ത ഈ ഗ്രാമത്തിൽ പലയിടങ്ങളിലും കക്ക നീറ്റുന്ന ചൂളകളും പഴയ കെട്ടുവള്ളങ്ങളും ഇന്നും സ്ഥാനം പിടിച്ചിട്ടുണ്ട്. അവിടവിടെ കെട്ടിയുയർത്തിയ ചീനവലകളും വള്ളപ്പുരകളും ഇന്നും പൈതൃകശേഷിപ്പായി നിലകൊള്ളുന്നു. നിരവധി പാലങ്ങളുടെയും, വലുതും ചെറുതുമായ തോടുകളുടെയും സരസ്സായ് വളർന്നു നിൽക്കുന്ന പച്ചപ്പിന്റേയും, കാട്ടുവള്ളികളുടേയുമൊക്കെ വിശദസ്ഥാനമാണീ ഗ്രാമം. വേമ്പനാട്ടുകായലിന്റെ കൈവഴിയായി സാമാന്യം വീതിയുള്ള ‘മുപ്പിരിത്തോട്‘ പടിഞ്ഞാറു നിന്നും കിഴക്കോട്ടൊഴുകിയെത്തുന്നു. ജലസംസ്കാരത്തിന്റെ വിശേഷണമായി മാറുന്നു വേമ്പനാട്ടുകായലും ഇവിടുത്തെ മനുഷ്യരും..

ഇന്ന് കായൽപ്പരപ്പിലെ ‘ജലസൗധങ്ങളായി‘ നിലകൊള്ളുന്നത് ‘വഞ്ചിവീടുകളാണ്‘. വഞ്ചിവീടുകൾ നിർമ്മിച്ചു നൽകുന്നതിൽ വിദഗ്ധരായവർ ഇവിടെയുമുണ്ട്. ആധുനിക രീതിയിൽ കിടപ്പുമുറികളും എഴുത്തുമുറികളും ശുചിമുറികളും അടുക്കളയുമുള്ള ഇരുനില വഞ്ചിവീടുകളും ഇതിന്റെ സൗഭാഗ്യങ്ങളായി നിലകൊള്ളുന്നു.

‘കായൽജലമൊട്ടിളക്കിയങ്ങനെ-
കരിവരനാർത്തുരസിക്കുമ്പോ
ലെ
കാണാംകായൽപ്പരപ്പിലങ്ങനെ-
കാമ്യകവഞ്ചികൾ, ജലസൗധങ്ങൾ‘

എന്ന് ‘ജലസൗധങ്ങൾ‘ എന്ന കവിത എനിക്കു രചിക്കുവാൻ കാരണമായ ഭാവന പ്രദാനം ചെയ്തതും ഈ വിനോദ നൗകകളുടെ രൂപ കൽപ്പനയാവാം. ഇന്ന് കൂടുതൽ വിനോദ സഞ്ചാരികൾക്ക് ഇഷ്ടം തോന്നുന്ന ഒരു യാനമാണീ വഞ്ചിവീടെന്നു പറയാം. വഞ്ചിവീടുകളുടെ നിർമ്മാണ





**നൈൽനദിയുടെ ദാനം ഈജിപ്റ്റാണെങ്കിൽ വേമ്പനാട്ടുകായലിന്റെ ദാനമാണ് പാതിരാമണൽ എന്ന ദ്വീപ്. പ്രകൃതിജന്യമായ ഈ തുരുത്ത്. ഏറെ മനോഹരമായ കാഴ്ചയാണ്.**

ത്തിലും സാന്നിദ്ധ്യത്തിലും മുഹമ്മയ്ക്ക് ഒരു പെരുമ തന്നെയുണ്ട്.

ഇങ്ങനെയാണെങ്കിലും വെള്ളപ്പൊക്ക സമയത്ത് കായൽത്തീരത്തെ നിവാസികളുടെ ജീവിതം ഏറെ ദുഷ്ക്കരമാണ്. ജലസാമീപ്യത്താൽ ദൈനംദിനജീവിതത്തിനുപോലും സാദ്ധ്യമാകാതെ വരാറുണ്ട്. 2018 ലെ പ്രളയദിനങ്ങൾ തീരദേശവാസികൾക്ക് ഏറെ ദു:സഹമായിരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിൽ വരുത്തുന്ന ജനക്ഷേമകാര്യങ്ങളായ പാർപ്പിടം, പാത, ശുദ്ധജലം, വൈദ്യുതി, ബോട്ട് സർവ്വീസ്, സർവ്വീസ് ബസ്സുകൾ, ആതുരാലയകേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, പൊതുവിപണന കേന്ദ്രങ്ങൾ, മത്സ്യവിപണന കേന്ദ്രങ്ങൾ തുടങ്ങിയവ ഏറെക്കുറെ മെച്ചപ്പെട്ട സ്ഥിതിയിലാണ്.

മുഹമ്മയിലും സമീപഗ്രാമപഞ്ചായത്തുകളിലും ഉള്ള ജൈവകൃഷി ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. ഭൗമ സൂചികയിലിടം നേടിയ കഞ്ഞിക്കുഴിപ്പയർ ഇന്ന് അഭിമാനത്തിന്റെ അടയാളമായി മാറിയിരിക്കുന്നു. ചീര, വെണ്ട, മത്തൻ, പടവലം പാവൽ, ചേന, ചേമ്പ്, കപ്പ, കാച്ചിൽ നനകിഴങ്ങ്, നാളികേരം തുടങ്ങിയ അസംഖ്യം ഫലങ്ങളും എണ്ണക്കുരുക്കളും ഉത്പാദിപ്പിക്കാൻ കഴിയുന്നു. ജൈവസമൃദ്ധിയിൽ മുഹമ്മയും ഒരു ഇടം നിലനിർത്തുന്നു. കായൽത്തീരത്തെ തെങ്ങുകൾക്കുമുണ്ട് കഥകളേറെപ്പറയുവാൻ. ജൻമിത്ത വ്യവസ്ഥയുണ്ടായിരുന്ന പഴയകാലം. മനുഷ്യൻ തന്റെ പട്ടിണി മാറ്റിയിരുന്നത് കായൽത്തീരത്തെ ഫലസമൃദ്ധിയുള്ള തെങ്ങുകളെ ആശ്രയിച്ചായിരുന്നെന്ന് പലരും പറയുന്നതു കേട്ടിട്ടുണ്ട്. കൊച്ചിയിൽ നിന്നും വൈക്കത്തു നിന്നുമൊക്കെ മനുഷ്യർ ആലപ്പുഴയിലേയ്ക്കും കൊല്ലത്തേയ്ക്കുമൊക്കെ എത്തിയിരുന്നത് വലിയ കേവുവള്ളങ്ങളിലൂടെ ആയിരുന്നല്ലൊ. കൊപ്ര, കശുവണ്ടി, അടയ്ക്ക, വെറ്റില, കുരുമുളക്, പുന്നയ്ക്ക, മറ്റു നാണ്യവിളകൾ എന്നിവയെല്ലാം കമ്പോളങ്ങളിലെത്തിക്കാൻ കെട്ടുവള്ളങ്ങളെ മാത്രമായിരുന്നു പണ്ട് ആശ്രയിച്ചിരുന്നത്. കായലും, പുഴയും സംഗമിക്കുന്നയിടം 'തോട്ടുമുഖപ്പെന്നും' 'മുഖവാരം' എന്നുമൊക്കെ മനുഷ്യർ വിളിച്ചുപോന്നു. ഈ രണ്ടഭിധാനങ്ങളെ ചേർത്ത് പലരും തങ്ങളുടെ വീട്ടുപേര് രൂപപ്പെടുത്തിയിരുന്നു. തോട്ടുമുഖത്തു വീടെന്നും,





പടിഞ്ഞാറേമുഖാരം, കിഴക്കേ മുഖാരം എന്നുമൊക്കെ വീട്ടുപേരുകളങ്ങനെയുണ്ടായി.

മുഹമ്മയിലെ ഏറ്റവും വിശേഷപ്പെട്ട ഒരു സ്ഥാനമാണ് മുക്കാൽ വെട്ടം ശ്രീ.അയ്യപ്പസ്വാമി ക്ഷേത്രത്തിനുള്ളത്. സാക്ഷാൽ അയ്യപ്പസ്വാമി, ഗുരുകുലസമ്പ്രദായത്തിൽ ആയോധനകല അഭ്യസിച്ച കളരിയും അയ്യപ്പവിഗ്രഹമുള്ള ക്ഷേത്രവും ഈ ഗ്രാമത്തിന്റെ മഹനീയത വർദ്ധിപ്പിക്കുന്നു. ഇവിടുത്തെ ക്ഷേത്രത്തിന് മുക്കാൽവെട്ടം ശ്രീ.അയ്യപ്പസ്വാമിക്ഷേത്രമെന്നാണ് വിളിപ്പേര്. അതിന്റെ ഐതീഹ്യമിങ്ങനെയാണ്-മണ്ഡലകാലമൊഴിച്ച് അയ്യപ്പസ്വാമിയുടെ സാന്നിദ്ധ്യം മുക്കാൽ ഭാഗവും ലഭിക്കുന്നയിടമെന്നാണ് എല്ലാവരും വിശ്വസിച്ചുപോരുന്നത്. മണ്ഡലകാലങ്ങളിൽ വളരെയേറെ ഭക്തരെത്തുന്നയിടമാണിത്. ശരണമന്ത്രങ്ങളാലും ആഴിപൂജയാലും മുഖരിതമാണിവിടം. പന്തളത്തുരാജാവിന്റെ വളർത്തുമകനായ ശ്രീ.അയ്യപ്പൻ, ആയോധനകല അഭ്യസിക്കുന്നതിനായിമുഹമ്മയിലെ 'ചീരപ്പൻചിറ'യെന്ന പുരാതന തറവാട്ടിലെത്തി, അവിടുത്തെ മൂപ്പീന്നിൽ നിന്നും കളരിയഭ്യാസം സ്വായത്തമാക്കിയെന്നും പറയപ്പെടുന്നു. അഭ്യാസം പൂർത്തിയാക്കി മടങ്ങിപ്പോയതിനുശേഷം മൂപ്പീന്നിനു ദർശനം നൽകുകയും തന്റെ സാന്നിദ്ധ്യം അവിടത്തന്നെയുണ്ടെന്നു കാണിക്കുകയും ചെയ്തു. അങ്ങനെ സ്വപ്നദർശനത്തിലൂടെ ശ്രീ. അയ്യപ്പൻ നിർദ്ദേശിച്ചിടത്തുതന്നെ ക്ഷേത്രം നിർമ്മിക്കുകയുമുണ്ടായി. ശബരിമലയിലെ അയ്യപ്പസ്വാമിയുടെ ഇടതുവശത്തായി സ്ഥിതിചെയ്യുന്ന മാളികപ്പുറത്തമ്മയ്ക്കും ചീരപ്പൻചിറത്തറവാടുമായി ബന്ധമുണ്ടെന്നും വിശ്വസിച്ചുപോരുന്നു. ചീരപ്പൻ ചിറയിലെ മൂപ്പീന്നിന്റെ മകളായ 'പുന്നാര്യ' യാണ് മാളികപ്പുറമായി വാഴുന്നതെന്നും പറയപ്പെടുന്നു. ഏതായാലും ചരിത്രസത്യങ്ങളും, ഐതീഹ്യങ്ങളുമിഴ ചേർന്നിരിക്കുന്നു.

മുഹമ്മയിലെ ദേവീക്ഷേത്രങ്ങളിൽ ശ്രദ്ധേയമായ ദേവീക്ഷേത്രം, 'ആര്യക്കര ശ്രീഭഗവതി'യുടേതാണ്. ഈ ക്ഷേത്രത്തിന് അഭിമുഖമായി മുഹമ്മ പോലീസ് സ്റ്റേഷൻ നിലകൊള്ളുന്നു. പ്രധാന ക്ഷേത്രങ്ങളിൽ വേറൊരെണ്ണം 'കാവുങ്കൽ ശ്രീഭഗവതീക്ഷേത്ര'മാണ്. ഈ ക്ഷേത്രം പൊന്നാട് പോസ്റ്റൽ അതിർത്തിയിലാണെങ്കിലും കൂടുതൽ ഭക്തരും മുഹമ്മനിവാസികളാണ്. പാരമ്പര്യ ചടങ്ങുകളായ പള്ളിയുണർത്തലും പന്തീരടിപൂജയും ആറുനാഴിപ്പായസവും, ഗുരുതിപൂജയുമൊക്കെയുള്ള വലിയ സങ്കൽപ്പങ്ങളുടെ കേദാരമാണീ രണ്ടു ക്ഷേത്രങ്ങളും. ആര്യക്കര ഭഗവതി വിലാസം ഹയർസെക്കൻഡറി സ്കൂളും ക്ഷേത്രത്തിന്റെ അധീനതയിൽ ഗവൺമെന്റ് എയിഡഡ് ആയി പ്രവർത്തിച്ചുപോരുന്നു. കലാ-കായികമത്സരങ്ങളിൽ പ്രകടമായ അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിദ്യാലയമാണിത്. കാവുങ്കൽ ക്ഷേത്രത്തിന്റെ അധീനതയിൽ ഒരു ആംഗലേയ വിദ്യാലയം പ്രവർത്തിക്കുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്.

മുഹമ്മയിലെ പ്രധാനപ്പെട്ട രണ്ടു ക്ഷേത്രങ്ങൾ ഇനിയും പറയാം. ഒന്ന്, ശ്രീകൃഷ്ണക്ഷേത്രം. പള്ളിക്കുന്നു മുഹമ്മ. രണ്ടാമത്തേത് മുഹമ്മ അഞ്ചുതൈക്കൽ ശ്രീധർമ്മശാസ്താ ക്ഷേത്രം. പഴക്കംകൊണ്ടും പുരാണപ്രാധാന്യം കൊണ്ടും ശ്രദ്ധേയമായ ക്ഷേത്രങ്ങളാണിത്. 'തിരുവാർപ്പിലപ്പ'ന്റെ തോഴനായിട്ടാണ് പള്ളിക്കുന്നു ശ്രീകൃഷ്ണക്ഷേത്രത്തിലെ ഭഗവാനെ സങ്കൽപ്പിച്ചു പോരുന്നത്. പണ്ടുകാലത്ത് ക്ഷേത്രകാര്യങ്ങൾക്കു മുടക്കം വന്നപ്പോൾ പള്ളിക്കുന്നപ്പനെ ഒരു വാർപ്പിനുള്ളിലാക്കി വേമ്പനാട്ടു



കായലിലൂടെ കിഴക്കോട്ട് ഒഴുക്കിവിട്ടെന്നും, വില്വമംഗലം സ്വാമിയാർ, പ്രസ്തുത വാർപ്പ് കണ്ട് അതിനുള്ളിലെ വിഗ്രഹത്തെ തിരിച്ചറിയുകയും, വാർപ്പോടുകൂടി ആ വിഗ്രഹം കോട്ടയം ജില്ലയിൽ പ്രതിഷ്ഠിക്കുകയുമുണ്ടായി. വാർപ്പിൽ നിന്നും ലഭിച്ചതിനാൽ 'തിരുവാർപ്പ്' ക്ഷേത്രമെന്ന പേരുണ്ടായി. തിരുവാർപ്പു ക്ഷേത്രത്തിലെ 'ഒഷ' യെന്ന നിവേദ്യം പ്രസിദ്ധമാണ്. ഗുരുവായൂരപ്പനേക്കാൾ മുന്നേ ഉണരുന്ന ഭഗവാനാണ് തിരുവാർപ്പില



പ്പനെന്നൊരു കേൾവിയുമുണ്ട്.

മുഹമ്മയെന്ന ഗ്രാമത്തെ സ്പർശിച്ചു നിൽക്കുന്ന മൂന്നു പ്രധാന പള്ളികളുണ്ട്. അതിൽ രണ്ടെണ്ണം ക്രിസ്ത്യൻ പള്ളികളാണ്. സുറിയാനി വംശജരുടേതായ രണ്ടു ക്രിസ്ത്യൻ പള്ളികളും പാരമ്പര്യം നിലനിർത്തുന്നവയാണ്. മുഹമ്മ ഫെറോനാപ്പള്ളിയും മുഹമ്മ കാർമ്മൽ പള്ളിയുമാണിവ. ഫെറോനാപള്ളിയുടെ അധീനതയിൽ മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരു 'സ്പെഷ്യൽ സ്കൂൾ' പ്രവർത്തിക്കുന്നുണ്ട്. ഏറെ പ്രാധാന്യമുള്ള ഒരു വിദ്യാലയമാണിത്. മോസ്ക്ക് അഥവാ മുസ്ലീം പള്ളി ഈ ഗ്രാമത്തിനു മാതൃകയായി നിലകൊള്ളുന്നു.

കാർമ്മൽ പള്ളിയുടെ തൊട്ടടുത്തായിട്ടാണ് കാർമ്മൽ ഇംഗ്ലീഷ് മീഡിയം സ്കൂളും കോളേജും സ്ഥിതി ചെയ്യുന്നത്. ഇടതുഭാഗത്തായി മദർ തെരേസാ ഹൈസ്ക്കൂളും സ്ഥിതി ചെയ്യുന്നു. അച്ചടക്കത്തിനും നല്ല പെരുമാറ്റത്തിനും ഉപരിയായി ഉയർന്ന വിജയ ശതമാനത്തിനും കേൾവികേട്ട വിദ്യാലയമാണിത്. വിദ്യാഭ്യാസ മേഖലയിൽ മുഹമ്മയെന്ന ഗ്രാമം വളരെ ശ്രദ്ധേയമാണ്. 75 വർഷങ്ങൾക്കു മുൻപേ സ്ഥാപിതമായ എൽ.പി.സ്ക്കൂളും യു.പി സ്കൂളുമുണ്ട്. എൽ.പി.സ്കൂൾ കപ്പേളാ സ്കൂൾ എന്നും യു.പി സ്കൂൾ കാവുങ്കൽ കെ.പി.എം സ്കൂളെന്നുമാണറിയപ്പെടുന്നത്. അറിവിന്റെ ആദ്യ കാൽവെയ്പുകൾ പൂർണ്ണമാക്കുന്നയിവിടം, ഗ്രാമനിവാസികളുടെ ശ്രദ്ധാ കേന്ദ്രങ്ങളാണ്.

പാവങ്ങളുടെ പടത്തലവനായ എ.കെ.ജി യുടെ പത്നീഗൃഹം മുഹമ്മയിലാണുള്ളത്. സുശീലാഗോപാലനും എ.കെ.ജിയുമായുള്ള ദാമ്പത്യത്താൽ, ആ ധീരോദാത്ത നായകന്റെ സാന്നിദ്ധ്യവും മുഹമ്മ നിവാസികൾക്ക് ലഭിച്ചു. ദാരിദ്ര്യത്തെ, അഴിമതിയെ, അനീതിയെ എതിർത്തു തോൽപ്പിക്കാൻ ഇന്നാട്ടിലെ ജനങ്ങൾക്കും ഉശിരുപകർന്ന ആ കർമ്മധീരനിലൂടെ മുഹമ്മയ്ക്കും അഭിമാനിക്കാനേറെയുണ്ടു കാര്യങ്ങൾ. എ.കെ.ജിയുടേയും സുശീലാഗോപാലന്റേയും ഇഎം.എസ്സിന്റെയുമൊക്കെ ചരമവാർഷികദിനങ്ങൾ ആചാരപരമായും ആവേശപരമായും കൊണ്ടാടപ്പെടുന്ന ഇടമാണിവിടം. ധീര-രക്തസാക്ഷികളും കർഷകരും കൂലിപ്പണിക്കാരുമായവർക്കും ഒരേപോലെ വിപ്ലവ അഭിവാദ്യങ്ങളർപ്പിക്കുന്ന ഈ മണ്ണിൽ നിന്നും അനേകം പേരാണ് ഇന്നും ഒക്ടോബർ 27 ന് വയലാറിലെത്തുന്നത്. ധീരദേശാഭിമാനിയും കാൽപ്പനികതയുടെ വിശ്രുത രചയിതാവുമായിരുന്ന വയലാർ രാമവർമ്മയും ഇഹലോകവാസം വെടിഞ്ഞത് 1975 ഒക്ടൊബർ 27 നാണെന്നത് ചരിത്രത്തിന്റെ നിയോഗം.

ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതികൾ മെച്ചപ്പെട്ടിട്ടുള്ള ഒരിടമാണിവിടമെന്നു പറയാം. 'മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ' ഉദാഹരണമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആരോഗ്യസംരക്ഷണ കേന്ദ്രമാണിവിടം കോവിഡ് -19 ന്റെ കടന്നുകയറ്റത്താൽ കിടത്തി ചികിത്സകൾക്ക് സാരമായ തടസ്സം അനുഭവപ്പെട്ടിട്ടുണ്ട്. ഷിഫ്റ്റു സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന ഈ ആതുരാലയം എന്നും ജനങ്ങൾക്ക് ആശ്രയകേന്ദ്രമാണ്.

നൈൽനദിയുടെ ദാനം ഈജിപ്റ്റാണെങ്കിൽ വേമ്പനാട്ടുകായലിന്റെ ദാനമാണ് പാതിരാമണൽ എന്ന ദ്വീപ്. പ്രകൃതിജന്യമായ ഈ തുരുത്ത് ഏറെ മനോഹരമായ കാഴ്ചയാണ്. പരുന്തും കുളക്കോഴിയും അണ്ണാനും കൂമനും എരണ്ടകളും മേൽവിതാനത്ത് ലാലസിക്കുമ്പോൾ, താഴെത്തട്ടിൽ പാമ്പും പഴുതാരയും ആമയും കുളയട്ടയും ഞവണിക്കയും മറ്റനേകം കീടങ്ങളും സ്വൈര സല്ലാപം നടത്തുന്നയിടമാണിത്. തെങ്ങും കൈതയും വാഴയുമൊക്കെ മനുഷ്യ സമ്പർക്കത്താൽ വളർന്നിട്ടുണ്ട്. പച്ചപ്പിന്റെ മേലങ്കിയണിഞ്ഞ് നിസ്തുലഹരിതാഭയോടെ പ്രകൃതിജന്യമായി നിലകൊള്ളുന്ന ഈ തുരുത്ത് മുഹമ്മ പഞ്ചായത്തിലെ 3-ാം വാർഡിലാണെന്നു പറഞ്ഞിടട്ടെ. വിനോദസഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന ഈ തുരുത്തിലേയ്ക്കെത്തുവാൻ വേണ്ടത്ര ബോട്ടു സർവ്വീസുകൾ ക്രമീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും മുഹമ്മയിൽ നിന്നും ഒരു സർവ്വീസ് തരപ്പെടുത്തുന്നുണ്ടെന്നാണ്

അറിഞ്ഞത്. ഭാവിയിൽ ഏറെ ഭദ്രമായ ഒരു വിനോദസഞ്ചാരമേഖലയാകുമിതെന്ന് വിശ്വസിക്കാം. പക്ഷിസങ്കേതമേഖലയും കൂടിയാണീ പാതിരാമണലെന്ന ദ്വീപ്. അതിൽ നമുക്കെല്ലാം സന്തോഷിക്കാം. വേറൊരു പക്ഷി സങ്കേതമേഖലയായ ‘കവണാറ്റിൻ കര’യും വിനോദസഞ്ചാര കേന്ദ്രമായ കുമരകവും മുഹമ്മയുടെ സ്പർശനാലിംഗന മേൽക്കുന്ന മേഖലകളാണ്.

ബോട്ടുമാർഗ്ഗം മുഹമ്മയിൽ നിന്നും കുമരകത്തേയ്ക്കും തിരികെയും എത്താവുന്നതേയുള്ളു. മുൻകാലങ്ങളിൽ സർവീസ് ബോട്ടുകൾ മൂന്നെണ്ണം ഉണ്ടായിരുന്നു. ഇപ്പോൾ അവ രണ്ടായി. പണ്ടു മുതൽക്കേ മുഹമ്മയിൽ ബോട്ടുജെട്ടിയും സർവ്വീസ് ബോട്ടുകളുമുണ്ട്. ഇന്നും ആധുനിക സംവിധാനങ്ങളോ കാര്യക്ഷമമായ പദ്ധതികളോ മുഹമ്മയിലെ ബോട്ടുജെട്ടിക്കു കൈവന്നിട്ടില്ല. ഇതൊരു നഗ്നസത്യമാണ്. മുഹമ്മ ബോട്ടുജെട്ടി പഴമനില നിർത്തുകയാണിപ്പോഴും. ഇതിനൊരു പൊളിച്ചെഴുത്ത് വന്നേതീരൂ. 2003 ജൂലൈ 27 (ശനിയാഴ്ച) പി.എസ്.സി പരീക്ഷയെഴുതാൻ ബോട്ടു മാർഗ്ഗം കുമരകത്തേയ്ക്കു പോയ പകുതിയോളം മനുഷ്യർ ബോട്ടിന്റെ യന്ത്രത്തകരാറിനാൽ പരലോകം പ്രാപിച്ചു. ആ സംഭവത്തെ ‘കുമരകം ദുരന്ത’മെന്നാണറിയപ്പെടുന്നത്. മരിച്ചവരിൽ കൂടുതൽ പേരും മുഹമ്മനിവാസികളായിരുന്നു. ആ സംഭവം ഇന്നും മനുഷ്യമനസ്സിൽ വിങ്ങലായി നിൽക്കുന്നു. അൽപമാത്രം പരിഷ്കാരങ്ങൾ ലഭിച്ചിട്ടുള്ളവ മുഹമ്മ ജെട്ടിക്ക് കൂടുതൽ സംരക്ഷണവും സുരക്ഷിതയാനങ്ങളും സൗകര്യങ്ങളോടുകൂടിയ ബോട്ടു ജെട്ടിയും അത്യന്താപേക്ഷിതമാണ്. ഇവയൊക്കെ, ഇവിടുത്തെ ജനങ്ങളുടെ വലിയ ആഗ്രഹങ്ങളായി നിലനിൽക്കുന്നു.

മുഹമ്മനിവാസികളിൽ, കുറേയധികം പേർ ഏർപ്പെട്ടിരിക്കുന്ന ഒരു തൊഴിലാണ് കയർ മേഖല. കയർപണി ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും ഇവിടെയുണ്ട്. പണ്ടെല്ലാം കയർപണി ചെയ്യുന്നതിന് ചകിരിയെന്ന അസംസ്കൃത വസ്തു സുലഭമായിരുന്നു. ഇപ്പോൾ തെളിമയുള്ള ചകിരിയുടെ ലഭ്യതയില്ലായ്മ തൊഴിലാളികളെ വലയ്ക്കുന്നു. റാട്ട് യന്ത്രത്തിന്റെ വരവോടുകൂടി കയർ പണി എളുപ്പമായി. എന്നാൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് ഒരു വെല്ലുവിളിയായി നിലകൊള്ളുന്നു. എങ്കിലും മുഹമ്മയിലെ കൂട്ടായ്മയും സഹകരണമേഖലയുടെ ഇടപെടലുമൊക്കെ പ്രസ്തുത തൊഴിലിന് കരുത്തേകുന്നു. മുഹമ്മയ്ക്ക് അഭിമാനമായും അടയാളമായും നിലകൊള്ളുന്ന ഒരു സ്ഥാപനമായി മാറിയിരിക്കയാണ് ‘മുഹമ്മ ലേബറേഴ്സ് കൊയർ മാറ്റ്സ് ആൻഡ് മാറ്റിങ്സ്’. തൊഴിലാളികൾക്ക് അവരുടെ പ്രയത്നത്തിന് അർഹമായ വേതനവും സുരക്ഷയും ലഭിക്കുന്നു. ഇൻഷുറൻസ് ആനുകൂല്യങ്ങളും സേവന-വേതന ഭദ്രതയും ലഭിക്കുന്നു. വളരെയധികം കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഒരു സ്ഥാപനമാണ് മുഹമ്മ ലേബറേഴ്സ് എന്ന് നിസ്സംശയം പറയാം. ആരോഗ്യ മേഖലയിൽ നിന്നും ഓരോ തൊഴിലാളികൾക്കും ഇ.എസ്.ഐ.പരിരക്ഷ ലഭിക്കുന്നതിനാൽ അവരുടെ തൊഴിലിനും പ്രവർത്തനങ്ങൾക്കും ശ്രേഷ്ഠത കൈവരുന്നു. അഭിമാനത്തോടെ, ഉത്തരവാദിത്വത്തോടെ തൊഴിൽ ചെയ്യുവാൻ അവർ സന്നദ്ധരായിരിക്കുന്നു.

മറ്റുള്ള തൊഴിൽ മേഖലകൾ സജീവമാകുന്ന കാഴ്ചയാണെവിടെയും. സ്ഥായിയായ ആഗ്രഹങ്ങൾ പൂവണിയുവാൻ പ്രയത്നിച്ചു കൊണ്ടേയിരിക്കയാണു ബന്ധപ്പെട്ടവർ. ആഗ്രഹങ്ങളും പ്രതീക്ഷകളുമില്ലെങ്കിൽ പിന്നെന്തു ജീവിതം? കുറവുകൾ ചിലതുണ്ടെങ്കിലും നേട്ടങ്ങൾ ഏറെയുള്ള എന്റെ ഗ്രാമത്തെപ്പറ്റി എനിക്ക് എല്ലായ്പ്പോഴും അഭിമാനമേയുള്ളു. ഈ ഗ്രാമഭംഗിയിൽ ഞാനും അലിഞ്ഞു ചേരുന്നു. മായാത്ത ഹരിതാഭയും മേളനമാർന്ന കായൽത്തിരകളും കൈവഴികളും എന്റെ മനസ്സിൽ സുഖമുദ്ര തീർക്കുന്നു. ഞാനും ഈ ഗ്രാമത്തിന്റേതല്ലേയെന്ന ചാരിതാർത്ഥ്യം തികച്ചും എന്നെ ആശ്ചര്യപ്പെടുത്തുന്നു.●







**ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതികൾ മെച്ചപ്പെട്ടിട്ടുള്ള ഒരിടമാണിവിടമെന്നു പറയാം. ‘മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ’ ഉദാഹരണമാണ്.**



# പൂരം

ധന്യ. എസ്

നാദ താള ലയ വിന്യാസത്താൽ കണ്ണിനും കാതിനും അനിർവചനീയമായ അനുഭൂതിഉളവാക്കിനമ്മെ ഒരു അദ്ഭുത ലോകത്തേയ്ക്ക് ആനയിച്ചുകൊണ്ടുപോകുന്ന, ആചാര-അനുഷ്ഠാനങ്ങളിലൂന്നി, സാംസ്കാരിക പൈതൃകത്തിലാറാടി, ഗിന്നസ് റിക്കാർഡിട്ട് പരഃശതം വൈദേശികരും ദേശക്കാരുമായ ജനസമൂഹത്തിന്റെ ആഹ്ലാദാഘോഷമാണ് തൃശൂർ പൂരം. കൊച്ചിരാജാവായിരുന്ന ശക്തൻ തമ്പുരാൻ തുടക്കം കുറിച്ച 200 വർഷത്തെ ചരിത്രപാരമ്പര്യമുള്ള നയനമനോഹരമായ ഈ ഉത്സവം ആഘോഷിക്കുന്നത് മേടമാസത്തിലെ പൂരം നക്ഷത്രത്തിലാണ്. 36 മണിക്കൂർ നീണ്ടുനിൽക്കുന്ന ഈ വിശ്വവിസ്മയത്തെ നഗരത്തെ ആധുനികവൽക്കരിച്ച് വികസിപ്പിക്കാനുള്ള ശക്തൻ തമ്പുരാന്റെ തന്ത്രമായാണ് ചരിത്രഗവേഷകർ കണക്കാക്കുന്നത്.

ഇതുപത് നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലെ കാവുകളിൽ നടന്നിരുന്ന ഭഗവതിസേവയായ 'വേല' യെന്ന പ്രാചീന ക്ഷേത്രാനുഷ്ഠാനത്തിൽ നിന്ന് ആവിർഭവിച്ചതാണ് പൂരം എന്ന ആഘോഷം. കൊച്ചി ശക്തൻ തമ്പുരാന്റെ കാലത്ത് ഏറെ പ്രശസ്തമായിരുന്ന ആറാട്ടുപുഴ പൂരത്തിൽ പങ്കെടുക്കാൻ വിവിധ ദേശങ്ങളിലെ ക്ഷേത്രങ്ങളിൽ നിന്നും ധാരാളം സംഘങ്ങൾ എത്താറുണ്ട്. എന്നാൽ 1796 ലെ പൂരത്തിനു ശക്തമായ കാറ്റും പേമാരിയും കാരണം കൊച്ചിദേശത്തെ സംഘങ്ങൾക്ക് പൂരത്തിനു എത്താൻ കഴിയാതെ വരികയും അവരെ ഭ്രഷ്ട് കൽപിക്കുകയും ചെയ്തു. ഇതിൽ കുപിതനായ ശക്തൻ തമ്പുരാൻ അടുത്ത പൂരം നാളിൽ തൃശൂർ പൂരം ആരംഭിച്ചു. നഗരത്തിലെ പ്രധാന ക്ഷേത്രങ്ങളായ പാറമേക്കാവും തിരുവമ്പാടിയുമാണ് പൂരത്തിലെ പ്രധാന പങ്കാളികൾ. തൃശൂർ നഗരമദ്ധ്യത്തിലുള്ള വടക്കുംനാഥൻ ക്ഷേത്രത്തിലും ക്ഷേത്രത്തിനു ചുറ്റുമുള്ള തേക്കിൻകാട് മൈതാനത്തിലുമാണ് പൂരത്തിന്റെ ചടങ്ങുകൾ നടക്കുന്നത്. വടക്കുംനാഥൻ ക്ഷേത്രത്തിനുചുറ്റും 65 ഏക്കറിൽ പരന്നു കിടക്കുന്നതാണ് തേക്കിൻകാട് മൈതാനം.

തിരുവമ്പാടി-പാറമേക്കാവ് ക്ഷേത്രങ്ങളിലെ ദേവിമാരാണ് തൃശൂർ പൂരത്തിൽ പങ്കെടുക്കുന്നതായി സങ്കൽപ്പിക്കപ്പെടുന്നതെങ്കിലും എട്ട് ചെറുപൂരങ്ങൾ കൂടി അടങ്ങുന്നതാണ് തൃശൂർപൂരം. പൂരത്തിന്റെ പ്രധാന ചടങ്ങുകളായ ഇലഞ്ഞിത്തറമേളം, തെക്കോട്ടിറക്കം, കുടമാറ്റം തുടങ്ങിയവ വടക്കും നാഥന്റെ ക്ഷേത്രപരിസരത്തു തന്നെയാണ് നടക്കുന്നത്.

വടക്കുംനാഥ ക്ഷേത്രത്തിൽ നിന്നുള്ള എഴുന്നള്ളത്ത് കൂത്തമ്പലത്തിൽ അവസാനിച്ച ശേഷമാണ് പാണ്ടിമേളത്തിന്റെ കുലപതികൾ പങ്കെടുക്കുന്ന നാല് മണിക്കൂർ ദൈർഘ്യമുള്ള ഇലഞ്ഞിത്തറമേളം ആരംഭിക്കുന്നത്. ഇടത്തുകലാശം, അടിച്ചുകലാശം,



തകൃത, ത്രിപുട, മുട്ടിൻമേൽ ചെണ്ട എന്നിങ്ങനെ മേളം കൊഴുക്കുമ്പോൾ ജനങ്ങളുടെ താളം പിടിക്കലും കൂടിയായി കുഴഞ്ഞ്മറിഞ്ഞ് കൊട്ടുകയായി. ഇങ്ങനെ കാണികളെ വിസ്മയത്തുമ്പത്ത് പിടിച്ചിരുത്തി കൊടുങ്കാറ്റ് ശമിക്കുന്നതുപോലെ ഒരു നിമിഷാർദ്ധത്തിൽ എല്ലാം അവസാനിക്കുന്നു.

ഇലഞ്ഞിത്തറമേളത്തിന് ശേഷമാണ് തെക്കോട്ടിറക്കം. പാറമേക്കാവ്, തിരുവമ്പാടി ഭഗവതിമാർ വടക്കുംനാഥക്ഷേത്രത്തിന്റെ തെക്കേ ഗോപുരത്തിലൂടെ തേക്കിൻകാട് മൈതാനത്തിലേക്ക് പ്രവേശിക്കുന്ന ചടങ്ങാണിത്. തിരുവമ്പാടി വിഭാഗം തെക്കേ ഗോപുരത്തിലൂടെ ഇറങ്ങി പാറമേക്കാവ് വിഭാഗത്തിന് മുഖാമുഖം നിൽക്കുന്നതോടെ കുടമാറ്റം തുടങ്ങുകയായി.

പാറമേക്കാവ്-തിരുവമ്പാടി ദേവിമാരുടെ കൂടിക്കാഴ്ചയാണ് കുടമാറ്റം. മുഖാമുഖം നിൽക്കുന്ന പാറമേക്കാവ്-തിരുവമ്പാടി വിഭാഗങ്ങൾ തമ്മിൽ പ്രൗഢഗംഭീരമായ വർണ്ണക്കുടകൾ പരസ്പരം ഉയർത്തി കാണിച്ചു മത്സരിക്കുന്നതാണു കുടമാറ്റം എന്നറിയപ്പെടുന്നത്. ഓരോ കുട ഉയർത്തിയ ശേഷം മൂന്നു പ്രാവശ്യം ആലവട്ടവും വെഞ്ചാമരവും ഉയർത്തിയശേഷമേ അടുത്ത കുട ഉയർത്തൂ. തിടമ്പു കയറ്റിയ ആനയുടെ കുട മറ്റു ആനകൾക്ക് ഉയർത്തുന്ന കുടയേക്കാൾ വ്യത്യാസമുള്ളതായിരിക്കും. എല്ലാ വർഷവും വ്യത്യസ്തമായ കുടകൾ അവതരിപ്പിക്കാൻ രണ്ടു വിഭാഗവും ശ്രമിക്കാറുണ്ട്. ഒരു ചെറിയ വെടിക്കെട്ടോടെ ഇതവസാനിക്കുന്നു. ഇതോടെ പകൽ പൂരവും അവസാനിക്കുന്നു.

പകൽ പുലരും മുമ്പേ നടക്കുന്ന വെടിക്കെട്ടാണ് പൂരത്തിന്റെ മറ്റൊരു ആകർഷണം. വെളുപ്പിന് മൂന്ന് മണിക്ക് തുടങ്ങുന്ന ആകാശത്തിലെ ഈ മേളം ശബ്ദ മലിനീകരണനിയമങ്ങൾ പരിഗണിച്ച് ഈ അടുത്ത കാലത്തായി ദൃശ്യത്തിന് ശബ്ദത്തേക്കാൾ കൂടുതൽ പ്രാധാന്യം നൽകി വരുന്നു.

തൃശൂർപൂരത്തിന്റെ പിറ്റേ ദിവസം രാവിലെ എഴുന്നള്ളത്തും പാണ്ടിമേളവും കുടമാറ്റവും ഉണ്ടാവും. തൃശൂർക്കാരുടെ പൂരം എന്നും ഇത് അറിയപ്പെടുന്നു. പാറമേക്കാവ് ഭഗവതി മണികണ്ഠനാലിൽ നിന്നും തിരുവമ്പാടി ഭഗവതി നായ്ക്കനാലിൽ നിന്നും രാവിലെ എട്ടുമണിയോടെ എഴുന്നള്ളുന്നു. ഇരു വിഭാഗത്തിന്റെയും പാണ്ടിമേളം പന്ത്രണ്ട് മണിയോടെ അവസാനിക്കുന്നു. മേളത്തിന് ശേഷം വെടിക്കെട്ട് നടക്കുന്നു. അതിനുശേഷം ദേവിമാർ പരസ്പരം ഉപചാരം ചൊല്ലി ശ്രീമൂലസ്ഥാനത്തു നിന്നും അടുത്തപൂരത്തിനു കാണാമെന്ന ചൊല്ലോടെ വിടവാങ്ങുന്നു. ഇതോടെ ഔപചാരികമായി പൂരം ചടങ്ങുകൾ സമാപിക്കുന്നു.

കഥകളാലും ഐതൃഹ്യങ്ങളാലും ചുറ്റപ്പെട്ടു കിടക്കുന്ന തൃശൂർ പൂരത്തെ ലോകത്തിലെ ഏറ്റവും നയനമനോഹരമായ ഉത്സവക്കാഴ്ചയെന്ന് യുനെസ്കോ വിശേഷിപ്പിച്ചതിൽ തെല്ലും അത്ഭുതമില്ല.



# മായങ്ങളുടെ മായാലോകം

## മൂന്നാം ഭാഗം

ഗിഫു മേലാറ്റൂർ

### ആപ്പിളിലും മുന്തിരിയിലും

വെറുമൊരു മാമ്പഴത്തിൽ മാത്രമൊതുങ്ങുന്നതല്ല ലാഭക്കൊതിയരുടെ കഴുകൻ കണ്ണുകൾ. രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് പഴുപ്പിച്ച മുന്തിരി, ആപ്പിൾ, സപ്പോട്ട, പേരയ്ക്ക തുടങ്ങിയവ ഇന്നും വിപണിയിലുണ്ട്. കാർബണും തുരിശുമാണ് മുന്തിരിയെ പഴുപ്പിക്കാൻ ചേർക്കുന്നത്. രുചിയില്ലാത്ത, വെറും കാഴ്ചക്കുലമാത്രമാകുന്നതാണ് ഇപ്പോഴത്തെ മുന്തിരികൾ. മുമ്പൊക്കെ ഓരോ സീസണിൽ മാത്രമേ അതതു പഴങ്ങൾ വിപണിയിൽ ലഭ്യമായിരുന്നുള്ളൂ. ഇന്നാവട്ടെ, ഏതുകാലത്തും ഏതു പഴവും വിൽപനയ്ക്കു വച്ചിരിക്കുന്നത് കണ്ടിട്ടുണ്ടോ? അവയാകട്ടെ, രുചിയുടെ ഏഴയലത്തുപോലും എത്തിയിട്ടുണ്ടാകില്ല.

### മെഴുകാവരണം

ആപ്പിളിനെ പഴുപ്പിക്കാൻ ഉപയോഗിക്കുന്നത് മാലത്തിയോൺ, കാർബോഫ്രാൻ തുടങ്ങിയ അപകടകാരികളായ കെമിക്കലുകളാണ്. ഇവ തളിക്കുകയാണു ചെയ്യുന്നത്. അമേരിക്ക, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നിന്ന് നമ്മുടെ വിപണിയിലെത്തുന്ന ആപ്പിൾ എന്നും നിത്യഹരിതങ്ങളാണ്! നാലും അഞ്ചും മാസങ്ങൾ കഴിഞ്ഞാലും അവ പുതുപുത്തൻതന്നെ! അത് സ്വാഭാവികമായ പഴങ്ങളുടെ രീതിയല്ല എന്നു നമുക്ക് പിടികിട്ടും. അപ്പോൾ തന്നെ അവയിൽ തളിച്ച രാസപദാർത്ഥത്തിന്റെ ശക്തി എത്രമാത്രം മാരകമാണ് എന്നോർത്തു നോക്കൂ... ഇവയിൽ എന്താണ് ഒട്ടും പുഴുക്കുത്തേൽക്കാത്തത്? അത്രയും സുരക്ഷിതമായാണ് കൃഷി എന്നു ധരിച്ചിട്ടുണ്ടെങ്കിൽ തിരുത്തിയേ മതിയാകൂ.. ഒട്ടും തിരിച്ചറിയാനാകാത്ത വിധം ആപ്പിളിന്റെ പുറത്ത് മെഴുകുകൊണ്ടുള്ള ആവരണമുണ്ട് എന്ന പരമാർത്ഥം എത്ര പേർക്കറിയാം? ചുരണ്ടിക്കളയുകയാണെങ്കിൽ മെഴുകുലഭിക്കുന്ന ഇത്തരം ആപ്പിളുകൾക്കുപകരം യഥാസമയങ്ങളിൽ നമ്മുടെ രാജ്യത്ത് കുടകിലോ, ഹിമാചൽ പ്രദേശിലോ വിളയുന്ന പുഴുക്കുത്തേറ്റ ഫലങ്ങൾ തന്നെയാണ് ഉത്തമം.





## മെഴുക് സ്പ്രേ ചെയ്യുന്നു

ആപ്പിൾ, ഓറഞ്ച്, മുന്തിരി, കാരറ്റ് എന്നിവയുടെ ജലാംശം നഷ്ടപ്പെടാതിരിക്കുവാൻ മെഴുക് സ്പ്രേ ചെയ്യുന്നത് സർവസാധാരണമാണ്. ഈ വിലകുറഞ്ഞ മെഴുക് പലപ്പോഴും ശരീരത്തിലെത്തുമ്പോൾ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് മാത്രം. തണ്ണിമത്തനിൽ മധുരം കൂട്ടുന്നതിനും നിറം നൽകുന്നതിനും പ്രയോഗിക്കുന്ന സാക്രീനം രാസനിറങ്ങളും ദഹനസംവിധാനങ്ങളേയും, കരൾ, കണ്ണ് എന്നിവയേയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് റിപ്പോർട്ടുകളുണ്ട്.മെഴുക്, വാർണിഷ്, പോളിയൂറിത്തിൻ എന്നിവയാണ് തക്കാളി പോലെ മിനുസമുള്ള പച്ചക്കറികളുടെയും ആപ്പിൾ പോലെയുള്ള പഴവർഗങ്ങളുടെയും തിളക്കം കൂട്ടാനുള്ള മറിമായം.



## ഗിനിപ്പന്നികളുടെ രാജ്യം

ജനിതകമാറ്റം വരുത്തിയ ബി.ടി.വഴുതന ഒരു കാലത്ത് നമ്മുടെ നാട്ടിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നുവല്ലോ. ഇത് മാർക്കറ്റുകളിലില്ലെങ്കിലും ബഹുരാഷ്ട്ര കമ്പനികൾ ജനിതക വ്യതിയാനത്തിലൂടെ കൃത്രിമത്വം വരുത്തിയ തക്കാളിയും ചോളവും പരുത്തിയും സോയാബീനും നമ്മുടെ അങ്ങാടികളിൽ എത്തിത്തുടങ്ങി. ഇത് നാം പോലുമറിയാറില്ലെന്നു മാത്രം! വിലക്കമ്മിയോ, കാണാനുള്ള ചന്തമോ ബഹുരാഷ്ട്രക്കമ്പനികളോടുള്ള അന്ധമായ പ്രേമമോ– അറിഞ്ഞാലും നമ്മൾ കണ്ണടക്കുമല്ലോ. ഇവ ഉപയോഗിക്കുന്നത് മനുഷ്യർക്ക് അംഗവൈകല്യവും മാറാവ്യാധികളും വരുത്തിവെക്കുമെന്ന തീർച്ചയാണ്.

## ആരോഗ്യവകുപ്പ് സൗജന്യമരുന്നുകൾ

ഫ്രാൻസിലെ ക്രിഗണിലെ ശാസ്ത്രജ്ഞന്മാർ നടത്തിയ പരീക്ഷണത്തിൽ ഇത്തരം ഭക്ഷ്യവസ്തുക്കൾ മൃഗങ്ങളിൽ അംഗവൈകല്യങ്ങളും മറ്റസുഖങ്ങളും വരുത്തിവെച്ചതായി കണ്ടെത്തിയിരുന്നു. ഇവയാണ് ഇന്ത്യയെന്ന 'ഗിനിപ്പന്നികളുടെ രാജ്യ'ത്ത് ബഹുരാഷ്ട്ര കുത്തകകമ്പനികൾ പരീക്ഷിച്ചുവിജയിക്കുന്നത്. മന്തുരോഗത്തിനും വിരശല്യത്തിനും മറ്റുമായി ആരോഗ്യവകുപ്പ് സൗജന്യമായി വീടുകൾ തോറും വിതരണം ചെയ്യുന്ന ഗുളികകൾ ആരുടെ സംഭാവനയാണ് എന്നു നമ്മൾ ഓർക്കാറുണ്ടോ? തങ്ങൾ കണ്ടെത്തിയ മരുന്നുകളും വിളകളും പരീക്ഷിക്കുന്ന ഒരു കളിത്തട്ടായി ഇന്ത്യയെ ബന്ധപ്പെട്ടവർ പണ്ടുതൊട്ടേ കണ്ടുകൊണ്ടിരിക്കുന്നു.

## മത്സ്യങ്ങളിൽ അമോണിയയും ഫോർമാലിനും

നമ്മുടെ പടിക്കൽ നിത്യവും എത്തുന്ന മീൻ വിൽപനക്കാരന്റെ പെട്ടിയിലേക്ക് നോക്കുക. നിറയെ ഈച്ചകൾ. അത് വാങ്ങണ്ടായെന്ന് രണ്ടാമതൊന്നാലോചിക്കാതെ നമ്മൾ തീരുമാനിക്കും. എന്നാൽ പെട്ടിയിൽ നല്ല വൃത്തിയുള്ള കേടുപാടുകളൊന്നുമില്ലാതെ അച്ചടക്കത്തോടെ മീനുകളെല്ലാം അടങ്ങിയിരിക്കുന്നുവെന്നും ഒറ്റ ഈച്ചപോലും അതിൽ കാണപ്പെടുന്നില്ല എന്നും വന്നാൽ അതിൽ സന്തോഷിക്കാത്ത ഒരു ഉപഭോക്താവും ഉണ്ടാവില്ല. പക്ഷേ, ഈ സുന്ദര ദൃശ്യം കണ്ടാൽ മനസ്സിലാക്കേണ്ടത് ഈ മത്സ്യം രാസികമായി കൈകാര്യം ചെയ്യപ്പെട്ടതാണ് എന്ന പരമാർത്ഥമാണ്. മത്സ്യഗന്ധം ഈച്ചയെ ആകർഷിക്കും എന്നത് ലളിതമായ ശാസ്ത്രം. ഈച്ചയ്ക്ക് അതിനെ നശിപ്പിക്കാൻ കഴിയുന്ന രാസവസ്തുക്കളെ എളുപ്പം തിരിച്ചറിയാം. അതൊരു ജന്മവാസനയാണ്. അത് ഒരു സൂചകവുമാണ്. മോർച്ചറിയിലും ലാബുകളിലും ജൈവ ശരീരഭാഗങ്ങൾ അഴുകാതെ സൂക്ഷിക്കാനുപയോഗിക്കുന്ന ഫോർമാലിനാണ് മത്സ്യം കേടാകാതിരിക്കാൻ ഉപയോഗിക്കുന്നത്.

## വിഷമീനുകൾ

നമ്മൾ കേരളീയർക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത വിഭവമാണല്ലോ മത്സ്യം. മീനില്ലാതെ ആഹാരം തന്നെ ഇറങ്ങാതായിട്ടുണ്ട് നമുക്കിന്ന്. മായം





ചേർക്കുന്നതിൽ മീനും ലാഭക്കൊതിയന്മാർ വിടുന്നില്ല. വിൽപനക്കെത്തുന്ന മീനുകളിൽ വിഷത്തിന്റെ അംശമുള്ള ലോഹസങ്കരവസ്തുക്കൾ അടങ്ങിയിട്ടുള്ളതായി ബന്ധപ്പെട്ടവർ കണ്ടെത്തിയിരിക്കുന്നു. മലയാളിയുടെ സാധാരണമീനുകളായ മത്തി, ചാള, അയല തുടങ്ങിയവയിൽ കൂടുതൽ അളവിൽ സിങ്ക് ലോഹാംശമുണ്ടായിരുന്നു. ലെഡ്, കാഡ്മിയം, കോപ്പർ എന്നിവയുടെ അംശങ്ങൾ മറ്റുചില മൽസ്യങ്ങളിലും കണ്ടെത്തി. ഇത്തരം ലോഹാംശം കൂടുതലുള്ളത് നഗര പ്രദേശങ്ങളോടു ചേർന്ന ജലാശയങ്ങളിൽ നിന്നും പിടിക്കുന്ന മത്സ്യങ്ങളിൽ നിന്നായിരുന്നു.

*ഐസിനുപകരം മൽസ്യം കേടുകൂടാതിരിക്കാൻ അമോണിയം ഉപയോഗിക്കുന്നതാണ് പഴയ രീതി. ഈ രീതിയെ പുറംതള്ളികൊണ്ട് പുതിയൊരുഐഡിയയാണ്മത്സ്യങ്ങളിൽ ഇപ്പോൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. അമോണിയത്തിനുപകരമായി 'ഫോർമാലിൻ' ആണ് മത്സ്യങ്ങളിൽ തളിക്കുന്നത്. 'ഫോർമാലിൻ' എന്നത് മൃതദേഹങ്ങൾ അഴുകാതെ സൂക്ഷിക്കാനുപയോഗിക്കുന്ന രാസലായനിയാണ്.

## അന്യസംസ്ഥാനങ്ങളിൽ നിന്ന്

മുൻകാലത്തെയപേക്ഷിച്ച് വൈദ്യുതിയുടെ രൂക്ഷമായ പ്രതിസന്ധി കാരണം ഐസ് പ്ലാന്റുകളുടെ പ്രവർത്തനം പരിമിതപ്പെട്ടതാണ്. ആവശ്യത്തിന് ഐസ്ബ്ലോക്കുകൾ ലഭിക്കുന്നില്ല എന്നതായിരുന്നു പരാതിക്കുകാരണം. ഇതാണ് രാസപദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിക്കാൻ കാരണം. ദുർഗന്ധമുണ്ടെങ്കിലും വലിയ മത്സ്യച്ചന്തകളിൽ ഇത് പെട്ടെന്നൊന്നും തിരിച്ചറിയാനാകില്ല. ഗുജറാത്ത്, പശ്ചിമബംഗാൾ, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള മത്സ്യങ്ങളിലാണ് രാസപദാർത്ഥങ്ങൾ കൂടുതലുള്ളതത്രെ. മീൻ പിടിക്കുമ്പോൾ തന്നെ ഐസിനൊപ്പം ഫോർമാലിൻ കലർത്തുകയാണ് പതിവ്.

## ക്യാൻസറിന് കാരണമാകുന്ന അപകടകാരി

പ്ളാസ്റ്റിക്, മരവ്യവസായങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്ന ഈ രാസലായനി അങ്ങേയറ്റം ഹാനികരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഉദരസംബന്ധമായ അസുഖങ്ങൾ, ഛർദ്ദി, അബോധാവസ്ഥ, ആന്തരികാവയവങ്ങൾക്കുണ്ടാകുന്ന പരിക്ക് തുടങ്ങിയവയും സംഭവിക്കാം. ചെറിയ അളവിലാണെങ്കിലും ഫോർമാലിൻ കലർന്ന മത്സ്യം പതിവായി കഴിക്കുന്നത് ക്യാൻസറിനും കാരണമാകും.

## തുടരാത്ത തുടർനടപടികൾ

ഇത്തരമൊരു സാഹചര്യത്തിൽ ഏതു മത്സ്യമാണെങ്കിലും കർശനമായി പരിശോധനക്കുവിധേയമാക്കണമെന്ന ആവശ്യം ശക്തമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യത്തിൽ ഫോർമാലിൻ ചേർക്കുന്നതായി ഭക്ഷ്യസുരക്ഷാവിഭാഗം ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയതുമായിരുന്നു. നേരത്തെ വ്യാപകമായ പരാതിയെ തുടർന്ന് വിവിധ മീൻ മാർക്കറ്റുകളിൽ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. എന്നാൽ, തുടർ നടപടികൾ നിലച്ചതാണ് നിയമലംഘനം ആവർത്തിക്കാൻ കാരണം. കടകളിൽനിന്നും വാങ്ങിക്കാവുന്ന പാതി വേവിച്ച മത്സ്യം. ഇറച്ചി, കക്കയിറച്ചി എന്നിവയും പലപ്പോഴും രോഗാണുബാധയുള്ളവയാണ്.

## ട്രോളിംഗ് സമയത്ത്

## ശ്രദ്ധിച്ചില്ലെങ്കിൽ കാൻസർ

ട്രോളിംഗ് സമയമാണെങ്കിലും മാർക്കറ്റിൽ മത്സ്യത്തിന് യാതൊരു കുറവും ഇപ്പോളില്ല. കാരണം അന്വേഷിച്ച് ചെന്നാൽ എത്തുന്നത്, തികച്ചും ഭീതിപ്പെടുത്തുന്ന കാരണങ്ങളിലേക്കാണ്. ആഴ്ചകൾക്ക് മുൻപെ പിടിച്ച മത്സ്യത്തെ കൊടും വിഷമായ ഫോർമാലിൻ ഉപയോഗിച്ച് സൂക്ഷിച്ചിരിക്കുന്നു. മൂന്നും നാലും ആഴ്ച വരെ മത്സ്യം കേടു കൂടാതെ സൂക്ഷിക്കാം എന്നതാണ് ഫോർമാലിനെ മത്സ്യക്കച്ചവടക്കാരുടെ പ്രിയങ്കരനാക്കിയത്. സാധാരണ ഗതിയിൽ മത്സ്യം കേട് കൂടാതെ സൂക്ഷിക്കാൻ അമോണിയയാണ് ഉപയോഗിക്കുന്നത്. അമോണിയ ചേർത്താൽ നാലോ അഞ്ചോ ദിവസം വരെ മത്സ്യം കേട് കൂടാതെ സൂക്ഷിക്കാനാകും. എന്നാൽ എത്ര നാൾ വേണമെങ്കിലും മത്സ്യം കേടാകാതെ സൂക്ഷിക്കാൻ ഫോർമാലിൻ എന്ന രാസപദാർത്ഥത്തിനാവും.

## മനസ്സാക്ഷിക്കുത്തുമില്ലാതെ

സാധരണ ശവം കേട് കൂടാതെ സൂക്ഷിക്കാനാണ് ഫോർമാലിൻ തളിക്കുന്നത്. മാത്രമല്ല മാരകമായ വിഷമാണ് ഫോർമാലിൻ. ഇത് സ്ഥിരമായി ശരീരത്തിനുള്ളിൽ ചെല്ലുകയാണെങ്കിൽ കാൻസർ ഉറപ്പാണെന്നാണ് മെഡിക്കൽ ഉദ്യോഗസ്ഥർ പറയുന്നത്. നേരത്തെ പല തവണ ഇത്തരത്തിൽ ഫോർമാലിൻ ഉപയോഗിച്ച മത്സ്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയിരുന്നു. വലിയ വിവാദങ്ങളും അന്ന് ഉണ്ടായിരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് വിഷയം ഗൗരവത്തിൽ എടുക്കുകയും സംസ്ഥാനത്താകമാനം മത്സ്യമാർക്കറ്റുകളിൽ തിരച്ചിൽ നടത്തുകയും ചെയ്തിരുന്നു. എന്നാൽ

ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ,ലാഭം മാത്രം ലക്ഷ്യം വെക്കുന്ന കച്ചവടക്കാർക്കിതൊന്നും ഒരു പ്രശ്നമേയല്ല. ഫോർമാലിൻ ഉപയോഗം എന്നും സജീവമാവുകയാണ് പതിവ്.

### ട്രോളിംഗ് കാലം കഴിയുമ്പോഴേക്കും

ഹോട്ടലുകൾ തന്നെയാണ് ഇത്തരം മത്സ്യങ്ങളുടെ പ്രധാന ആവശ്യക്കാർ. കുറഞ്ഞ വിലയ്ക്ക് ഇത്തരം മത്സ്യങ്ങൾ ലഭിക്കുന്നു. മാത്രമല്ല ഇവ ആഴ്ചകളോളം സൂക്ഷിക്കാനും കഴിയുന്നു. ട്രോളിംഗ് കൂടി ആകുമ്പോൾ ഹോട്ടലുകാർ മത്സ്യം നിരവധി വാങ്ങി സൂക്ഷിക്കുകയും ചെയ്യുന്നു. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കൃത്യമായ നിരീക്ഷണമാണ് ഈ വിഷയത്തിൽ ആവശ്യം. അത് എത്രയും പെട്ടെന്ന് ഉണ്ടാവുകയും വേണം. ഇല്ലെങ്കിൽ ഈ ട്രോളിംഗ് കാലം കഴിയുമ്പോഴേക്കും നിരവധി പാവപ്പെട്ടവർക്ക് കാൻസർ രോഗം പിടിപെടും എന്നുറപ്പ്.

### രാസവസ്തുക്കൾ കലർന്ന മീൻ എങ്ങനെ തിരിച്ചറിയാം

ചിക്കനും ബീഫിനും വില കൂടിയതോടെ മീനിന് ആവശ്യക്കാർ വർധിച്ചിട്ടുണ്ട്. മീൻ ഇല്ലാതെ ചോറു കഴിക്കാൻ കഴിയാത്തവരാണ് മിക്ക മലയാളികളും. എന്നാൽ ആവശ്യക്കാർ വർധിക്കുന്നതിനാൽ രാസവസ്തുക്കൾ ചേർത്ത് മീൻ വിപണിയിൽ എത്തുന്നത് സ്ഥിരമാണിപ്പോൾ. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഇത്തരം മീൻ കഴിച്ചാലുണ്ടാകുക. ഫ്രഷ് മീൻ തിരിച്ചറിയാനുള്ള മാർഗങ്ങൾ നോക്കാം.

1. ഫ്രഷ് മീനിനു ദുർഗന്ധമോ അമോണിയയുടെ ഗന്ധമോ ഉണ്ടാകില്ല, കടലിന്റെ മണമായിരിക്കും. തിളക്കമുള്ള കണ്ണുകളായിരിക്കും ഫ്രഷ് മത്സ്യങ്ങൾക്ക്. രാസവസ്തുക്കൾ ചേർത്ത മത്സ്യത്തിന്റെ കണ്ണുകൾക്കു നീലനിറമായിരിക്കും.
2. ചുവപ്പു നിറവും നനഞ്ഞ പ്രകൃതവുമായിരിക്കും ഫ്രഷ് മീനുകളുടെ ചെകിളപ്പൂക്ക്. മുറിച്ച മത്സ്യങ്ങളിൽ ഈർപ്പമുണ്ടെങ്കിൽ രാസവസ്തുക്കൾ ചേർത്തിട്ടില്ലെന്ന് ഉറപ്പിക്കാം.
3. മാംസം അടർന്നു പോരുന്നെങ്കിൽ ഉറപ്പിക്കാം, പഴകിയ മീനാണെന്ന്. തവിട്ടു നിറവും അഗ്രഭാഗത്തെ മഞ്ഞനിറവും മത്സ്യം പഴകിയതിന്റെ സൂചനകളാണ്. വലിയ മീൻ വാങ്ങും മുമ്പ് കൈകൊണ്ട് പതിയെ ഒന്നമർത്തി നോക്കുക. ചെറുതായി താഴ്ന്നുവെങ്കിൽ മീന് പുതിയതല്ല. ഉറപ്പുള്ള മാംസം മീൻ പുതിയതാണെന്നതിന്റെ സൂചനയാണ്.
4. വലിയ മീൻ മുറിക്കുമ്പോൾ ഉള്ളിൽ നീലനിറത്തിലുള്ള തിളക്കം കണ്ടാൽ അതിൽ രാസപദാർഥങ്ങൾ ചേർത്തിട്ടുണ്ടെന്ന് ഉറപ്പിക്കാം. ഫ്രഷായ കക്കയുടെയും കല്ലുമ്മക്കായയുടെയും തോട് അല്പം തുറന്ന നിലയിലായിരിക്കും.
5. ഫ്രീസറിൽ വച്ച മീൻ വാങ്ങുമ്പോൾ നിറവ്യത്യാസമോ വെള്ളയോ കറുപ്പോ നിറത്തിലുള്ള പൊട്ടുകളോ ഉണ്ടോയെന്നു പരിശോധിക്കുക. നിറ വ്യത്യാസമുണ്ടെങ്കിൽ അമോണിയ അടക്കമുള്ള രാസവസ്തുക്കൾ ചേർത്തിരിക്കും.



### ഫോർമാലിൻ ചേർത്ത മത്സ്യം എങ്ങനെ തിരിച്ചറിയാം

ശരീരഭാഗങ്ങളോ മറ്റു ചെറുജന്തുക്കളേയോ ഒക്കെ അഴുകാതെ ദീർഘകാലം സൂക്ഷിക്കാനുപയോഗിക്കുന്ന രാസലായനിയാണ് ഫോർമാലിന്. ഈ വിഷപദാർഥം മത്സ്യം കേടാകാതെയിരിക്കാൻ ചേർക്കുന്നതു കാണാറുണ്ട്. അപകടകരമായ ഒരു മായം ചേർക്കലാണിത്. ഇതു തിരിച്ചറിയാനുള്ള പ്രത്യേകതകളിൽ പ്രധാനം ഫോർമാലിൻ ചേർത്ത മത്സ്യം കൂടുതൽ മൃദുത്വമുള്ളതായിതീരുന്നുവെന്നതാണ്. മത്സ്യത്തിന്റെ തിളക്കമുള്ള കണ്ണുകൾ ഫോർമാലിന് സാന്നിധ്യത്തിൽ മങ്ങിയ നിറമുള്ളതാകും. ചെകിളയുടെ നിറവും മങ്ങും. മാത്രമല്ല മീനിന്റെ സാധാരണ ഗന്ധം കാണുകയുമില്ല. ഈ ലക്ഷണങ്ങൾ കൂട്ടിച്ചേർത്തു മത്സ്യം നിരീക്ഷിച്ചാൽ ഫോർമാലിന് സാന്നിധ്യം എളുപ്പത്തിൽ മനസ്സിലാവും. ഫോർമാലിൻ കലർന്ന മത്സ്യം ഭക്ഷ്യയോഗ്യമല്ല.

### മുട്ട കേടായതാണോ എന്നറിയാൻ

നല്ല മുട്ടയും കേടായ മുട്ടയും പൊട്ടിച്ചു നോക്കാതെ തന്നെ തിരിച്ചറിയാൻ വഴിയുണ്ട്. ഒരു ഗ്ലാസിൽ മുക്കാൽ ഭാഗത്തോളം തണുത്ത വെള്ളം ഒഴിക്കുക. ആ വെള്ളത്തിലേക്ക് സാവധാനം മുട്ടവയ്ക്കുക. കൈവിട്ട ഉടനെ തന്നെ മുട്ട വെള്ളത്തിൽ താഴ്ന്ന് ഗ്ലാസിന്റെ അടിത്തട്ടിലേക്ക് പതിക്കുകയാണെങ്കിൽ അത് നല്ല മുട്ടയാണ്. എന്നാൽ മുട്ട താഴാതെ ചത്ത മീൻ പോലെ വെള്ളത്തിൽ ഉയർന്നു കിടക്കുകയാണെങ്കിൽ മുട്ട കേടായി ഭക്ഷ്യയോഗ്യമല്ലെന്ന് മനസ്സിലാക്കാം. എന്നാൽ ചില മുട്ടകൾ അടിത്തട്ടിൽ തട്ടി വീണ്ടും ഉയർന്ന് വീണ്ടും താഴ്ന്ന് സാവധാനം അടിത്തട്ടിൽ തങ്ങും. ഈ മുട്ട ഉപയോഗയോഗ്യമാണെങ്കിലും അത്ര ഫ്രഷ് ആയിരിക്കില്ല.

### മാംസത്തിലെ മായം

വിലയേറിയ ആട്ടിറച്ചിയിൽ താരതമ്യേന വിലകുറഞ്ഞ മാട്ടിറച്ചി കലർത്തുന്നതാണ് മാംസത്തിലെ

സാധാരണമായും ചേർക്കൽ. മാംസത്തിന്റെയും എല്ലുകളുടേയും ഘടന താരതമ്യം ചെയ്താൽ ഈ വ്യത്യാസം തിരിച്ചറിയാം. മാംസത്തിന്റെ ഗുണനിലവാരം നിറം നോക്കിയും മനസ്സിലാക്കാം. മാംസം പഴകുന്തോറും കുടുതൽ വിളറുകയും മൃദുലമാവുകയും ഗന്ധത്തിൽ മാറ്റം വരുകയും ചെയ്യും. ബീഫ് പഴകുമ്പോൾ കൂടുതൽ ഇരുളും.

## വൃക്ക തകർക്കുന്ന ഇറച്ചി

മലയാളിയുടെ ഇഷ്ട ഭക്ഷണത്തിൽ ഒന്നാണ് പൊറോട്ടയും ബീഫും. പൊറോട്ട പണ്ടേ ബ്ലാക്ക് ലിസ്റ്റിൽ ഇടം പിടിച്ച ഭക്ഷണം ആണ്. ഇപ്പോഴിതാ, ബീഫും പ്രശ്നക്കാരൻ തന്നെ. പലരും കേട്ടിട്ടുണ്ടാകും പോത്തിനേയും മറ്റും കൊല്ലുന്നതിനു മുമ്പ് അതിന്റെ ശരീരത്തിൽ നിന്നും വെള്ളം വിസർജിച്ച് പോകാത്ത അവസ്ഥ മനപ്പൂർവ്വം ഉണ്ടാക്കുന്നു എന്ന്. അതിനായി അവറ്റകളുടെ കിഡ്നി നശിപ്പിക്കും.

മുൻപ് ആണെങ്കിലോ ഇറച്ചിക്ക് തൂക്കം കിട്ടാൻ വേണ്ടി കൊല്ലുന്നതിനു മുൻപ് കാരം കലക്കിയ കാടി കാളയെ കുടിപ്പിക്കും എന്നും കേട്ടിട്ടുണ്ട്. എന്നാൽ, ഇപ്പോൾ പുതിയ ടെക്നോളജി വന്നു. കൊല്ലുന്നതിനു 3 – 4 ദിവസം മുൻപ് പോത്തിന് ഒരു കുത്തി വെയ്പ്പ് എടുക്കുന്നു, അതോടു കൂടി പോത്തിന്റെ കിഡ്നി രണ്ടും നശിച്ചു പോകുന്നു.

ശരീരത്തിലെ ജലാംശം പുറത്തു പോകാതെ പോത്ത് നീരു കൊണ്ട് വീർത്തു കഴിയുമ്പോൾ അതിനെ തലയ്ടിക്കച്ചു കൊല്ലുന്നു. അനക്കം തീർന്നു കഴിയുമ്പോൾ സാവകാശം തുകൽ ഉരിച്ചു മാറ്റിയതിനു ശേഷം മാത്രം അതിന്റെ കഴുത്ത് അറുത്തു മാറ്റും. ഇറച്ചിക്ക് തൂക്കവും വലിപ്പവും കൂടുതൽ കിട്ടുന്നതിന് വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.

വേവിച്ചു കഴിയുമ്പോൾ പരിധിക്ക് മേലെ വെള്ളം ഊറി വരുന്നുണ്ടെങ്കിൽ ഉറപ്പിക്കാം ഇത് നമ്മുടെയും വൃക്ക തകർക്കുന്ന ഇറച്ചി തന്നെ ആണെന്ന്. ഇതിന് പരിഹാരം സർക്കാർ ഉടമസ്ഥതയിലുള്ള സ്ലോട്ടർ ഹൗസുകൾ സ്ഥാപിക്കുകയും കർക്കശ പരിശോധനയ്ക്കു ശേഷം മാത്രം കൊല്ലാൻ അനുവദിക്കുകയും വേണം. ഒരു പക്ഷെ ഇതായിരിക്കും നാട്ടിൽ വൃക്കരോഗം കൂടാൻ കാരണം.എല്ലാ ഇറച്ചി സ്റ്റാളിലും ഇത് അല്ല നടക്കുന്നത്. കാരണം സത്യ സന്ധരായ കച്ചവടക്കാർക്കിടയിൽ ചില അതിമോഹികൾ ഉണ്ടാകും. അവരാണ് നല്ലവരായ കച്ചവടക്കാരെ കൂടി പേരു ദോഷം കേൾപ്പിക്കുന്നത്.

## മായവും ഉപയോഗവും

ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന് വർഷങ്ങളുടെ പാരമ്പര്യമുണ്ട്. മാംസവ്യാപാരികളും മദ്യ നിർമാതാക്കളും മായം ചേർക്കുന്നതു തടയാനുള്ള നിയമം 13-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായിരുന്നു. 1860-ലാണ് ഇതിനെതിരെയുള്ള പൊതുനിയമം ബ്രിട്ടനിൽ വരുന്നത്. കേരളത്തിൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതു സംബന്ധമായ നിയമം നിലവിൽ വരുന്നത് 1954-ലാണ്. പിൽക്കാലത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങളും നിർദേശങ്ങളും വളരെയധികം കർക്കശമാക്കിയിട്ടുണ്ടെങ്കിലും അവയെല്ലാം ഇപ്പോഴും ജലരേഖയായി തുടരുന്നു. അതുകൊണ്ടുതന്നെയാണ് അമിതമായ അളവിൽ കീടനാശിനികൾ പ്രയോഗിച്ച പഴങ്ങളും പച്ചക്കറികളും കൃത്രിമ പദാർഥങ്ങളും മാരകമായ രാസവസ്തുക്കളുമടങ്ങിയ പലവ്യഞ്ജനങ്ങളും സുലഭമായി ഇപ്പോഴും വിപണിയിൽ ലഭ്യമാകുന്നത്.ഏതൊക്കെ രാസവസ്തുക്കളാണ് ആഹാരപദാർത്ഥങ്ങളിൽ ഉപയോഗിക്കുന്നത് എന്നും അവക്കുപ്രയോജനമെന്ത് എന്നും മനസ്സിലാക്കാം.

| | |
|---|---|
| മെറ്റാനിൻയെല്ലോ | നിറത്തിനും ആകർഷണത്തിനും |
| സാക്കറിൻ | മധുരം വർധിപ്പിക്കാൻ |
| അജിനോമോട്ടോ | രുചികൂട്ടാൻ, പുതുപുത്തനായി തോന്നിക്കാൻ |
| കാൽസ്യം കാർബൈഡ് | പച്ചപ്പഴങ്ങൾ പെട്ടെന്ന് പഴുപ്പിക്കാൻ |
| സോഡിയം ബെൻസോയേറ്റ് കേടുകടാതെയിരിക്കാൻ | ഭക്ഷ്യവസ്തുക്കൾ ദിവസങ്ങളോളം |
| സോഡിയം ബൈകാർബണേറ്റ് | ഭക്ഷ്യസാധനങ്ങൾക്ക് വലുപ്പവും ഭംഗിയും കൂട്ടാൻ |

## നിയമസുരക്ഷ

നമ്മൾ പണം കൊടുത്തു വാങ്ങുന്ന ഏതെങ്കിലും ഭക്ഷ്യവസ്തുവിൽ മായമോ കൃത്രിമത്വമോ കലർന്നിട്ടുണ്ട് എന്നറിഞ്ഞാൽ ഒരിക്കലും അത് നിസ്സാരമായി തള്ളിക്കളയരുത്. അധികൃതരെ വിവരമറിയിക്കുക തന്നെ വേണം. ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയാൻ ഇന്ത്യാഗവൺമെന്റ് പാസാക്കിയ നിയമമാണ് PFA (Prevention of Food Adulteration Act) ഇത്തരമൊരു കൂട്ടായ്മ അമേരിക്കയിലുമുണ്ട്. FDA (Food and Drug Administaration) ആഹാര പദാർത്ഥങ്ങളിൽചേർക്കുന്നപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും അവയ്ക്കു നിയന്ത്രണ വിധേയമായ പരിധി നിർണയിക്കുകയും ചെയ്യുന്നത് ഈ സ്ഥാപനമാണ്.

ഇന്ത്യയിൽ മായം ചേർക്കൽ തെളിഞ്ഞാൽ 'മായം ചേർക്കൽ നിരോധനനിയമമനുസരിച്ച് ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കും. അതിനുവേണ്ടത് സംശയമുള്ള വസ്തുക്കളുടെ സാമ്പിളുകൾ അധികൃതരെ കാണിക്കുകയെന്നതാണ്.

## അധികൃതരുടെ മൗനം

മായം ചേർത്തതും കൃത്രിമവുമായ ഭക്ഷ്യോൽപന്നങ്ങൾ എങ്ങനെയാണ് നമ്മുടെ നാട്ടിൽ സുലഭമായി വിൽപന നടക്കുന്നത്? ഇതിന്റെ പ്രധാനകാരണം സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഭീകരമായ അനാസ്ഥ തന്നെയാണ്. മധുരം കലർന്ന ആഹാര പദാർത്ഥങ്ങളിൽ കൃത്രിമ മധുരം ഉപയോഗിക്കാം CCFC (Central Committee for food Standard) ന്റെ നിയമഭേദഗതി ചോക്കലേറ്റ്, ഹലുവ തുടങ്ങിയ ബേക്കറിയുൽപന്നങ്ങളുടെ നിർമ്മാതാക്കൾക്ക് അനുഗ്രഹമായി. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ചു വേണ്ടത് ചെയ്യാനുള്ള 'ജനറ്റിക് എൻജിനീയ

## നിറങ്ങൾക്കുപിന്നിലെ അപകടകാരികൾ

നിറങ്ങൾ തന്നെയാണല്ലോ ഏതൊരു ഉൽപ്പന്നത്തിന്റെയും ആകർഷക ഘടകം. ആത് ആഹാരവസ്തുക്കളിലാകുമ്പോൾ നമ്മൾ അറിയാതെ അവ വാങ്ങിപ്പോകുന്നു. ഒരു ബേക്കറിയിലെ കണ്ണാടിക്കൂട്ടിലേക്കൊന്നു നോക്കിയാൽ 'വാങ്ങെടാ, വാങ്ങെടാ...' എന്നുപറയുന്നതുപോലെ ഏതൊക്കെ തരം നിറങ്ങളിലാണ് പലഹാരങ്ങൾ നിരന്നിരിക്കുന്നത്! ഇക്കൂട്ടത്തിൽ ഒരെണ്ണത്തിനുപോലുമില്ല സ്വാഭാവിക നിറം എന്നറിയാമോ? ആഹാരപദാർത്ഥങ്ങൾക്കു നിറം നൽകാനായി വ്യാപകമായി ഉപയോഗിച്ചുവരുന്ന അപകടകരമായ സിന്തെറ്റിക് കളറുകൾ ഇവയൊക്കെയാണ്.

| | |
|---|---|
| ചെമപ്പ് | റൊഡാമിൻ ബി, എറിത്രോസിൻ |
| പച്ച | കോപ്പർ സൾഫേറ്റ്, ഫാസ്റ്റ് മീൻ, മാലക്കൈറ്റ് ഗ്രീൻ |
| മഞ്ഞ | ടാർട്രസിൻ, മെറ്റാനിൻയെല്ലോ, ലെഡ്ക്രോമൈറ്റ |
| ഓറഞ്ച് | ഓറഞ്ച് ബി |
| ചെമപ്പുകലർന്ന ഓറഞ്ച് | സൺസെറ്റ് യെല്ലോ |
| നീല | ഇൻഡിഗോ-കാർമൈൻ |

## മായത്തിന്റെ മായാലോകം

നിത്യോപയോഗ സാധനങ്ങളിലെ മായം എങ്ങനെയൊക്കെ ബാധിക്കുന്നുവെന്ന് തെളിവുതരുന്ന ഒരു ചാർട്ട് (ഫേസ്ബുക്കിൽ പ്രചരിച്ചത്)

| ഭക്ഷ്യസാധനങ്ങൾ | മായം | ഉണ്ടാകാവുന്ന രോഗങ്ങൾ |
|---|---|---|
| മുളകുപൊടി | ഇഷ്ടികപ്പൊടി, സുഡാൻ റെഡ് | അൾസർ |
| കുരുമുളക് | പപ്പായക്കുരു | വയറുവേദന |
| വെളിച്ചെണ്ണ | പാരഫിൻ, ധാതു എണ്ണകൾ | രക്താർബുദവും കരൾ രോഗവും |
| നിലക്കടലയെണ്ണ | ആർജിമോൾ എണ്ണ | അന്ധതയും ഹൃദ്രോഗവും |
| ഗോതമ്പുപൊടി | ഉമി, ചോക്കുപൊടി | വയറുവേദനയും, അൾസറും |
| നെയ്യ് | മൃഗക്കൊഴുപ്പ്, പഴയനെയ്യ് | അർബുദം |
| മല്ലിപ്പൊടി | കുതിരച്ചാണകം, അറക്കപ്പൊടി | പകർച്ചവ്യാധികൾ |

റിംഗ് അപ്രൂവൽകമ്മിറ്റി'യിൽ നിന്ന് എടുത്തുകളഞ്ഞ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നടപടിയാണ് ജനിതക വ്യതിയാനം നടത്തിയ ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്യാൻ കുത്തക കമ്പനികൾക്ക് അനുഗ്രഹമായത്.ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് അതോറിറ്റിയുടെ നിയമപ്രകാരം ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയതായി തെളിഞ്ഞാൽ കുറ്റവാളികൾക്ക് കുറ്റത്തിന്റെ കാഠിന്യമനുസരിച്ച് കനത്ത പിഴയും ജീവപര്യന്തം തടവും ശിക്ഷയായി ലഭിക്കുന്നതാണ്. എന്നാൽ ശിക്ഷാനടപടികളിലെ അപര്യാപ്തതയും നിയമങ്ങളിലുള്ള പഴുതുകളും നിയമം നടപ്പാക്കുന്നതിലുള്ള സർക്കാർ സംവിധാനങ്ങളുടെ പരാജയവുമെല്ലാം മായം ചേർത്ത് തടിച്ചുകൊഴുക്കുന്ന മുതലാളിമാർക്ക് ഏറെ സഹായകമാകുന്നുണ്ട്.

### പച്ചക്കൊടി കാണിക്കുന്നു, അധികൃതർ

അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുന്ന ഉൽപ്പന്നങ്ങൾ കർശനപരിശോധനക്കു വിധേയമാകുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. അന്യസ്റ്റേറ്റുകളിൽ നിന്നും വൻതോതിൽ ഭക്ഷ്യപദാർത്ഥങ്ങൾ ഇങ്ങോട്ട് എത്തുന്നതിനെക്കുറിച്ചോ, അവയിൽ എത്രമാത്രം മായവും കൃത്രിമത്തവും കലർന്നിട്ടുണ്ട് എന്ന് തിരിച്ചറിവോ സർക്കാരിനോ ബന്ധപ്പെട്ട വകുപ്പിനോ ഇല്ലാത്തതാണ് ഇന്നും മായം കേരളത്തിലേക്ക് ഒഴുകാനുള്ള പ്രധാനകാരണം. ചെക്കുപോസ്റ്റുകളിൽ വൻതുകകൾ കൈക്കൂലിയായി ഒഴുക്കുന്ന ലാഭക്കൊതിയന്മാരുടെ ചരക്കുകൾ ഒന്നു കാണുകപോലും ചെയ്യാതെയാണ് അനധികൃതർ പച്ചക്കൊടി കാണിച്ച് നമ്മളെ നിത്യരോഗികളാക്കാൻ മൗനാനുവാദം നൽകുന്നത്.

### അവസാനിക്കാത്ത ആരോഗ്യപ്രശ്നങ്ങൾ

ലോകത്ത് ഭക്ഷണമില്ലാതെ ധാരാളം പേർ മരിക്കുന്നതു പോലെ ഭക്ഷണം കഴിച്ചിട്ടും അത്ര തന്നെ പേർ മരിക്കുന്നുണ്ട്. ഭക്ഷ്യവസ്തുക്കളിലെ മായങ്ങൾ,ഭക്ഷ്യവിഷബാധ, ഛർദി, ഗർഭഛിദ്രം, വിളർച്ച, പക്ഷാഘാതം, കൊളസ്ട്രോൾ, പ്രമേഹം, കരൾ രോഗങ്ങൾ, വൃക്കത്തകരാറുകൾ, ഹൃദയാഘാതം, വന്ധ്യത, നേത്രപ്രശ്നങ്ങൾ, ചർമ്മപ്രശ്നങ്ങൾ, ആർത്തവത്തകരാറുകൾ തുടങ്ങി നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് മായം ഇടയാക്കുന്നുണ്ട്.

### ഔഷധഗുണങ്ങളേക്കാൾ രുചിക്ക് പ്രാധാന്യം നൽകിയാൽ

ആകർഷകമായ പാക്കറ്റുകളിലും മനോഹരമായ ടിന്നുകളിലും ലഭിക്കുന്ന ഭക്ഷണത്തോട് കൂടുതൽ താത്പര്യം പ്രകടിപ്പിക്കുന്നവർ മായം കലർന്ന ഭക്ഷണങ്ങളാണ് ഓരോ നേരവും കഴിച്ചുകൊണ്ടിരിക്കുന്നത്. ആഹാരത്തിന്റെ ഔഷധഗുണങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനു പകരം രുചിക്കൂട്ടുകൾക്ക് പ്രാധാന്യം നൽകുന്ന വികലമായ ഭക്ഷണ സംസ്കാരമാണ് യഥാർത്ഥത്തിൽ നമ്മെ നശിപ്പിക്കുന്നത്. ഉപഭോക്താവിന്റെ അറിവില്ലായ്മയും ശ്രദ്ധക്കുറവും മുതലെടുത്താണ് കുത്തക കമ്പനിക

ളുടെ മായം ചേർക്കൽ അനുസ്യൂതം തുടരുന്നത്.

വീടുകൾക്ക് അടുക്കള പോലും വേണ്ടാത്ത വിധത്തിൽ ഹോട്ടലുകളെ മാത്രം ആശ്രയിക്കുന്ന കുടുംബങ്ങളും വർധിച്ചുവരുന്നുണ്ട്. കുട്ടികളോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനു എണ്ണയിൽ വറുത്ത ബേക്കറി പലഹാരങ്ങൾ വാങ്ങി നൽകുന്ന വിരുന്നുകാരും മാതാപിതാക്കളും കുറവല്ല. അതാവട്ടെ, കുട്ടികളിൽ പൊണ്ണത്തടിയടക്കമുള്ള ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു.

## പായ്ക്ക് ചെയ്ത സാധനങ്ങൾ വാങ്ങുമ്പോൾ

ഒട്ടുമിക്ക സാധനങ്ങളും ഇന്നു മനോഹരമായ പായ്ക്കറ്റുകളിലാണ് ലഭിക്കുന്നത്. ആകർഷകമായ പായ്ക്കറ്റിൽ ലഭിക്കുന്ന വസ്തുവിന്റെ ഗുണമേന്മയെപ്പറ്റി അറിയാൻ സാധാരണ ഗതിയിൽ ഗുണഭോക്താവിന് മാർഗമില്ല. തെറ്റായ രീതിയിലുള്ള പായ്ക്കിങ്, ഉള്ളടക്കത്തെപ്പറ്റി പായ്ക്കറ്റിനു പുറത്തെഴുതുന്ന നാമമാത്രമായ വിവരങ്ങൾ എന്നിവ ഉപഭോക്താവിനെ പലപ്പോഴും കബളിപ്പിക്കാറുണ്ട്. പായ്ക്കറ്റിലുള്ള സാധനങ്ങൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾ ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. 1977-ലെ സ്റ്റാൻഡേർഡ് വെയ്റ്റ്സ് ആൻഡ് മെഷേഴ്സ് (പാക്കേജ് കമ്മോഡിറ്റീസ്) ചട്ടങ്ങൾ പായ്ക്കു ചെയ്തു സാധനങ്ങൾ വിൽക്കുമ്പോൾ ഉത്പാദകർ അനുവർത്തിക്കേണ്ട കാര്യങ്ങൾ നിബന്ധന ചെയ്യുന്നു.

## ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ

പായ്ക്കറ്റിലുള്ള വസ്തുവിന്റെ പേര്, ഉൽപാദകന്റെ വിലാസം, ഉള്ളടക്കത്തിന്റെ അളവ്, തൂക്കം, അഥവാ എണ്ണം, നിർമിച്ചതോ പായ്ക്ക് ചെയ്തതോ ആയ മാസവും വർഷവും പരമാവധി വിൽപ്പനവില എന്നിവ പായ്ക്കറ്റിനു പുറത്ത് വ്യക്തമാക്കിയിരിക്കണം. കൂടാതെ യഥാർഥ പ്രദേശിക നികുതി എത്രയെന്നു കൃത്യമായ ഓരോ പായ്ക്കറ്റുകളിലും അച്ചടി, റബർ സ്റ്റാമ്പ് എന്നിവ മൂലമോ മഷികൊണ്ടോ രേഖപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. പാക്കേജ് കമ്മോഡിറ്റീസ് റൂൾസ് നൽകുന്ന സംരക്ഷണം തങ്ങൾ വാങ്ങുന്ന വസ്തുക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക, രേഖപ്പെടുത്തിയിട്ടുള്ളതിലും അധിക വില നൽകാതിരിക്കുക, കബളിപ്പിക്കപ്പെടുന്നത് നിസാര തുകയ്ക്കാണെങ്കിലും പരാതി നൽകുക, അളവും തൂക്കവും രേഖപ്പെടുത്തിയിട്ടുള്ളതിലും കുറവാണോ എന്നു പരിശോധിക്കുക. അളവു തൂക്ക ഉപകരണങ്ങളിൽ പരിശോധകന്റെ മുദ്ര പതിപ്പിച്ചിട്ടുണ്ടോ എന്നു ശ്രദ്ധിക്കുക. ഇതെല്ലാം ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകരമാണ്

## ഗുണനിലവാര മുദ്രകൾ തിരഞ്ഞെടുക്കുക

ഐ.എസ്.ഐ, എഫ്.പി.ഒ, അഗ്മാർക്ക് എന്നീ മുദ്രകളുള്ള സാധനങ്ങൾ ഗുണനിലവാരം സംബന്ധിച്ച് അംഗീകാരം നേടിയിട്ടുള്ളവയാണ്. അത്തരം പായ്ക്കറ്റ് സാധനങ്ങൾ ചോദിച്ചു വാങ്ങുക.

## നമുക്ക് എന്തൊക്കെ ചെയ്യാനുണ്ട്?

വിപണിയിലുള്ള അസംഖ്യം മായങ്ങളുടെ പാചകപ്പുരകളാണ് നമ്മുടെ അടുക്കളകൾ. 'കുറഞ്ഞ ഗുണനിലവാരത്തിൽ കൂടുതൽ ലാഭം' എന്ന ചൂഷക മുദ്രാവാക്യം കർഷകരും വ്യാപാരികളും ഒരു പോലെ ഏറ്റെടുത്തതിനാൽ അൽപമെങ്കിലും വിഷം അകത്താവാതെ ഒരു പിടി ഭക്ഷണം പോലും കഴിക്കാൻ കഴിയാത്ത അവസ്ഥയിലാണ് നമ്മുടെ ജീവിതം. ഭക്ഷണത്തിന്റെ കാര്യത്തിൽ അതീവ ശ്രദ്ധയും കനത്ത ജാഗ്രതയും പുലർത്തിയില്ലെങ്കിൽ ജീവിതശൈലീരോഗങ്ങൾക്കും മറ്റു മാരകമായ അസുഖങ്ങൾക്കും അടിമപ്പെടേണ്ടി വരുമെന്നതു തീർച്ചയാണ്. നമ്മുടെ മുഖ്യാഹാരമായ അരിയിൽ പോലും മാരകമായ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ നിരന്തരം പുറത്തുവരുന്ന സാഹചര്യത്തിൽ വി



## ശ്രദ്ധിക്കണം..

ആവശ്യക്കാരുടെ എണ്ണം വർധിക്കുമ്പോഴും ആളുകളെ ഭക്ഷ്യവസ്തുക്കളിലേക്ക് ആകർഷിക്കുവാനും അമിതമായ ലാഭം ചുരുങ്ങിയകാലം കൊണ്ട് ലഭിക്കുന്നതിനാലും ഉപഭോക്താവിന്റെ ശ്രദ്ധക്കുറവും അറിവില്ലായ്മയും മുതലെടുക്കുവാനും മായം ചേർക്കൽ അനസ്യൂതം നടന്നുവരുന്നുണ്ട്. നിലവിലെ നിയമങ്ങൾ നടപ്പാക്കുന്നതിൽ ഭരണസംവിധാനങ്ങൾ നടത്തുന്ന അലസതയും ഭക്ഷ്യസുരക്ഷാ സംവിധാനങ്ങളുടെ അഭാവവും ഭക്ഷ്യനിയമങ്ങളുടെ ലളിതവൽക്കരണവും മറ്റും മായം ചേർക്കലിനെ ത്വരിതപ്പെടുത്തിയ വസ്തുതകളാണ്. ഉപഭോക്താക്കളായ നമ്മൾ തന്നെയാണല്ലോ ഏതൊരു ലാഭക്കൊതിയന്റെയും ഇര. വഞ്ചിക്കപ്പെടുന്നതും നമ്മൾ തന്നെ. അതുകൊണ്ട് നമ്മൾ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങളുണ്ട്.

- വിലക്കുറവ് മാത്രം നോക്കി തരംതാണ ഭക്ഷണപദാർഥങ്ങൾ വാങ്ങാതെ ഗുണമേന്മക്ക് പ്രാധാന്യം നൽകുക.
- ഭക്ഷണസാധനങ്ങൾ പായ്ക്കു ചെയ്തിരിക്കുന്ന ടിന്നിലും കവറിലും മറ്റും ഗുണനിലവാരമുദ്രകൾ (ആഗ്മാർക്ക്, എഫ്.പി.ഒ, ഐ.എസ്.ഐ) ഉണ്ടോയെന്ന് പരിശോധിക്കുക.
- പച്ചക്കറികളിൽ അഴുകിയതും ചീഞ്ഞതുമായവ ഒഴിവാക്കുക. പഴങ്ങൾ വാങ്ങുമ്പോഴും ഇതു ശ്രദ്ധിക്കണം.
- മാമ്പഴം, വാഴപ്പഴം തുടങ്ങിയവ

ശേഷിച്ചും.

## ഭക്ഷ്യേതരവസ്തുക്കളിലെ മായം

അമിതലാഭം ലക്ഷ്യമാക്കി വില കൂടിയതും നിത്യോപയോഗവുമായി സാധനങ്ങളിൽ വിലകുറഞ്ഞതും പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്തതുമായ വസ്തുക്കൾ ചേർത്ത് വിൽക്കുന്ന ഈ സമ്പ്രദായം ഭക്ഷ്യവസ്തുക്കളിൽ മാത്രമല്ല നടക്കുന്നത്. സിമന്റ്, പെട്രോൾ, മറ്റു ഇന്ധനങ്ങൾ എന്നിവ ഉദാഹരണം. പെട്രോളിൽ മണ്ണെണ്ണ ചേർക്കുന്നത് ഇന്ന് സർവ്വസാധാരണമായിട്ടുപോലും ആളുകൾ പ്രതികരിക്കാറില്ല. അതുപോലെ സിമെന്റിൽ ചാരവും ചോക്കുപൊടിയും കുമ്മായവും ചേർക്കുന്നത് കെട്ടിടങ്ങളുടെ ഗുണനിലവാരത്തെയും ആയുസ്സിനെയും സാരമായാണ് ബാധിക്കുന്നത്.

## ജൈവവളത്തിലും മായം

വിഷം കലർന്ന പച്ചക്കറികളെ തുരത്താൻ ജൈവകൃഷിയിലേക്കു തിരിഞ്ഞാൽ ജൈവവളത്തിൽ തന്നെ മായം! ജൈവകൃഷിക്കു വൻപ്രചാരം ലഭിച്ചതോടെ വ്യാജൻമാർ ഈ മേഖലയിലേക്കു തിരിഞ്ഞത്. ജൈവവളത്തിലും കീടനാശിനികളിലും മായം കലർത്തിയാണു പുതിയ തട്ടിപ്പ്. പേരാവൂർ എന്ന സ്ഥലത്ത് സ്വകാര്യ കമ്പനി വിതരണം ചെയ്ത ജൈവവളത്തിൽ മായം കണ്ടെത്തിയതാണ് ഒടുവിലത്തെ സംഭവം. 21 ക്വിന്റൽ ജൈവവളത്തിന് ഓർഡർ നൽകിയ കർഷകനു ലഭിച്ച വളത്തിൽ നിറയെ കല്ലും മണ്ണും!

## വ്യാജനു വളംവയ്ക്കുന്ന പരിശോധന സംവിധാനം

കല്ലും മണ്ണും ചകിരിച്ചോറുമെല്ലാം നിറം മാറ്റി ജൈവവളമെന്ന പേരിൽ വിപണിയിലുണ്ട്. രാസവസ്തുക്കൾ കലരാനുള്ള സാധ്യതയും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നു. ഇതു പരിശോധിക്കാനുള്ള സംവിധാനം കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇല്ലാത്തതും പ്രശ്നമാണ്. കൃഷിവകുപ്പിന്റെ ഗുണനിലവാര നിയന്ത്രണ ലബോറട്ടറി പ്രവർത്തിക്കുന്നത് തിരുവനന്തപുരത്താണ്. വളത്തിൽ മായം കണ്ടെത്തിയാൽ ഇവിടെ അയച്ചാണു പരിശോധന നടത്തേണ്ടത്.

പട്ടാമ്പിയിലും ലാബ് ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർണമായും പ്രവർത്തനക്ഷമമായിട്ടില്ല. പരിശോധിച്ചു മായം കണ്ടെത്തിയാലും പുറത്തുനിന്നുള്ള വളനിർമാണ ഏജൻസികൾക്കെതിരെ എന്തു നടപടിയെടുക്കണമെന്ന കാര്യത്തിൽ അവ്യക്തത തുടരുന്നു. കണ്ണൂർ, കാസർകോട് ജില്ലകളിൽ ജൈവവളം വിതരണം ചെയ്യുന്ന സ്വകാര്യ ഏജൻസികൾ മിക്കതും പ്രവർത്തിക്കുന്നതു തൃശൂരിനു തെക്കാണ്. ഓരോ കൃഷിക്കായി പ്രത്യേകം വളങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നാണ് കമ്പനികൾ അവകാശപ്പെടുന്നത്.

പക്ഷേ ഇവയിൽ ചേർക്കുന്ന ഘടകങ്ങളും അവയുടെ അളവും കർഷകർക്കു കണ്ടെത്താനാകില്ല. കമ്പനികളുടെ പ്രതിനിധികൾ നേരിട്ടു കൃഷിക്കാരെ സമീപിച്ച് ഓർഡർ എടുക്കുകയും വളം എത്തിച്ചു കൊടുക്കുകയും ചെയ്യുകയാണു പതിവ്. കമ്പനികളിലേറെയും പുറംജില്ലകളിൽ ഉള്ളവയായതിനാൽ കർഷകർക്കു നേരിട്ടു പോയി കാര്യങ്ങൾ മനസ്സിലാക്കാൻ പറ്റാത്ത സ്ഥിതിയാണ്. ഓരോ തവണയും ലക്ഷക്കണക്കിനു രൂപയുടെ ഓർഡർ ശേഖരിച്ചാണു കമ്പനികൾ ജൈവവളം വിതരണം ചെയ്യുന്നത്. അതിനാൽ തന്നെ വഞ്ചിക്കപ്പെടുന്നവരുടെ എണ്ണവും വലുതാണ്.

## നല്ല വളം തിരിച്ചറിയാം; വ്യാജനെ അകറ്റാം

മറ്റു ജില്ലകളിലുള്ള വളം നിർമാണ കമ്പനികളുടെ ജൈവവളത്തിൽ മായം കണ്ടെത്തിയതോടെ പ്രതിസന്ധിയിലായത് കണ്ണൂർ, കാസർകോട് ജില്ലകളിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ചെറുകിട ജൈവവള നിർമാതാക്കളാണ്. സഹകരണ, സ്വാശ്രയ സംഘങ്ങളുടെ നേതൃത്വത്തിൽ മണ്ണിര കംപോസ്റ്റ് നിർമാണ യൂണിറ്റുകളും മറ്റും പ്രവർത്തിക്കുന്നുണ്ട്. കർഷകർ തന്നെ നേരിട്ടു നിർമാണ കേന്ദ്രത്തിൽ പോയി പരിശോധിച്ചു ജൈവവളം വാങ്ങുന്നതാണ് ഏറ്റവും നല്ലത്.

പഴുത്തതിനുപകരം പച്ചവാങ്ങി വീട്ടിൽ കൊണ്ട് വന്ന് സ്വാഭാവിക രീതിയിൽ പഴുപ്പിച്ച് ഉപയോഗിക്കുക.

- പുഴുവും പുഴുക്കുത്തും ഈച്ചയിരിക്കുന്നതുമായ പഴവും പച്ചക്കറികളും നോക്കി വാങ്ങുക. അവയിൽ രാസപദാർത്ഥങ്ങൾ തളിച്ചിട്ടില്ല എന്നുറപ്പാണല്ലോ. അവ നല്ലവണ്ണം കഴുകി ഉപയോഗിക്കാം.
- മായം ചേർത്തിട്ടുണ്ട് എന്നുകണ്ടെത്തിയാൽ ഉടനെ ഉപേക്ഷയൊന്നും വിചാരിക്കാതെ ബന്ധപ്പെട്ട അധികൃതരെ വിവരം അറിയിക്കുക.
- അവകാശമാണ്, ഔദാര്യമല്ല ഇവയെന്ന് നമ്മൾ അറിഞ്ഞിരിക്കുക.
- ആഹാരസാധനങ്ങൾ പാഴാക്കാതെ ഉപയോഗിക്കുക.
- ഇതിന് നാം തന്നെ ചില വഴികൾ സ്വീകരിച്ചാൽ മതി. വീട്ടിലുള്ള സാധനങ്ങൾ ഉപയോഗിച്ചുതീർന്നതിനു ശേഷം പുതിയതുവാങ്ങിയാൽ മതി.
- പാകം ചെയ്തതോ മറ്റോ ബാക്കിയാകുന്നവയിൽ തണുപ്പിച്ച് ഉപയോഗിക്കാൻ പറ്റുന്നവ മാത്രം റെഫ്രിജറേറ്ററിൽ വെക്കുക.
- ഇങ്ങനെ ശീതീകരണിയിൽ വെച്ച സാധനങ്ങൾ പിറ്റേദിവസം മറന്നുപോകാതെ ചൂടാക്കി എടുത്തുപയോഗിക്കുക (കൂടുതൽ നേരം തണുത്തവ പതിവായി ഉപയോഗിക്കുന്നത് രോഗങ്ങൾ വിളിച്ചുവരുത്തുന്നതിനുസമമാണ് എന്നറിയുക).
- പഴങ്ങളും പച്ചക്കറികളും ഒന്നിച്ചുവാങ്ങി സൂക്ഷിക്കുന്നത് ഒഴിവാക്കുക.
- അങ്ങാടിയിൽ നിന്നു വാങ്ങാനുള്ളവയുടെ പട്ടിക ആദ്യം തയ്യാറാക്കുക.
- ആഹാരസാധനങ്ങൾ നമുക്ക് ആവശ്യമുള്ളവ മാത്രം വാങ്ങുക. കൗതുകത്തിന് വാങ്ങുന്നത് പണച്ചെലവും ആഹാരത്തിന്റെ പാഴാക്കലിനും വഴിവയ്ക്കും.
- ഏതൊരുസാധനവും ലേബലിൽ കാണുന്ന എക്സ്പെയർ ഡേറ്റ് തീരാൻ കാത്തിരിക്കാതെ പെട്ടെന്നു തന്നെ ഉപയോഗിക്കുക.
- ഓരോ ഭക്ഷ്യവിഭവത്തിനും നിശ്ചിത പ്ലേറ്റുകൾ ഉപയോഗിച്ച് അതിൽ നിന്ന് ആവശ്യത്തിന് മാത്രം ഉപയോഗിക്കുക.




മണ്ണിര കംപോസ്റ്റ് പോലുള്ള ജൈവവളങ്ങൾ ചുരുങ്ങിയ ചെലവിൽ കർഷകർക്കു തന്നെ ഉണ്ടാക്കുകയും ചെയ്യാം. പശുവളർത്തൽ, കോഴിവളർത്തൽ എന്നിവയുള്ള കർഷകരിൽ നിന്നു ചാണകവും കോഴിവളവും വാങ്ങാം. പുകയിലക്കഷായം പോലുള്ള ജൈവകീടനാശിനികളും കർഷകർക്കു സ്വയം ഉണ്ടാക്കാവുന്നതേയുള്ളുവെന്നും കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു.ഇതിനു പുറമെ സർക്കാർ തലത്തിൽ പരിശോധന സംവിധാനങ്ങളും കാര്യക്ഷമമാക്കിയാലെ വിഷരഹിത ഭക്ഷണവും ജൈവകൃഷി വ്യാപനവുമെല്ലാം പൂർണവിജയത്തിലെത്തൂവെന്നു കർഷകർ പറയുന്നു.

## വ്യാജമരുന്നുകളും മായമുള്ള മരുന്നുകളും

മായം കലർന്ന ഭക്ഷണങ്ങൾ നിരന്തരം കഴിക്കുന്നതു മൂലമുണ്ടാകുന്ന രോഗങ്ങളെ ചികിത്സിച്ചു മാറ്റാമെന്ന് ധരിച്ചാലും ഇനിയുള്ള കാലം നടക്കില്ല. രോഗങ്ങളെ നിഷ്കാസനം ചെയ്യുന്ന മരുന്നുകളിൽ പോലും മായമാണെന്നതാണു കാരണം. ഇന്ത്യയിൽ വിൽപ്പന നടത്തുന്ന 40,000 കോടിയുടെ മരുന്നിൽ 12,000 കോടിയുടേതും മായം ചേർത്തതോ വ്യാജമരുന്നുകളോ ആണ്. രണ്ട് വർഷം മുമ്പ് ഇന്ത്യയിലെ പ്രമുഖ മരുന്ന് നിർമാതാക്കളായ റാൻബാക്സിന് മായം കലർന്ന മരുന്ന് ഉത്പാദിപ്പിച്ചതിനും വിറ്റതിനും അമേരിക്കയിലെ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ 50 കോടി ഡോളർ പിഴയിട്ടിരുന്നു. കമ്പനിയുടെ മുപ്പത് മരുന്നുകൾ അമേരിക്കയിൽ നിരോധിക്കുകയുമുണ്ടായി.

## സൗന്ദര്യ വർധക വസ്തുക്കളിൽ..

ഫേസ്പൗഡർ, ഫേസ് ക്രീം, ഐലൈനർ, കൺമഷി, മസ്കാര, ഐഷാഡോ, ബോഡി സ്പ്രേകൾ, ഷാംപൂ, ഹെയർഓയിൽ, ഹെയർക്രീം തുടങ്ങി വിവിധയിനങ്ങളിലും നിറങ്ങളിലുമുള്ള സൗന്ദര്യ വർധക വസ്തുക്കളെല്ലാം മായം ചേർന്നവയാണ്. സൗന്ദര്യം വർധിപ്പിക്കാനും ത്വക്ക് രോഗങ്ങളെ ശമിപ്പിക്കാനുമുള്ള മൈലാഞ്ചി പോലും ഇന്ന് മായം കലർത്തിയാണ് വിപണിയിലെത്തുന്നത്. അലർജിക്കും തൊലിയിലെ കാൻസറടക്കം ആരോഗ്യത്തിനു ഹാനികരമായ രാസവസ്തുക്കൾ, ലോഹങ്ങളായ ലെഡ്, നിക്കൽ, ക്രോമിയം, കൃത്രിമ ചായകങ്ങൾ, തുണിമില്ലുകളിലുപയോഗിക്കുന്ന ഡൈ എന്നിവയെല്ലാം ചേർന്നതാണ് വിപണിയിൽ ലഭിക്കുന്ന കൃത്രിമ മൈലാഞ്ചി. ടാർപിനോൾ, ഓക്സാലിക് ആസിഡ് തുടങ്ങിയ രാസവസ്തുക്കൾ തൊലിയിലെ പ്രോട്ടീനുമായി ചേർന്നാണ് ഉടനടി നിറം പകരുന്നത്.

## പരാതികൾ എവിടെ നൽകണം..?

നമ്മൾ പണം കൊടുത്തു വാങ്ങിയ നിത്യോപയോഗ സാധനങ്ങളിൽ മായം കലർന്നിട്ടുണ്ടെന്നു ബോധ്യപ്പെട്ടാൽ അതാതു ജില്ലാ ഫുഡ് ഇൻസ്പെക്ടർക്കു പരാതി നൽകാവുന്നതാണ്. കാലാവധി കഴിഞ്ഞ സാധനങ്ങൾ ലഭിച്ചാലും പരാതിപ്പെടാം.വാങ്ങിയ സാധനം, കട, അവയിൽ കണ്ട കുഴപ്പം, വാങ്ങിയ തീയതി, ബില്ല്, തുടങ്ങിയ വിശദാംശങ്ങളോടെ വേണം പരാതി നൽകാൻ. കഴിയുമെങ്കിൽ സാമ്പിൾ കൂടി അയയ്ക്കുക.

*വില്പനയ്ക്കുവച്ചിരിക്കുന്ന പാക്കറ്റുകളിൽ മാനുഫാക്ചറിംഗ് അഡ്രസ്, പാക്കിംഗ് ഡേറ്റ്, ബെസ്റ്റ് ബിഫോർ ഡേറ്റ് തുടങ്ങിയവ പ്രദർശിപ്പിച്ചിരിക്കണമെന്നു നിയമമുണ്ട്. ഇപ്രകാരം കാണുന്നില്ലെങ്കിലും പരാതി നൽകാം.

*മായം കലർന്ന ആഹാരസാധനങ്ങൾ കഴിയുന്നത്ര ഒഴിവാക്കി ആയുസുള്ളിടത്തോളം കാലം ആരോഗ്യത്തോടെ ജീവിക്കാൻ ഒരല്പം കരുതൽ നമുക്ക് നൽകാം.ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തുവെന്ന് സംശയിക്കപ്പെടുന്ന സാഹചര്യത്തിൽ അതതിടത്തെ ഫുഡ് ഇൻസ്പെക്റ്റർമാരെയാണ് വിവരം അറിയിക്കേണ്ടത്. ഇവർക്കു പുറമെ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം മേഖലകളിലെ വിജിലൻസ് സ്ക്വാഡുകളെയും വിവരം അറിയിക്കാം. ഇതുമായിബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും വിശദാംശങ്ങളും അടുത്ത അദ്ധ്യായത്തിൽ വായിക്കാം.

തുടരും

# ദേശീയ സമ്മതിദായക ദിനം



2021 ജനുവരി 25 പതിനൊന്നാമത് ദേശീയ സമ്മതിദായകദിനമായി നാം ആചരിച്ചു. 1950 ജനുവരി 25 നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നതെങ്കിലും 2011 മുതലാണ് ജനുവരി 25 ദേശീയ സമ്മതിദായകദിനമായി നാം ആചരിക്കാൻ ആരംഭിച്ചത്. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ യുവവോട്ടർമാരെ പ്രോത്സാഹിപ്പിക്കുന്നതിനാണ് 2011 ൽ ഈ ദിനം ആദ്യമായി ആചരിച്ചത്. വോട്ടവകാശവും ഇന്ത്യയുടെ ജനാധിപത്യവും ആഘോഷിക്കുന്ന ദിവസമാണെന്നതിൽ സംശയമില്ല. രെഞ്ഞെടുപ്പ് കമ്മീഷന്റെ പ്രധാന ലക്ഷ്യം വോട്ടർമാരുടെ പ്രവേശനം വർദ്ധിപ്പിക്കുക എന്നതാണ്, പ്രത്യേകിച്ച് യോഗ്യതയുള്ളവർ.

ഇന്ത്യ ഒരു ജനാധിപത്യരാജ്യമായതിനാൽ തന്നെ ഓരോ പൗരനും വോട്ടവകാശമുണ്ട്. രാജ്യത്തെ നയിക്കാനും സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും മാറ്റം വരുത്താനും കഴിവുണ്ടെന്ന് കരുതുന്ന ആരെയെങ്കിലും തന്റെ നേതാവായി തെരഞ്ഞെടുക്കാൻ ഓരോ പൗരനും അവകാശുണ്ട്. രാജ്യത്തിന്റെ ഭാവി നിലനിൽക്കുന്നതിനാൽ ദേശീയ വോട്ടർ ദിനം ഇന്ത്യയുടെ ഒരു പ്രധാന മാർഗദർശനമാണ്. നന്നായി ചിന്തിച്ച് ശരിയായ നേതാവിനെ തിരഞ്ഞെടുത്തില്ലെങ്കിൽ രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും തടസമുണ്ടാകുമെന്നും അത് രാജ്യത്തെ ജനങ്ങളെ ബാധിക്കുമെന്നും ഓരോ പൗരനും ചിന്തിക്കേണ്ടതാണ്. അതിനാൽ ശരിയായ രീതിയിൽ വോട്ടു രേഖപ്പെടുത്താനും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വരും തലമുറയെ പങ്കെടുപ്പിക്കുന്നതിനുള്ള ശക്തമായ ഒരു ശൃംഖല കെട്ടിപ്പടുക്കാനും ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

എല്ലാ വർഷവും ഒരു പ്രത്യേക തീം ഉപയോഗിച്ചാണ് ഈ ദിനം ആചരിക്കുന്നത്. 'ഞങ്ങളുടെ വോട്ടർമാരെ ശാക്തീകരിക്കുക, ജാഗ്രത, സുരക്ഷിതം, അറിയിപ്പ് നൽകുക' എന്നതാണ് 2021 ലെ തീം. കോവിഡ്-19 പാൻഡമിക് സമയത്ത് സുരക്ഷിതമായി തെരഞ്ഞെടുപ്പ് നടത്തുകയും സജീവവും പങ്കാളിത്തമുള്ളതുമായ വോട്ടർമാരെ വിഭാവനം ചെയ്യുകയും ചെയ്യുക എന്ന പ്രതിജ്ഞാബദ്ധതയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലൂടെ അന്വർത്ഥമാക്കുന്നത്. ഇതു കൂടാതെ പുതിയ വോട്ടർമാരുടെ എൻറോൾമെന്റ് പ്രോത്സാഹിപ്പിക്കുക, സുഗമമാക്കുക, പരമാവധിയാക്കുക എന്നതും ഈ ദിനത്തിന്റെ ലക്ഷ്യമാണ്. ഇന്ത്യയുടെ മാതൃക അനുകരിച്ചുകൊണ്ട് ശ്രീലങ്ക, പാക്കിസ്ഥാൻ, ഭൂട്ടാൻ, നേപ്പാൾ തുടങ്ങിയ രാജ്യങ്ങൾ ദേശീയ സമ്മതിദായകദിനം ആചരിക്കാൻ തുടങ്ങിയിട്ടുണ്ട്.

എല്ലാ വർഷവും ജനുവരി 25 ന് ദേശീയസമ്മതിദായകദിനം ആചരിക്കുന്നതിലൂടെ ഈ ദിനം ഇന്ത്യയുടെ ഒരു സുപ്രധാന ദിനമാണെന്ന അവബോധം യുവാക്കളിൽ സൃഷ്ടിക്കുക വഴി രാജ്യത്തിന്റെ വികസനത്തിൽ പങ്കാളികളാക്കാൻ വേണ്ടി വോട്ടുരേഖപ്പെടുത്തുക എന്ന ഉത്തരവാദിത്വം നിർവഹിക്കാൻ പ്രാപ്തരാക്കാനുള്ള ചോദന അവരിൽ ജനിക്കുന്നു.




# ഗ്രാമങ്ങളിലെ പോൾ ടൂറിസം കാഴ്ചകൾ

കെ. ഐ. എബിൻ

ടൂറിസവും തെരഞ്ഞെടുപ്പും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ട്. വീണ്ടും ഒരു തദ്ദേശ തെരഞ്ഞെടുപ്പ് കൂടി കേരളത്തിൽ കഴിഞ്ഞിരിക്കുന്നു. ആവേശകരമായ തെരഞ്ഞെടുപ്പ് പ്രചാരണ കാഴ്ചകൾ കാണാൻ വേണ്ടിയുള്ള യാത്രകളാണ് പോൾ ടൂറിസം. കേരളത്തിൽ ഇന്നും പോൾ ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജന പെടുത്തിയിട്ടില്ല.

പേര് സൂചിപ്പിക്കുന്നത് പോലെ കൗതുകങ്ങൾ നിറഞ്ഞ കാഴ്ചകൾ ആണ് നാടെങ്ങും പോൾ ടൂറിസം സമയത്തു കാണാൻ സാധിക്കുന്നത്. വീറും വാശിയും നിറഞ്ഞ മനോഹരമായ തെരഞ്ഞെടുപ്പ് പ്രചാരണ കാഴ്ചകൾ കൂടുതലും കാണാൻ പറ്റുന്നത് ഗ്രാമീണ മേഖലകളിൽ ആണ്. തീർത്തും ചെലവു കുറഞ്ഞ രീതിയിൽ സഞ്ചാരികൾക്ക് ആസ്വദിക്കാവുന്ന ഒന്നുകൂടി ആണ് പോൾ ടൂറിസം.

## വൈവിധ്യമാർന്ന ഗ്രാമങ്ങൾ

ദൃശ്യ ഭംഗി കൊണ്ട് സമ്പന്നമാണ് കേരളത്തിലെ ഓരോ ഗ്രാമങ്ങളും. തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുന്നതോടെ ഗ്രാമങ്ങളിൽ തെരഞ്ഞെടുപ്പ് ആവേശത്തിന് തുടക്കം കുറിക്കുന്നു. മുന്നണികൾ സ്ഥാനാർഥികളെ നിർത്തുന്നതോടു കൂടി പ്രചാരണ കാഴ്ചകൾക്ക് തുടക്കം ആകുന്നു. ഗ്രാമങ്ങളിലെ ചെറിയ കവലകളും വഴിയോരങ്ങളും വൈവിധ്യമാർന്ന പ്രചാരണ കാഴ്ചകൾക്ക് വഴി മാറുന്ന കാഴ്ചകൾ ആണ് പിന്നീട് കാണുന്നത്.

## വ്യത്യസ്ത തരം പ്രചാരണ രീതികൾ

വൈവിധ്യമാർന്ന പ്രചാരണ രീതികൾ ആണ് വലുതും ചെറുതുമായ മുന്നണികൾ വോട്ടർമാരെ ആകർഷിക്കാൻ വേണ്ടി നടത്തുന്നത്. പാരമ്പര്യ പ്രചാരണ രീതികൾ ആയ ചുമരെഴുത്ത്, പോസ്റ്ററുകൾ, കട്ട് ഔട്ടുകൾ, തോരണങ്ങൾ, പാർട്ടി കൊടികൾ എന്നിവയെല്ലാം വർഷങ്ങൾ ആയിട്ട് തെരഞ്ഞെടുപ്പ് പ്രചാരണ





ത്തിന് വേണ്ടി ഉപയോഗിച്ച് വരുന്നു. വാഹനങ്ങളിൽ കൂടി ഉള്ള മൈക്ക് അനൗൺസ്മെന്റുകൾ വോട്ടർമാരെ ഏറെ ആകർഷിക്കുന്നുണ്ട്. സ്ഥാനാർത്ഥികളുടെ ഫോട്ടോയും പേരും പാർട്ടി ചിഹ്നങ്ങളും നിറഞ്ഞ മനോഹരമായ വർണങ്ങളിലുള്ള പോസ്റ്ററുകളും കട്ട് ഔട്ടുകളും ആണ് പോൾ ടൂറിസത്തിലെ പ്രധാന കാഴ്ചകൾ. പലവലുപ്പത്തിലുള്ള വർണാഭമായ ചുമരെഴുത്തുകൾ എല്ലാരുടെയും ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ ആണ് വരച്ചിരിക്കുന്നത്.

## സീസണൽ ടൂറിസം

പോൾ ടൂറിസത്തിന്റെ സാന്നിധ്യം ഏതാനും ആഴ്ചകൾ മാത്രമേ കാണാൻ കഴിയു. സീസണൽ ടൂറിസം ആയത് കൊണ്ട് ഈ കാലയളവിൽ തന്നെ ഗ്രാമ പ്രദേശങ്ങളിലെ തെരഞ്ഞെടുപ്പ് പ്രചാരണ കാഴ്ചകൾ കാണാൻ സഞ്ചാരികൾ എത്തണം. ചെറിയ ചായക്കടകൾ, വഴികൾ, കവലകൾ എന്നിവിടങ്ങളിലെല്ലാം ചർച്ചകൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ് നടക്കുന്നത്. ഉപയോഗിക്കാത്ത കെട്ടിടങ്ങളുടെ ചുമരുകൾ, വാഹനങ്ങൾ എന്നിവയിലെല്ലാം പോസ്റ്ററുകൾ പതിച്ചിരിക്കുന്നു. കണ്ടാലും കണ്ടാലും മതിവരാത്ത കാഴ്ചകൾ ആണ് പോൾ ടൂറിസം സീസണിൽ കാണാൻ കഴിയുന്നത്.

## വിസ്മയിപ്പിക്കുന്ന ചിഹ്നങ്ങൾ

ആരെയും വിസ്മയിപ്പിക്കുന്ന ഒരുപാട് ചിഹ്നങ്ങൾ ആണ് പോൾ ടൂറിസത്തിന്റെ മറ്റൊരു സവിശേഷത. പ്രധാന മുന്നണി ചിഹ്നങ്ങൾ ആയ കൈപ്പത്തി, അരിവാൾ ചുറ്റിക നക്ഷത്രം, താമര, അരിവാൾ നെൽക്കതിർ, ഇരട്ട ഇല എന്നിവ കൂടാതെ ഒരുപാട് സ്വതന്ത്ര ചിഹ്നങ്ങളും ഉണ്ട്.

കുട, ബക്കറ്റ്, കാർ, മൊബൈൽ ഫോൺ, ആപ്പിൾ, ക്രിക്കറ്റ് ബാറ്റ്, ഫുട്ബോൾ, മെഴുകുതിരി, തെങ്ങ്, വൃക്ഷം, കപ്പ് സോസർ എന്നീ സ്വതന്ത്ര ചിഹ്നങ്ങൾ ആരെയും ആകർഷിക്കുന്നു. പലരും ചിഹ്നങ്ങളുടെ ഫോട്ടോകളും വീഡിയോകളും എടുക്കുന്നതിനോടൊപ്പം അതിന്റെ മുൻപിൽ നിന്ന് സെൽഫിയും പകർത്തി ആണ് മടങ്ങുന്നത്.

## പോൾ ടൂറിസ്റ്റുകൾ

തെരഞ്ഞെടുപ്പ് പ്രചാരണ കാഴ്ചകൾ കാണാൻ വേണ്ടി ദൂരെ സ്ഥലങ്ങളിൽ പോയി താമസിച്ചു മടങ്ങി വരുന്നവരാണ് പോൾ ടൂറിസ്റ്റുകൾ. ഒറ്റക്കും ചെറിയ സംഘങ്ങളുമായിട്ടാണ് ഇവരുടെ യാത്രകൾ. സ്വന്തം വാഹനത്തിൽ സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്ന ഇവർ സൈക്കിൾ, ബൈക്ക്, കാർ എന്നിവയിലാണ് യാത്രകൾ നടത്തുന്നത്. ഒരുപാട് അനുഭവങ്ങൾ സമ്മാനിക്കുന്ന നിരീക്ഷണ ടൂറിസം കൂടിയാണ് പോൾ ടൂറിസം.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പാർട്ടി മാസ്കുകളും സാനിടൈസറുകളും ഉപയോഗിച്ചാണ് പോൾ ടൂറിസ്റ്റുകളുടെ യാത്രകൾ. ഇവ ഈ തെരഞ്ഞെടുപ്പ് കാലത്തെ നൂതനമായ പ്രചാരണങ്ങൾ കൂടി ആണ്.

## പോൾ ടൂറിസം ഗ്രാമങ്ങൾ

ഗ്രാമങ്ങളിലാണ് തനതായിട്ടുള്ള തെരഞ്ഞെടുപ്പ് പ്രചാരണ കാഴ്ചകൾ ഇന്നും നടക്കുന്നത്. പ്രായബോധം ഇല്ലാതെ ഗ്രാമീണരുടെ വൻ പങ്കാളിത്തം ആണ് ഇതിന്റെ വിജയ രഹസ്യം. വിവിധ പാർട്ടികൾ വർണാഭമായ റാലികൾ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി നടത്തുന്നു. കലാശകൊട്ടോടുകൂടി തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് സമാപനം കുറിക്കുന്നു.

ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, ഇടുക്കി, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗ്രാമങ്ങൾ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് പേര് കേട്ടതാണ്.

തോണിയിലൂടെയും ബോട്ടുകളിലൂടെയും ഉള്ള രസകരമായ പ്രചാരണങ്ങൾക്ക് പേര് കേട്ടതാണ് കുട്ടനാട്, കടമക്കുടി, കടലുണ്ടി, പൊന്നാനി, വെട്ടം, കുമരകം, വൈക്കം, മൺറോ തുരുത്ത്, കുട്ടമ്പുഴ, പുതു പൊന്നാനി, ചാവക്കാട്, വെളിയങ്കോട്, ചേറ്റുവ പോലുള്ള ഗ്രാമ പ്രദേശങ്ങൾ. തോണിയിൽ സ്ഥാനാർത്ഥികളുടെ വമ്പൻ കട്ട് ഔട്ടുകളും പോസ്റ്ററുകളും കൊണ്ടുപോകുന്ന കാഴ്ച സഞ്ചാരികൾക്ക് ദൃശ്യ വിരുന്നൊരുക്കുന്നു.

നെൽവയലുകളിലെ വരമ്പുകളിൽ പാർട്ടി കൊടികൾ നിരനിരയായി നിൽക്കുന്ന കാഴ്ച ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റുന്നുണ്ട്. എങ്ങും കൊടികളും തോരണങ്ങളും നിറഞ്ഞ കാഴ്ചകൾ ഉത്സവാന്തരീക്ഷപ്രതീതി സൃഷ്ടിക്കുന്നു. കാളവണ്ടി, സൈക്കിൾ, കുതിര എന്നിവയിലുടെ ഉള്ള പ്രചരണം പരിസ്ഥിതി സൗഹൃദത്തിനു പേര് കേട്ടതാണ്.

## വേണം പോൾ ടൂറിസം പാക്കേജുകൾ

നിലവിൽ പോൾ ടൂറിസം പാക്കേജുകൾ ഇല്ല. ഗ്രാമങ്ങളെ ബന്ധിപ്പിച്ചുള്ള വൈവിധ്യമാർന്ന പോൾ ടൂറിസം പാക്കേജുകൾ ആണ് ആവശ്യം. ഇതിനായി ടൂർ ഓപ്പറേറ്റർമാർ പോൾ ടൂറിസം ഗ്രാമങ്ങളെ ബന്ധിപ്പിച്ചു പാക്കേജുകൾ കൊണ്ടുവരണം. സ്വദേശ വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന ഒരു ദിവസം മുതൽ ആഴ്ചകൾ നീളുന്ന പോൾ ടൂറിസം പാക്കേജുകൾ ആണ് വേണ്ടത്.

## വേണം വിനോദ സഞ്ചാര വകുപ്പിന്റെ ഇടപെടൽ

വിനോദ സഞ്ചാര വകുപ്പും ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സേവനദാതാക്കളും ഒരുപാട് ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒന്നാണ് പോൾ ടൂറിസം എന്ന നൂതനമായ ആശയം. ഭാവിയിൽ വരുന്ന തെരഞ്ഞെടുപ്പ് പ്രചാരണ കാഴ്ചകൾ മികച്ച രീതിയിൽ മുൻകൂട്ടി വിപണനം ചെയ്യണം. പ്രിന്റ് ദൃശ്യ മാധ്യമങ്ങൾ ഇതിനായി വിനോദ സഞ്ചാര വകുപ്പ് പരമാവധി പ്രയോജനപ്പെടുത്തണം.

കോവിഡ് വ്യാപനം മൂലം മാന്ദ്യം നേരിടുന്ന വിനോദ സഞ്ചാര മേഖലക്ക് തിരിച്ചു വരവിനുള്ള അവസരം കൂടി ആണ് പോൾ ടൂറിസം ഒരുക്കുന്നത്. സീസണൽ ടൂറിസത്തിലും ഫെസ്റ്റിവൽ ടൂറിസത്തിലും ഉൾപ്പെടുന്ന പോൾ ടൂറിസം ഫലപ്രദമായി ഉപയോഗിച്ചാൽ കേരളത്തിന് വിനോദ സഞ്ചാര രംഗത്ത് വൻ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കും എന്നതിൽ ഒരു സംശയവുമില്ല.●



## ശസ്ത്രക്രിയ ഇന്ത്യൻ റോബോട്ടിക് സംവിധാനത്തിലൂടെ

ലോകത്തിലെ ആദ്യത്തെ റോബട്ടിക് ശസ്ത്രക്രിയ നടന്നിട്ട് മൂന്ന് പതിറ്റാണ്ട് പിന്നിടുമ്പോൾ ഇതോടകം എഴുപതിൽപരം ശസ്ത്രക്രിയകൾ നടക്കുകയും സാങ്കേതികവിദ്യയിൽ ഒട്ടേറെ മാറ്റങ്ങൾ വരികയും ചെയ്തുവെങ്കിലും റോബട്ടിക്സംവിധാനം ഉപയോഗിച്ചുള്ള ശസ്ത്രക്രിയകൾ ഇന്ത്യയിൽ വ്യാപകമായില്ല. മുപ്പത്തിരണ്ടായിരത്തിൽപരം ആശുപത്രികളുള്ള രാജ്യമായിട്ടും ഇന്ത്യയിലെ കേവലം എഴുപത്തിമൂന്ന് ആശുപത്രികളിൽ മാത്രമാണ് റോബട്ടിക് സംവിധാനമുള്ളത്. ഇതിനുവേണ്ട ഭീമമായ ചിലവ് തന്നെയാണ് ഇതിനു പ്രധാനകാരണം. തദ്ദേശീയമായി റോബട്ടിക്സംവിധാനം രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടാകാത്തതിനാൽ വലിയ തോതിലുള്ള നിക്ഷേപം ഈ രംഗത്തുണ്ടായില്ല എന്നതും മറ്റൊരു കാരണമാണ്. അതിനുള്ള പരിഹാരമാണ് എസ്.എസ് ഇന്നവേഷൻസ് തദ്ദേശീയമായി രൂപകൽപന ചെയ്ത 'മന്ത്ര' എന്ന റോബട്ടിക് സർജറി സംവിധാനം.

സർജിക്കൽ ഡോക്ടറുടെ കൈകൾക്കും ശസ്ത്രക്രിയോപകരണങ്ങൾക്കും ഇടയിൽ ഇടനിലക്കാരനായി റോബോട്ടിനെ നിർത്തി നടത്തുന്ന ശസ്ത്രക്രിയ എന്നതാണ് റോബോട്ടിക് സർജറി എന്നതിന്റെ ചുരുക്കം. കംപ്യൂട്ടർ സ്ക്രീനിലൂടെ നിരീക്ഷിച്ച് ഹാൻഡ് കൺട്രോൾ ഉപയോഗിച്ച് സർജൻ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യതയോടെ റോബോട്ട് നിർവഹിക്കും. അതിനാൽ സാധാരണ കൈകളുടെ ചലനങ്ങളിൽ വരാവുന്ന പ്രശ്നങ്ങളും മനുഷ്യനേത്രത്തിന്റെ പരിമിതിയും ഇതിൽ മറികടക്കാനാകും. സർജിക്കൽ ഇന്റർഫേസ് ഡിവൈസ്, കംപ്യൂട്ടർ കൺട്രോളർ തുടങ്ങിയവ ഉപയോഗിച്ച് ഓപ്പറേഷൻ ടേബിളിലെ റോബോട്ടിക് കൈകൾക്ക് നിർദ്ദേശം നൽകുകയും ശസ്ത്രക്രിയ നടത്തുകയെന്നതുമാണ് അടിസ്ഥാന തത്വം.

വ്യത്യസ്തമാർന്ന ആന്തരിക ശസ്ത്രക്രിയയ്ക്കു യോജിച്ച വിധമാണ് 'മന്ത്ര' റോബോട്ടിക് സംവിധാനം രൂപകൽപന ചെയ്തിരിക്കുന്നത്. ഹൃദയ ശസ്ത്രക്രിയ ഉൾപ്പെടെ പതിനെട്ടോളം ശസ്ത്രക്രിയകൾ ഒരു ഉപകരണത്തിൽ തന്നെ ലഭ്യമാക്കുക എന്നതു മാത്രമല്ല, ത്രീ ഡയമൻഷണൽ മോണിറ്ററുകൾ ശസ്ത്രക്രിയ സംബന്ധിച്ച നിർദ്ദേശങ്ങളിൽ സർജനെ കൂടുതൽ സഹായിക്കുകയും ചെയ്യും. ചുരുക്കത്തിൽ ഇന്ത്യയിലെ ശസ്ത്രക്രിയാ രംഗത്ത് ഒരു പുതിയ കാൽവെയ്പിന് തുടുക്കമാകും ഈ നേട്ടം.

## അർബുദത്തെ നശിപ്പിക്കാൻ ശരീരത്തെ സഹായിക്കുന്ന 50 വർഷം പഴക്കമുള്ള ബാക്ടീരിയ

ശാസ്ത്രം ഇത്രയധികം പുരോഗമിച്ചിട്ടും കാൻസറിന് സമ്പൂർണമായ പരിഹാരങ്ങളൊന്നും കണ്ടെത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ഇന്നും ലോകത്ത് ആറിൽ ഒരാൾ കാൻസർ മൂലം മരിക്കുന്നു. എന്നാൽ അർബുദകോശങ്ങളെ നശിപ്പിക്കാൻ നമ്മുടെ പ്രതിരോധ സംവിധാനത്തെ സഹായിക്കാൻ 50 വർഷത്തിലേറെ പഴക്കമുള്ള ഒരു ബാക്ടീരിയയ്ക്ക് സാധിക്കുമെന്ന് കണ്ടെത്തിയിരിക്കുകയാണ് അമേരിക്കയിലെ മിസൗറി സർവകലാകാലയിലെ ഗവേഷകൻ ആയ വെസ് ചാബു.

സാധാരണഗതിയിൽ നമ്മുടെ ശരീരത്തെ ആക്രമിക്കുന്ന പുറമേ നിന്നുള്ള വസ്തുക്കളെ നമ്മുടെ പ്രതിരോധ സംവിധാനം തന്നെ കണ്ടെത്തി നശിപ്പിക്കാറുണ്ട്. എന്നാൽ പ്രതിരോധ സംവിധാനത്തെ വെട്ടിച്ച് ശരീരത്തിൽ അനിയന്ത്രിതമായി വളർന്ന് മുഴകളായി മാറാൻ അർബുദകോശങ്ങൾക്ക് സാധിക്കുന്നു. സാധാരണ കോശങ്ങൾ തങ്ങളെ നശിപ്പിക്കരുതെന്ന സന്ദേശം തൻമാത്രകൾ വഴി പ്രതിരോധ കോശങ്ങൾക്ക് നൽകാറുണ്ട്. സാധാരണ കോശങ്ങളെ അനുകരിച്ച് ഇത്തരം സന്ദേശങ്ങൾ പുറപ്പെടുവിച്ചാണ് അർബുദകോശങ്ങൾ പ്രതിരോധ സംവിധാനത്തെ കബളിപ്പിക്കുന്നത്. ഇത്തരം സന്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിൽ നിന്ന് അർബുദകോശങ്ങളെ തടയുകയാണ് ഇമ്മ്യൂണോ തെറാപ്പി മരുന്നുകൾ ചെയ്യുന്നത്. എന്നാൽ പ്രോസ്റ്റേറ്റ് അർബുദം പോലെ ചില അർബുദങ്ങളിൽ ഇമ്മ്യൂണോതെറാപ്പി ഫലം ചെയ്യില്ല. ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ കീഴ്പ്പെടുത്താൻ ഇത്തരം അർബുദകോശങ്ങൾക്കാകും. ഇതിനൊരു പരിഹാരമാണ് 50 വർഷം പഴക്കമുള്ള ബാക്ടീരിയ വകഭേദത്തിലൂടെ മിസൗറി സർവകലാശാലയിലെ ബയോളജി സയൻസ് ഡിവിഷൻ അസിസ്റ്റന്റ് മുന്നോട്ട് വയ്ക്കുന്നത്.



രോഗികളുടെ ഇമ്മ്യൂണോതെറാപ്പി സംബന്ധമായ പരമിതികളെ ജനിതക പരിവർത്തനം നടത്തിയ ബാക്ടീരിയയിലൂടെ മറികടക്കാൻ കഴിയും. അർബുദകോശങ്ങളെ കണ്ടെത്തി നശിപ്പിക്കാൻ അര നൂറ്റാണ്ടിലെറെ സാധാരണ താപനിലയിൽ സൂക്ഷിച്ചിരുന്ന സാൽമൊണല്ല ബാക്ടീരിയയുടെ വകഭേദത്തിനു കഴിയുക വഴി ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ തിരിച്ചു വിടാനാകുമെന്നും ഗവേഷകൻ ചൂണ്ടിക്കാണിക്കുന്നു.


Break the chain
കൈകൾ 20 സെക്കന്റ് നേരം
സോപ്പ് ഉപയോഗിച്ച് കഴുകൂ...
കോവിഡിനെ
അതിജീവിക്കൂ...

January-February 2021
₹ **2/-** Annual Subscription Rs. 12.00

GRAMABHOOMI
BI-MONTHLY

RN. No. 36116/1980


ഗ്രാമീണകേരളത്തിന്റെ
നേർക്കാഴ്ചയുമായി

ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003


Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by V.R. Vinod IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das